# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

ഏപ്രിൽ 2022 | വാല്യം 49 ലക്കം 1 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 10.00 രൂപ


# സിൽവർലൈൻ വിരുദ്ധ സമരം അടിച്ചമർത്താനാവില്ല

**ഭീകരമായൊരു അടിച്ചമർത്തലിനുപോലും സിൽവർലൈൻ പദ്ധതിയെന്ന ജനദ്രോഹത്തിന് സുഗമമായ പാതയൊരുക്കാനാവില്ല. ഗതികേടുകൊണ്ട് കൂലിത്തൊഴിലാളിയായി ശക്തിപ്രകടനങ്ങൾക്ക് കൊഴുപ്പു കൂട്ടുന്നവരോ അധികാരത്തിന്റെ ആനുകൂല്യങ്ങൾ പറ്റി ദുർമേദസ്സ് ബാധിച്ചവരുടെ സമരാഭാസങ്ങളിലെ ആട്ടക്കാരോ അല്ല സിൽവർലൈൻ സമരത്തിൽ അടിയുറച്ചു നിൽക്കുന്നവർ. കയ്പേറിയ ജീവിതാനുഭവങ്ങൾ തെരുവിലെത്തിച്ച, സുചിന്തിത നിലപാടുള്ള നിശ്ചയദാർഢ്യമുള്ള ഒരു ജനതയാണത്. നാളിതുവരെ സമരങ്ങളെ കൈകാര്യം ചെയ്യാൻ പയറ്റിയ അടവുകളൊന്നും മതിയാകില്ല ഈ ജനശക്തിയെ നേരിടാൻ എന്നുറപ്പാണ്.**



സിൽവർലൈൻ വിരുദ്ധ സംസ്ഥാന സമരജാഥയുടെ സമാപനം കുറിച്ചുകൊണ്ട് മാർച്ച് 24ന് സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന മഹാസംഗമം മേധ പട്കർ ഉദ്ഘാടനം ചെയ്യുന്നു

**സി**ൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഡിപിആർ ഉൾപ്പെടെ ഇതിനകം പുറത്തുവന്നിട്ടുള്ള രേഖകൾ പദ്ധതി സാങ്കേതികമായിത്തന്നെ മെച്ചപ്പെട്ടതല്ല എന്നത് വ്യക്തമാക്കുന്നു. ഇത്ര ബൃഹത്തായ ഒരു പദ്ധതിയുമായി മുന്നോട്ടുനീങ്ങുന്നതിന് മുമ്പ് അവശ്യം നടത്തേണ്ടുന്ന പഠനങ്ങൾ യാതൊന്നും നടത്തിയിട്ടില്ല, നടത്തിയവകൾക്കാകട്ടെ വ്യക്തതയുമില്ല. സിൽവർലൈൻ പദ്ധതിയെ എതിർക്കുന്നവർ ഇതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയെക്കുറിച്ച് ആശങ്കകളും ആക്ഷേപങ്ങളും ഉയർത്തുന്നത്. അതിന് സാങ്കേതിക വിദഗ്ധർ മറുപടി നൽകുന്നതിന് പകരം മന്ത്രിമാരും എംഎൽഎമാരും പാർട്ടി നേതാക്കന്മാരും പോർവിളിമുഴക്കുകയും ജനങ്ങൾ പിഴുതെറിഞ്ഞ കല്ല് തിരികെ അട്ടപ്പുകല്ലിൽത്തന്നെ നാട്ടുകയുമൊക്കെചെയ്യുന്നത് അശ്ലീലവും ആഭാസവും ജനങ്ങളോടും ജനാധിപത്യത്തോടുമുള്ള അവഹേളനവുമാണ്.

### ഡിപിആർ എന്ന അബദ്ധപഞ്ചാംഗം

പ്രിലിമിനറി ഫീസിബിലിറ്റി

(ശേഷം 8–ാം പേജിൽ)

## വിലക്കയറ്റത്തിനും ചാർജ്ജ് വർദ്ധനവുകൾക്കുമെതിരെ സമര സജ്ജരാകുക

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക ആക്രമണങ്ങൾ സാധാരണക്കാരന്റെ നട്ടെല്ലൊടിക്കുകയാണ്. ഒരു ലിറ്റർ പെട്രോളിന് 116 രൂപയായി, ഡീസലിന് 103 രൂപയും. പ്രകൃതി വാതകത്തിനും വിലകൂട്ടി. പാചകവാതകത്തിന്റെ വാണിജ്യ സിലിണ്ടറിന് 256 രൂപയും ഗാർഹികസിലിണ്ടറിന് 50 രൂപയും മണ്ണെണ്ണയ്ക്ക് 22 രൂപയും വർദ്ധിപ്പിച്ചു. തെരഞ്ഞെടുപ്പ് സമയത്തുമാത്രം വിലവർദ്ധന ഒഴിവാക്കുന്നത്, എണ്ണക്കമ്പനികളല്ല സർക്കാരാണ് വിലവർദ്ധനയ്ക്ക് പിന്നിൽ എന്ന് വ്യക്തമാക്കുന്നു. കേന്ദ്ര-സംസ്ഥാന നികുതികൾ ഗണ്യമായി കുറച്ചാൽ 50 രൂപയിൽ താഴെ പെട്രോളും ഡീസലും വിൽക്കാൻ കഴിയും. പെട്രോളിയം വിലവർദ്ധനവ് ചൂണ്ടിക്കാട്ടി ബസ്, ആട്ടോ, ടാക്സി നിരക്കുകളും കൂട്ടിയിരിക്കുന്നു.

ജീവൻരക്ഷാ ഔഷധങ്ങൾക്ക് ഉൾപ്പെടെ 800ഓളം മരുന്നുകൾക്ക് വില കുത്തനെ കൂട്ടി. തുടർച്ചയായി മരുന്ന് കഴിക്കുന്നവർക്ക് ഇത് കനത്ത പ്രഹരമാണ്. ട്രെയിൻ യാത്രക്കൂലി കൂട്ടാൻ ആലോചിക്കുന്നു. വളത്തിന്റെ വില കൂട്ടിക്കഴിഞ്ഞു. വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ചാർജ്ജുകളും വർദ്ധിപ്പിച്ചു. അവശ്യ-നിത്യോപയോഗ സാധനങ്ങളുടെയെല്ലാം വില ഭീമമായി ഉയർന്നുകൊണ്ടിരിക്കുന്നു.

പ്രളയ ദുരിത മേഖലകളിൽ പോലും ജപ്തി നടപടികളുമായി കേരള ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കുകൾ മുന്നോട്ട് പോകുകയാണ്. നോട്ട് നിരോധനവും പ്രളയവും ജിഎസ്ടിയും കോവിഡും സാമ്പത്തിക മാന്ദ്യവുമൊക്കെ കാർന്നുതിന്ന സാധാരണക്കാരന്റെ ജീവിതമാണ് ഈ ഭീകരമായ ചാർജ്ജ്-നികുതി വർദ്ധനവുകൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നത്. സാധാരണക്കാരെ വേട്ടയാടുന്ന ഭരണകർത്താക്കൾ കുത്തകകളുടെ കടങ്ങൾ നിരുപാധികം എഴുതിത്തള്ളുകയുമാണ്. രാജ്യവ്യാപകമായ സമരം വളർത്തിയെടുത്തുകൊണ്ടേ ഈ ഭീകരതയ്ക്ക് തടയിടാനാകൂ. ■

# തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ ചരിത്രദൗത്യവുമായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മുന്നോട്ട്

**ദേ**ശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ അന്ത്യദശകത്തിൽ ഇന്ത്യൻ രാഷ്ട്രീയ രംഗം അത്യന്ത്യം ചലനാത്മകവും സങ്കീർണവും സംഭവബഹുലവുമായി പുരോഗമിച്ചുകൊണ്ടിരുന്ന നാളുകളിൽ, ആ കാലഘട്ടത്തെ വസ്തുനിഷ്ഠമായി വിലയിരുത്തിക്കൊണ്ടും ഒരു പുതിയ പ്രസ്ഥാനത്തിന്റെ അനിവാര്യത മനസ്സിലാക്കിക്കൊണ്ടും ബംഗാളിൽ ഒരു സംഘം യുവവിപ്ലവകാരികൾ ഒരു ചരിത്രദൗത്യം ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുവന്നു. ബംഗാളിലെ അനുശീലൻ സമിതി എന്ന വിപ്ലവപ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നവരും പിൽക്കാലത്ത് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇൻഡ്യ (എസ്‌യുസിഐ) എന്ന പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് നേതൃത്വം നല്കിയ ശിബ്ദാസ് ഘോഷും സഹപ്രവർത്തകരുമായിരുന്നു അവർ. ദശാബ്ദങ്ങൾ നീണ്ടുനിന്ന സമരങ്ങളുടെയും വിപ്ലവമുന്നേറ്റങ്ങളുടെയും ഫലമായി ഉണ്ടാകാൻ പോകുന്ന രാഷ്ട്രീയ സ്വാതന്ത്ര്യം ചൂഷിത ജനതയുടെ പൂർണ്ണവിമോചനം സാധ്യമാക്കില്ല എന്ന് അവർ വിലയിരുത്തി. ദേശീയ രാഷ്ട്രീയത്തിൽ പുതിയ കടമകളും വെല്ലുവിളികളും അത് സൃഷ്ടിക്കുമെന്ന് അവർ മുന്നിൽ കണ്ടു.

ഇന്ത്യയിലെ ചൂഷകരായ മുതലാളിവർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന കോൺഗ്രസിലെ വലതുപക്ഷ വിഭാഗം ബ്രിട്ടീഷ്സാമ്രാജ്യത്വ അധികാരകേന്ദ്രങ്ങളുമായി ധാരണയിൽ ഏർപ്പെട്ടുകൊണ്ട് അധികാരത്തിലേറി. ചൂഷണ വിമുക്തമായ ഒരു സമൂഹം സ്വപ്നം കണ്ടുകൊണ്ട് ഒട്ടനേകം വിപ്ലവകാരികളും ചൂഷിത ജനതയും നടത്തിയ പോരാട്ടങ്ങളും രക്തസാക്ഷിത്വങ്ങളും വൃഥാവിലാക്കിക്കൊണ്ട് മറ്റൊരു ചൂഷണവാഴ്ചയുടെ അസ്തിവാരം ഒരുങ്ങുകയാണ് എന്ന് അവർ മനസ്സിലാക്കി. അനുശീലൻ സമിതി

(ശേഷം 2–ാം പേജിൽ)





5 അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം

14 യുക്രൈൻ വിഷയത്തിൽ ഇന്ത്യയുടെ നിലപാട്

# ശരിയായ മാർക്സിസ്റ്റ് വീക്ഷണവും പ്രയോഗ പദ്ധതിയും ഗ്രഹിക്കുന്നതിൽ അവിഭജിത സിപിഐ പരാജയപ്പെട്ടു

(1–ാം പേജിൽ നിന്ന്)

യിൽ പ്രവർത്തിച്ചിരുന്ന ആ വിപ്ലവകാരികളെ സംബന്ധിച്ച് സമരഭൂമിയും കാരാഗൃഹവാസവും ഉയർന്ന പ്രത്യയശാസ്ത്ര - ദാർശനിക വിഷയങ്ങളുടെ തീക്ഷ്ണമായ പഠനവേദികൂടിയായിരുന്നു. ലോകമെമ്പാടുമുള്ള ചൂഷിതരും മർദ്ദിതരുമായ ജനങ്ങളുടെ വിമോചന സ്വപ്നങ്ങൾക്ക് ചിറകുകകൾ നല്കിക്കൊണ്ട് സോവിയറ്റ് യൂണിയൻ എന്ന രാഷ്ട്രവും മാർക്സിസ്റ്റ് ദർശനവും അധൃഷ്യമായ കരുത്ത് പ്രദർശിപ്പിച്ച് മുന്നേറിയിരുന്ന ആ നാളുകളിൽ, ബ്രിട്ടീഷ് കോളനി വാഴ്ചയിൽനിന്നെന്നതുപോലെതന്നെ മുതലാളിത്ത ചൂഷണത്തിൽ നിന്നുമുള്ള വിമോചനം ഉറപ്പാക്കുവാൻ സോഷ്യലിസം മാത്രമാണ് മാർഗ്ഗമെന്ന് ഇന്ത്യയിലും തൊഴിലാളിവർഗ്ഗം തിരിച്ചറിഞ്ഞു തുടങ്ങിയിരുന്നു.

1920കൾ മുതൽ സിപിഐ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നു. ലോകവ്യാപകമായി കമ്മ്യൂണിസ്റ്റ് ദർശനത്തിനുണ്ടായിരുന്ന യശസ്സും ജനപിന്തുണയും സ്വാഭാവികമായും ജനങ്ങളെ സിപിഐയിൽ അണിനിരക്കാൻ പ്രേരിപ്പിച്ചു. ആദ്യകാല നേതാക്കളുടെയും പ്രവർത്തകരുടെയും തൊഴിലാളിവർഗ്ഗത്തോടുള്ള കറകളഞ്ഞ കൂറും ആത്മാർത്ഥതയും വളരെ വേഗം ആ പ്രസ്ഥാനത്തിന് ജനപിന്തുണ നേടിക്കൊടുത്തു. പ്രതീക്ഷയോടെ ജനങ്ങൾ ആ പ്രസ്ഥാനത്തെ നോക്കിക്കണ്ടു. കാർഷികമേഖലയിലെ ജന്മിത്ത കൊളോണിയൽ ചൂഷണത്തിനെതിരായ പ്രക്ഷോഭണങ്ങളുടെ ഭാഗമായും ഒരിടക്കാലമൊഴികെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായും അവർ നയിച്ച പോരാട്ടങ്ങൾ സിപിഐയുടെ സ്വാധീനവും പിന്തുണയും കൂടുതൽ ഉറപ്പിച്ചു. എന്നാൽ, ദേശീയ പ്രസ്ഥാനത്തിലെ വർഗ്ഗവിന്യാസങ്ങളെയും ധാരകളെയും മാർക്സിസ്റ്റ് വിശകലന പദ്ധതിപ്രകാരം വിലയിരുത്തുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടു. പ്രസ്ഥാനങ്ങളെയും വ്യക്തികളെയും പ്രതിഭാസങ്ങളെയും കൃത്യമായി തിരിച്ചറിയാനുമായില്ല. സ്വാഭാവികമായും തദനുസൃതമായ തെറ്റുകൾ രാഷ്ട്രീയ നിലപാടുകളിലും ഉണ്ടായി. ക്വിറ്റ് ഇന്ത്യ സമരകാലത്ത് സ്വീകരിച്ച നിലപാട് ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിൽനിന്നുതന്നെ അവരെ അകറ്റാൻ ഇടയാക്കി. എന്നുമാത്രമല്ല, ഈ നടപടികൾ ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് ദർശനത്തിനുതന്നെ അപകീർത്തികരമായി മാറി.

സ്വാതന്ത്ര്യാനന്തരം ഇൻഡ്യയിൽ അധികാരത്തിൽ അവരോധിതമായ ഭരണകൂടത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിലും സാമ്പത്തിക ഘടനയെ വിലയിരുത്തുന്നതിലും അവർ തീർത്തും പരാജയപ്പെട്ടു. സാമ്പത്തിക-രാഷ്ട്രീയ സാഹചര്യത്തെ നിർണ്ണയിക്കുന്നതിൽ സംഭവിച്ച ഈ ഗുരുതരമായ പരാജയം, രാജ്യത്തിന്റെ വസ്തുനിഷ്ഠ വിപ്ലവപ്രക്രിയയെയും അതിന്റെ സങ്കീർണ്ണതകളെയും പ്രതിഫലിപ്പിക്കുന്ന അടിസ്ഥാന രാഷ്ട്രീയ ലൈൻ രൂപപ്പെടുത്താനാ വാത്ത സാഹചര്യത്തലേക്ക് അവരെ നയിച്ചു.

ശരിയായ മാർക്സിസ്റ്റ് വീക്ഷണവും വിശകലന രീതിയും പ്രയോഗപദ്ധതിയും ഗ്രഹിക്കുന്നതിൽ ഇക്കൂട്ടർക്ക് സംഭവിച്ച അടിസ്ഥാനപിശക്, രാഷ്ട്രീയ-സാമ്പത്തിക മേഖലകളിൽ മാത്രമല്ല, ജീവിതത്തിന്റെ മറ്റെല്ലാ മേഖലകളിലും മാർക്സിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ പ്രയോഗവത്ക്കരിക്കുന്നതിൽ അവരെ പരാജയപ്പെടുത്തി. ബൂർഷ്വാ മാനവവാദവീക്ഷണത്തിൽ അധിഷ്ഠിതമായ ധാർമ്മികസദാചാരനൈതിക ധാരണകളിൽനിന്നും തികച്ചും വ്യത്യസ്തമായ തൊഴിലാളിവർഗ്ഗ സംസ്കാരം നേതാക്കളുടെ വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും, സചേതനമായി പ്രയോഗിക്കുന്ന തിലും കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ അധിഷ്ഠിതമായ ഉയർന്ന സാംസ്കാരിക ജീവിതം രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് അനുപൂരകമായി വളർത്തിയെടുക്കുന്നതിനും അവർക്ക് കഴിഞ്ഞില്ല. എന്നുമാത്രമല്ല, കമ്മ്യൂണിസ്റ്റ് സംസ്കാരം ആർജ്ജിക്കാനുള്ള സമരത്തിന്റെ പ്രാധാന്യം അവർ മനസ്സിലാക്കുക പോലും ഉണ്ടായില്ല. സത്യസന്ധതയും ത്യാഗസന്നദ്ധതയും വേണ്ടുവോളം ഉണ്ടായിരുന്നിട്ടും വ്യക്തിജീവിതത്തിൽനിന്നും വ്യക്തിവാദവും താൻപ്രമാണിത്തവും ഇല്ലാതാക്കാനും മാർക്സിസ്റ്റ് ദർശനത്തിന് ഇണങ്ങുംവിധം തൊഴിലാളിവർഗ്ഗ സംസ്കാരം ജീവിതത്തിൽ പാലിക്കാനും മാതൃകായോഗ്യരായ കമ്മ്യൂണിസ്റ്റുകളായി മാറാനും സിപിഐ നേതൃത്വത്തിന് കഴിയാതെ പോയി. സ്വാഭാവികമായും ബൂർഷ്വാ പെറ്റിബൂർഷ്വാ സംസ്കാരങ്ങളുടെ ഉൽപ്പന്നമായ ഗ്രൂപ്പിസവും വിഭാഗീയതയും തുടക്കംമുതൽത്തന്നെ ആ സംഘടനയുടെ ഭാഗമായി. പ്രത്യയശാസ്ത്ര കേന്ദ്രീയതയെ ആധാരമാക്കി സംഘടനാകേന്ദ്രീയത സൃഷ്ടിച്ചുകൊണ്ട് ഒറ്റ കല്ലിൽ കൊത്തിയെടുത്ത ജൈവശരീരത്തിന് സമാനമായ ലെനിനിസ്റ്റ് പാർട്ടിസംഘടന സ്ഥാപിക്കുന്നതിൽ അവർ പൂർണമായും പരാജയപ്പെട്ടു. ഇപ്രകാരം, ഇൻഡ്യൻ മണ്ണിൽ ഒരു ശരിയായ തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടി നിലവിലില്ല എന്ന ചരിത്രപ്രധാനമായ നിഗമനത്തിൽ സഖാവ് ശിബ്ദാസ് ഘോഷും സഖാക്കളും എത്തിച്ചേർന്നു.

ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽനിന്നും ഇന്ത്യൻ ദേശീയ മുതലാളിവർഗ്ഗത്തിന്റെ കൈയിലേയ്ക്ക് അധികാരം കൈമാറിക്കൊണ്ട് പുതിയ ചൂഷണവാഴ്ച്ക്ക് അരങ്ങൊരുക്കപ്പെടുന്ന ആ കാലത്ത്, മുതലാളിത്ത ചൂഷണത്തിൽനിന്നുള്ള ജനങ്ങളുടെ വിമോചന ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ കഴിയുന്ന ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രൂപീകരിക്കപ്പെടുക എന്നത് ചരിത്രപരമായ ഒരു അനിവാര്യതയായി. ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്ത് ജയിലിൽ അടയ്ക്കപ്പെട്ട സഖാവ് ശിബ്ദാസ് ഘോഷും സഖാക്കളും ജയിൽ മോചിതരായതിന് ശേഷം സ്വതന്ത്ര ഭാരതത്തിലെ തൊഴിലാളിവർഗ്ഗമുന്നേറ്റങ്ങളെ സംബന്ധിച്ച് ചരിത്രപരവും നിർണായകവുമായ ഒരു തീരുമാനം കൈക്കൊണ്ടു. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന നിലയിൽ വിപ്ലവകരമായ രാഷ്ട്രീയ ദൗത്യത്തെ നയിക്കാനാകാത്ത പെറ്റിബൂർഷ്വാ പാർട്ടി മാത്രമാണ് സിപിഐ എന്നതിനാൽ ലെനിനിസ്റ്റ് സംഘടനാ രീതി അനുവർത്തിക്കുന്ന യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കാനുള്ള പ്രക്രിയയിൽ ഏർപ്പെടുക. ഇന്ത്യയിലെ തൊഴിലാളിവർഗ്ഗത്തിന്റെ യഥാർത്ഥ വിമോചനപ്രസ്ഥാനം രൂപീകരിക്കുക. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് ഉൾപ്പടെ ഏഴ് വിപ്ലവകാരികൾ വർഷങ്ങൾ നീണ്ടുനിന്ന ആന്തരികവും ബാഹ്യവും കഠിന സമരത്തിലൂടെയാണ് 1948 ഏപ്രിൽ 24ന് ബംഗാളിലെ ജോയ് നഗറിൽ നടന്ന കൺവൻഷനിൽവച്ച് എസ്‌യുസിഐക്ക് രൂപം നൽകിയത്.

വളരെ സവിശേഷമായ ഒരു ജീവിത സമരമാണ് ശിബ്ദാസ്ഘോഷും സഖാക്കളും ഈ പ്രസ്ഥാനം കെട്ടിപ്പടുക്കാൻവേണ്ടി നടത്തിയത്. ഇടതുപക്ഷ തീവ്രവാദത്തിന്റെയും വലതുപക്ഷ അവസരവാദത്തിന്റെയും വ്യത്യസ്ത മുഖങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരുന്ന സിപിഐയുടെ നിലപാടുകളെ മുൻനിർത്തി കമ്മ്യൂണിസ്റ്റ് ദർശനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ നിലനിന്നിരുന്ന മുൻവിധികളും സ്വയം പുരോഗമന പരിവേഷം അണിഞ്ഞുകൊണ്ട് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ബൂർഷ്വാസി സൃഷ്ടിച്ച വ്യാമോഹങ്ങളും, നാടിന്റെ വസ്തുനിഷ്ഠ സാഹചര്യങ്ങളെ സംബന്ധിച്ചും ഇന്ത്യൻ വിപ്ലവത്തെ സംബന്ധിച്ചും സിപിഐ അവതരിപ്പിച്ച തെറ്റായ കാഴ്ചപ്പാടുകളും എല്ലാംചേർന്ന് ഒരുക്കിയ ആശയക്കുഴപ്പങ്ങളുടെ ചതുപ്പുനിലത്ത് പെട്ടുപോയ ജനങ്ങൾക്ക്, തികച്ചും വ്യത്യസ്തമായ ധാരണകൾ പകർന്നുനൽകി ഒരു പുതിയ പാർട്ടി പടുത്തുയർത്തുക അതീവ ദുഷ്കരമായിരുന്നു; വിശേഷിച്ച് കമ്മ്യൂണിസ്റ്റ് ദർശനത്തിന്റെ ജനപ്രീതി ഉപയോഗപ്പെടുത്തിക്കൊണ്ടും സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പിന്തുണയും അംഗീകാരവും ത്യാഗനിർഭരമായ പ്രവർത്തനങ്ങളുടെ ചരിത്രവും പ്രശസ്തരും പണ്ഡിതരുമായ നേതാക്കന്മാരുടെ ആധികാരികതയും മാധ്യമങ്ങളുടെ പിന്തുണയുമൊക്കെ പ്രയോജനപ്പെടുത്തിക്കൊണ്ടും സിപിഐ പ്രഭാവത്തോടെ നിലനിൽക്കുന്ന അക്കാലത്ത്. ബംഗാളിന്റെ ഒരു ചെറുനഗരത്തിൽ വളരെക്കുറച്ച് പേർ ചേർന്ന് രൂപീകരിച്ച എസ്‌യുസിഐ യെ ഒരു പാർട്ടിയായിപ്പോലും ആരും അന്ന് പരിഗണിച്ചിരുന്നില്ല.

മാധ്യമങ്ങളുടെ പിന്തുണയോ മതിയായ സാമ്പത്തിക ഉറവിടങ്ങളോ ഇല്ലാതെ അവഗണനയും ആക്ഷേപങ്ങളും നേരിട്ട് ശരിയെന്ന ബോധ്യപ്പെട്ട സത്യത്തിനുവേണ്ടി ഇന്ത്യയിലെ തൊഴിലാളിവർഗ്ഗത്തിന്റെ യഥാർത്ഥ വിപ്ലവ പാർട്ടി സൃഷ്ടിച്ചെടുക്കാനുള്ള സമാനതകളില്ലാത്ത സമരം അവിടെ ആരംഭിച്ചു. ക്രമേണ ജോയ് നഗറിൽനിന്നും ബംഗാളിന്റെ വിവിധ പ്രദേശങ്ങളിലേയ്ക്കും ബംഗാളിന് പുറത്ത് ഇതര സംസ്ഥാനങ്ങളിലേയ്ക്കും ചിട്ടയായി വളർന്ന് രാജ്യമെമ്പാടും വ്യാപിച്ചു. ഇന്ന് രാജ്യത്ത് എവിടെയും നടക്കുന്ന ജനകീയ സമരങ്ങളുടെ ചാലകശക്തിയായും ഏറിയും കുറഞ്ഞും നിർണായ സ്വാധീനശക്തിയായും വലിയൊരളവിൽ നേതൃത്വമായും വർത്തിക്കാൻ പാർട്ടിക്കു കഴിയുന്നു.

## കേരളത്തിന്റെ മണ്ണിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ അഞ്ച് പതിറ്റാണ്ടുകൾ

1967ലാണ് കേരളത്തിൽ പാർട്ടിയുടെ പ്രവർത്തനങ്ങൾ വളരെ എളിയ തോതിൽ ആരംഭിക്കുന്നത്. കൊല്ലം ജില്ലയിൽ ടികെഎം എൻജിനീയറിംഗ് കോളജിലെ കുറച്ചു വിദ്യാർത്ഥികൾ പാർട്ടി സംഘാടനമെന്ന മഹത്തായ രാഷ്ട്രീയ ദൗത്യം ഏറ്റെടുത്ത് മുന്നോട്ടുവന്നു. ഇന്ത്യയിലെ ഇടതുപക്ഷ മുന്നേറ്റത്തിന് തിരിച്ചടി ആരംഭിച്ച കാലഘട്ടമായിരുന്നു അത്. 1964ൽ സിപിഐ പിളർന്ന് സിപിഐ(എം) രൂപീകരിക്കപ്പെടുകയും 1967ൽ സിപിഐ(എം) പിളർന്ന് നക്സൽ ബാരി എന്ന പേരിൽ ഒരു വിഭാഗം പുറത്തുവരികയും സിപിഐ(എംഎൽ) എന്നപേരിൽ പുതിയ പാർട്ടി രൂപീകരിക്കുകയും ചെയ്തു. കമ്മ്യൂണിസത്തിന്റെപേരിൽ കമ്മ്യൂണിസത്തിന് നിരക്കാത്ത അക്രമങ്ങളും കൊലപാതകങ്ങളും തീവ്രവാദപ്രവർത്തനങ്ങളും നടത്തി അവർ വിപ്ലവത്തിന്റെ മഹത്വത്തെയും യശസ്സിനെയും കെടുത്തി. രാജ്യത്താകെ നക്സലൈറ്റ് പ്രസ്ഥാനത്തെ സംബന്ധിച്ച് ഒരു വശത്ത് ഭയം ജനിപ്പിക്കുന്നതും മറുവശത്ത് ആദർശവത്ക്കരിക്കപ്പെട്ടതുമായ ഒരു ചിത്രം സ്ഥാപിക്കപ്പെട്ടു. രണ്ടും യഥാർത്ഥ തൊഴിലാളിവർഗ്ഗ വിപ്ലവപ്രവർത്തനത്തിന് അത്യന്തം വിഘ്നം സൃഷ്ടിച്ചു. ഇതോടൊപ്പം സിപിഐ, സിപിഐ(എം) നേതൃത്വങ്ങളുടെ അപചയവും സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ റിവിഷനിസ്റ്റ് നേതൃത്വങ്ങളുടെ നിലപാടും ബുദ്ധിജീവികൾക്കിടയിൽ നിരാശ പടർത്തി. അസ്തിത്വവാദവും നിരാശാവാദവും യുവാക്കളിൽ ഒരളവുവരെ സ്വാധീനം ചെലുത്തി. ഫലത്തിൽ ശരിയായ വിപ്ലവമുന്നേറ്റത്തിന് അടിമുടി പ്രതികൂലമായ സാഹചര്യം സൃഷ്ടിക്കപ്പെട്ട ഒരു വേളയിലാണ് സംസ്ഥാനത്തിന്റെ മണ്ണിൽ എസ്‌യുസിഐ പ്രവർത്തനം തുടങ്ങുന്നത്. സാഹചര്യം എത്ര ദുഷ്കരമെങ്കിലും പാർട്ടി സംഘാടനത്തെ ചുമലിലേറ്റിയ സഖാക്കൾ വിപ്ലവകരമായ ക്ഷമയോടെ, അസാധാരണമായ ഇഛാശക്തിയോടെ ഓരോ ഇഞ്ചും പൊരുതി മുന്നേറി. വിപ്ലവത്തെ സ്വന്തം ജീവിതത്തിന്റെ ഒരേയൊരു ലക്ഷ്യമായി കരളുറപ്പോടെ സ്വീകരിച്ച്, പാർട്ടി സെന്ററുകളിൽ ജീവിച്ച് മുഴുവൻ സമയപ്രവർത്തനത്തിന്റെ, തികച്ചും പുതിയ ജീവിതസപര്യ ഇവിടെ ആവിഷ്കരിച്ചു.

മുതലാളിത്ത ചൂഷണ വ്യവസ്ഥയ്ക്കെതിരെ, മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവമെന്ന ലക്ഷ്യത്തിന് അനുരോധമായി ബഹുജന സമരപ്രസ്ഥാനം വളർത്തിയെടുക്കാൻ പരിശ്രമിക്കുന്ന എസ്‌യുസിഐയുടെ രാഷ്ട്രീയമായ വ്യതിരിക്തതയും അർഹതയും തിരിച്ചറിയാൻ വളരെയേറെ സൂക്ഷ്മമായ രാഷ്ട്രീയജ്ഞാനം ആവശ്യമായിരുന്ന ആ ഘട്ടത്തിൽ. വിപ്ലവത്തിന്റെ ശരിയായ പാതയിൽ ഒരാളിൽ ബോദ്ധ്യം സൃഷ്ടിക്കുക എന്നത് വളരെയേറെ പരിശ്രമം ആവശ്യമായ ഒന്നായിരുന്നു. കമ്മ്യൂണിസത്തിന്റെപേരിൽ ഇവിടെ പ്രവർത്തിച്ചുവന്നിരുന്ന വലിയ സ്വാധീനമുള്ള സിപിഐ, സിപിഐ(എം) പ്രസ്ഥാനങ്ങൾ എസ്‌യുസിഐക്കെതിരെ നക്സലൈറ്റ് എന്നും സിഐയുടെ ഏജന്റ് എന്നും മറ്റും നുണപ്രചാരണം നടത്തി. ഒപ്പം, പാർട്ടിയുടെ പ്രവർത്തനം അസാധ്യമാക്കിത്തീർക്കത്തക്കവിധം പ്രവർത്തകർക്കുനേരെ അക്രമങ്ങൾ അഴിച്ചുവിട്ടു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ പതിറ്റാണ്ടുകളോളം ഈ അക്രമങ്ങളെ നേരിടേണ്ടിവന്നു.

പാർട്ടിയുടെയും വർഗ്ഗ ബഹുജനസംഘടനകളുടെയും തനതായ നേതൃത്വത്തിൽ നിരന്തരമായി നടത്തിയ പ്രവർത്തനങ്ങൾ വഴി പാർട്ടി ക്രമേണ ജനങ്ങളിലെത്തുകയുണ്ടായി. ഉയർന്ന വിപ്ലവമൂല്യ

(ശേഷം 3–ാം പേജിൽ)

# അഞ്ച് പതിറ്റാണ്ടിലൂടെ കേരളത്തിന്റെ മണ്ണിലെ സമര സംഘടനയായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഉയർന്നു

(2-ാം പേജിൽ നിന്ന്)

ങ്ങളോടെയും കെട്ടുറപ്പോടെയും സംസ്ഥാനതലത്തിൽ ഒരു പാർട്ടിസംഘടന കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യം വിജയകരമായി നിറവേറ്റാൻ ആദ്യത്തെ രണ്ട് പതിറ്റാണ്ടുകളിലെ കഠിനതരമായ സമരത്തിലൂടെ സഖാക്കൾക്കു കഴിഞ്ഞു. ഒപ്പം സുശക്തമായ ഒരു കേഡർ നിരയും സംസ്ഥാനത്ത് ഉയർന്നുവന്നു.

ഇടതുവലതു രാഷ്ട്രീയ മുന്നണികൾ തമ്മിലുള്ള തെരഞ്ഞെടുപ്പു മൽസരങ്ങളും അഞ്ചുവർഷത്തെ ഇടവേളയിൽ ഉണ്ടാകുന്ന ഭരണമാറ്റവും തെരഞ്ഞെടുപ്പ് നേട്ടങ്ങൾ ലക്ഷ്യംവച്ചുകൊണ്ട് ഇരുകൂട്ടരും സമരങ്ങളെന്ന പേരിൽ നടത്തുന്ന ചക്കളത്തിപ്പോരാട്ടങ്ങളുമാണ് കേരള രാഷ്ട്രീയത്തിൽ അന്ന് പ്രധാന പ്രവണതയായിരുന്നത്. തെരഞ്ഞെടുപ്പ് നേട്ടം ലക്ഷ്യമാക്കിയുള്ള സമരനാട്യങ്ങൾക്കപ്പുറത്ത് ജനകീയ സമരങ്ങളും ഉണ്ടായിരുന്നില്ല. 1990കളോടെ നിലനിന്നിരുന്ന മുന്നണി രാഷ്ട്രീയത്തിനു പുറത്ത്, കക്ഷി രാഷ്ട്രീയത്തിനും ജാതിമത ചിന്താഗതികൾക്കും ഉപരിയായ ഒരു ജനകീയ സമരശക്തിയെ രൂപപ്പെടുത്തി പുതിയൊരു രാഷ്ട്രീയ പ്രവണതയ്ക്ക് തുടക്കം കുറിക്കുവാൻ ദീർഘകാലത്തെ കഠിന പ്രവർത്തനങ്ങളിലൂടെ പാർട്ടിക്കു കഴിഞ്ഞു. കേരളീയ സമൂഹത്തിൽ അതിനുമുമ്പ് അത്തരമൊരു ആശയം അവതരിപ്പിക്കപ്പെട്ടിരുന്നില്ല.

1985ൽ രാജീവ് ഗാന്ധിയുടെ ഭരണകാലത്ത് തുടങ്ങിയ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരായ പ്രക്ഷോഭമാണ്, കേരളത്തിൽ ചെറിയ തോതിലെങ്കിലും ജനകീയ സ്വഭാവത്തിൽ പടുത്തുയർത്താൻ പാർട്ടിക്കു കഴിഞ്ഞത്. വിദ്യാഭ്യാസവിചക്ഷണരും അദ്ധ്യാപകരും ഉൾപ്പെടെ ഒരു ചെറിയ വിഭാഗത്തെ ഈ പ്രക്ഷോഭത്തോടൊപ്പം ചേർക്കാൻ കഴിഞ്ഞു.

സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലേയ്ക്ക് വന്ന ഗോർബചേവ് 1985ൽ ആരംഭിച്ച ഗ്ലാസ്നോസ്റ്റ് പെരിസ്ട്രോയിക്ക എന്ന വിധ്വംസക പദ്ധതിയെ പിന്തുണച്ച്, ലോകത്തെ എല്ലാ റിവിഷനിസ്റ്റ് പാർട്ടികളെയുംപോലെ ഇന്ത്യയിൽ സിപിഐ, സിപിഐ(എം) പാർട്ടികൾ രംഗത്തുവരികയും ആ പദ്ധതികളെ പുകഴ്ത്തിക്കൊണ്ട് മാധ്യമങ്ങളിലൂടെ ആശയ പ്രചാരണം നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ തിരിച്ചടിയിലേയ്ക്ക് നയിക്കുന്ന ആ അപകടത്തെ തുടക്കത്തിലെ തിരിച്ചറിയാൻ എസ്‌യുസിഐയ്ക്ക് കഴിഞ്ഞു. ഗ്ലാസ്നോസ്റ്റ് പെരിസ്ട്രോയിക്ക പദ്ധതികൾ മുതലാളിത്ത പുനഃസ്ഥാപനത്തിനുള്ള ബ്ലൂപ്രിന്റ് ആണെന്നും ഗോർബചേവ് വർഗ്ഗവഞ്ചകനാണെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് പാർട്ടിയുടെ അന്നത്തെ പരിമിതമായ ശേഷിക്കുള്ളിൽനിന്നുകൊണ്ട് പരമാവധി ആശയ പ്രചാരണം നടത്തി. നൂറുകണക്കിന് രാഷ്ട്രീയ വിശദീകരണയോഗങ്ങൾ അന്ന് കേരളമെമ്പാടും സംഘടിപ്പിച്ചു. വർഗ്ഗവഞ്ചകരുടെ പക്ഷത്തു നിന്നുകൊണ്ട് പ്രബല ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചപ്പോൾ, ശരിയായ രാഷ്ട്രീയ വിശകലനം തൊഴിലാളിവർഗ്ഗത്തിനുമുമ്പാകെ അവതരിപ്പിച്ചുകൊണ്ട് തിരിച്ചടിയുടെ ആ നാളുകളിൽ മാർക്സിസ്റ്റ് ദർശനത്തിന്റെ ഉണ്മയെ ഉയർത്തിപ്പിടിച്ചുകൊണ്ട് പാർട്ടി നിലകൊണ്ടു. 1991ൽ സോവിയറ്റ് യൂണിയനിൽ പ്രതിവിപ്ലവം പൂർത്തീകരിച്ചുകൊണ്ട് മുതലാളിത്ത പുനഃസ്ഥാപനം നടന്നപ്പോൾ സോവിയറ്റ് യൂണിയന്റെ തകർച്ച മാർക്സിസം ലെനിനിസത്തിന്റെ തകർച്ചയല്ല വ്യക്തമാക്കുന്നത്, മറിച്ച് മാർക്സിസം ലെനിനിസത്തിൽ നിന്നും വ്യതിചലിച്ചതിന്റെ ഫലമായുണ്ടായ തകർച്ചയാണെന്നും ദാർശനികമായി വിശദീകരിച്ചു. അത് മാർക്സിസ്റ്റ് ദർശനത്തിന്റെ ശാസ്ത്രീയതയും കരുത്തും ബോധ്യപ്പെടുത്തിക്കൊണ്ട് മുന്നേറാൻ തൊഴിലാളിവർഗ്ഗത്തിന് ആത്മവിശ്വാസം നൽകി. അതുകൊണ്ടുതന്നെ സോവിയറ്റ് യൂണിയന്റെ തകർച്ച എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും തിരിച്ചടിയുണ്ടാക്കിയപ്പോൾ എസ്‌യുസിഐ കൂടുതൽ ആധികാരികതയും സ്വീകാര്യതയും കരുത്തുമുള്ള പാർട്ടിയായി മാറി.

90കളുടെ തുടക്കംമുതൽ രാജ്യം പുതിയൊരു രാഷ്ട്രീയ സാഹചര്യത്തിലേയ്ക്ക് നീങ്ങി. ദേശീയ തലത്തിൽ ആഗോളവത്ക്കരണത്തിന്റെ ഭാഗമായ നവലിബറൽ നയങ്ങളുടെ കടന്നുവരവ് ആരംഭിച്ചതോടുകൂടി മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കിടയിൽ ഒരു സമവായം രൂപപ്പെട്ടു. ഭരണപ്രതിപക്ഷ ഭേദമില്ലാതെ പ്രസ്ഥാനങ്ങൾ ഒരേ നയത്തിന്റെ നടത്തിപ്പുകാരായി. അതേസമയം ക്ഷേമനടപടികൾ കൈയൊഴിയുന്ന നയങ്ങളുടെ ഭാഗമായി അവശ്യസാധനങ്ങളുടെ വില കുത്തനെ ഉയരാൻ തുടങ്ങി. ജനങ്ങളുടെ പ്രതിഷേധം ശക്തമാകുമ്പോഴും ആ പ്രതിഷേധത്തെ പ്രക്ഷോഭമാക്കി വളർത്തിയെടുക്കാൻ പ്രതിപക്ഷം തയ്യാറായില്ല. അധികാരത്തിൽ ഇരിക്കുന്നവരുടെ നയങ്ങളോടുള്ള പ്രതിഷേധം മുതലാക്കി അടുത്ത തെരഞ്ഞെടുപ്പിൽ ജയിച്ച് അധികാരത്തിൽവന്ന് അതേ നയം തുടരുകയും ചെയ്യുക. ഈ കൊടിയ വഞ്ചനയെ തുറന്നുകാട്ടി ജനകീയ സമരങ്ങൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 1992 കാലയളവിൽ വിലക്കയറ്റത്തിനും അതിനു കാരണമായ പുതിയ സാമ്പത്തികനയങ്ങൾക്കുമെതിരെ പ്രതിഷേധിക്കാൻ തയ്യാറുള്ള സാഹിത്യ സാംസ്കാരിക നായകരെ സമീപിച്ച് അവരെ ഒരു പൊതുവേദിയിൽ അണിനിരത്തി പുതിയൊരു പ്രക്ഷോഭത്തിനുള്ള ശ്രമങ്ങൾ പാർട്ടി ആരംഭിച്ചു. വിലക്കയറ്റവിരുദ്ധ ജനകീയ സമരസമിതി എന്ന പേരിൽ ഒരു സ്വതന്ത്ര സമരപ്രസ്ഥാനം രൂപീകരിച്ചു. തലസ്ഥാനത്ത് പാളയം രക്തസാക്ഷി മണ്ഡപത്തിൽ പ്രമുഖ വ്യക്തിത്വങ്ങളെ അണിനിരത്തി വിലക്കയറ്റത്തിനെതിരായ പ്രതിഷേധ റാലി നടത്തി. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇദംപ്രഥമമായി വിപുലമായ ഒരു സ്വതന്ത്ര ജനാധിപത്യ സമരവേദി സൃഷ്ടിക്കപ്പെട്ടു. ഭരണപ്രതിപക്ഷപ്രസ്ഥാനങ്ങൾക്കു പുറത്ത് ശക്തമായ ഒരു ജനകീയ പ്രതിപക്ഷമായി വർത്തിക്കാൻ കഴിയുന്ന ഒരു വിശാലമായ പ്രക്ഷോഭവേദി മേൽക്കുമേൽ അനിവാര്യമായി. പ്രത്യയശാസ്ത്ര ഭിന്നതകൾക്കും രാഷ്ട്രീയ മത-ജാതി ഭേദങ്ങൾക്കും ഉപരിയായി ഏവർക്കും അഭിപ്രായഐക്യമുള്ള പൊതുവിഷയങ്ങളിൽ ഒരുമിക്കുക എന്ന ലക്ഷ്യത്തോടെ ജനങ്ങൾക്കു വിശ്വസിക്കാൻ കഴിയുന്ന ജനവഞ്ചനയുടെ പൂർവചരിത്രമി ല്ലാത്ത പ്രഗത്ഭരായ ഒരു വലിയ നിര നേതാക്കൾ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിൽ ഒത്തുചേർന്നു. ഡോ.പി.കെ.സുകുമാരൻ, ആർ.എം.മനക്കലാത്ത്, പി.പി. ഉമ്മർകോയ, ബിഷപ്പ് പൗലോസ് മാർ പൗലോസ്, ലക്ഷ്മി എൻ.മേനോൻ, പവനൻ, പാനൂർ, ഡോ.എൻ.എ. കരീം, കെ.പി.കോസലരാമദാസ്, സി. രാധാകൃഷ്ണൻ, അഡ്വ.മഞ്ചേരി സുന്ദർരാജ് തുടങ്ങിയ കേരളത്തിന്റെ തലമുതിർന്ന പ്രമുഖ വ്യക്തിത്വങ്ങൾ ഏവരും തുറന്ന മനസ്സോടെ തിരുവനന്തപുരത്ത് കാർത്തിക തിരുനാൾ ആഡിറ്റോറിയത്തിൽ നടന്ന അതിവിപുലമായ ജനകീയ കൺവൻഷനിലൂടെ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ സംസ്ഥാന പ്രസിഡന്റും ഡോ.വി.വേണുഗോപാൽ ജനറൽ സെക്രട്ടറിയുമായി കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി എന്ന പേരിൽ ആ പ്രസ്ഥാനം സമാരംഭിച്ചു. സംസ്ഥാനത്തിന്റെ പ്രക്ഷോഭ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി അത് മാറി. 1992 ഡിസംബർ 6 ന് ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനെത്തുടർന്ന് വർഗ്ഗീയതയ്ക്കെതിരെ ഐക്യദാർഢ്യസമ്മേളനങ്ങളും റാലികളും സംഘടിപ്പിച്ചു. കേരളത്തിന്റെ ജനാധിപത്യ പാരമ്പര്യത്തെ ശക്തിപ്പെടുത്താനും ജനൈക്യം വളർത്താനും സംഭാവനകൾ നൽകിയ പ്രവർത്തനങ്ങളായിരുന്നു അത്.

കെ.കരുണാകരൻ ഭരിക്കുന്ന കാലത്ത് കേരളത്തിൽ സർക്കാർ ആശുപത്രികളിൽ ചികിത്സാഫീസ് ഏർപ്പെടുത്തിയത് പുതിയൊരു പ്രക്ഷോഭത്തിന് തിരികൊളുത്തി. സംസ്ഥാനവ്യാപകമായി ജില്ലാ കേന്ദ്രങ്ങളിൽ മാസങ്ങളോളം നീണ്ട സമരകേന്ദ്രങ്ങൾ ആരംഭിച്ചു. സംസ്ഥാനതലത്തിൽ സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിച്ചു. ആയിരങ്ങൾ അണിനിരന്ന സെക്രട്ടേറിയറ്റ് മാർച്ചിനെത്തുടർന്ന് ചികിത്സാഫീസ് ജില്ലാ ആശുപത്രികളിലേയ്ക്കും പ്രാദേശിക ആശുപത്രികളിലേയ്ക്കും വ്യാപിപ്പിക്കുകയില്ല എന്ന് മുഖ്യമന്ത്രി സമരനേതാക്കൾക്ക് ഉറപ്പുനൽകി.



1948 ഏപ്രിൽ 24 ന് നടന്ന രൂപീകരണയോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രകമ്മിറ്റിഅംഗങ്ങൾ. സഖാവ് ശിബ്ദാസ് ഘോഷ്(മധ്യത്തിൽ ഇരിക്കുന്നത്), സഖാവ് സച്ചിൻ ബാനർജി(വലത്), സഖാവ് സുബോധ് ബാനർജി(ഇടത്). നിൽക്കുന്നവർ ഇടതുനിന്ന് വലത്തേയ്ക്ക്: സഖാക്കൾ ഹിരൺ സർക്കാർ, രതിൻ സെൻ, പ്രീതീഷ് ചന്ദ, നിഹാർ മുഖർജി

1997ൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മശതാബ്ദി ആചരണത്തിനായി രൂപീകരിക്കപ്പെട്ട നേതാജി അനുസ്മരണസമിതിയുടെയും ജനകീയ പ്രതിരോധ സമിതിയുടെയും ആഭിമുഖ്യത്തിൽ കേരളമെമ്പാടും ചരിത്ര പ്രദർശനം ഉൾപ്പെടെയുള്ള വിപുലമായ അനുസ്മരണപരിപാടികൾ നടത്തി, സ്വാതന്ത്ര്യസമരത്തിലെ അനനുരഞ്ജനധാരയുടെ രാഷ്ട്രീയത്തെ കേരളത്തിന്റെ മണ്ണിൽ ആവർത്തിച്ച് ഉറപ്പിച്ചു. സാമ്രാജ്യത്വവിരുദ്ധ നിലപാടുള്ള നിരവധിയായ വ്യക്തിത്വങ്ങളെ കോർത്തിണക്കിക്കൊണ്ട് പാർട്ടിയുടെ മുൻകൈയിൽ നടത്തിയ പ്രവർത്തനത്തിന് വൻതോതിലുള്ള സ്വീകാര്യത ഉണ്ടായി.

ഇ.കെ.നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് നവലിബറൽ നയങ്ങളുടെ ഭാഗമായി നടപ്പാക്കിയ ലോകബാങ്ക് പദ്ധതിയായ ഡിപിഇപിക്കെതിരെ അതിശക്തമായ വിദ്യാഭ്യാസ പ്രക്ഷോഭണം വളർത്തിയെടുത്തു. അഞ്ചുവർഷക്കാലത്തോളം തുടർന്നുവന്ന ആ പ്രക്ഷോഭം ഇടതുപക്ഷ സർക്കാരിന്റെ എല്ലാ നുണപ്രചാരണങ്ങളെയും തുറന്നു കാട്ടി. ഡിപിഇപി അനുകൂലികളെയും പ്രതികൂലികളെയും മുന്നൂറോളം വേദികളിൽ അണിനിരത്തി ജനകീയ പ്രതിരോധസമിതിയുടെ നേതൃത്വത്തിൽ വിപുലമായ സംവാദങ്ങൾ നടത്തിക്കൊണ്ട് ജനങ്ങൾക്ക് ആശയ വ്യക്തത നൽകി. നിരവധി രക്ഷാകർതൃസമിതികൾ രൂപീകരിച്ചുകൊണ്ട് ആ പ്രക്ഷോഭത്തിന് അസ്ഥിവാരമൊരുക്കി. നൂറുകണക്കിന് പൊതുയോഗങ്ങളും പ്രചാരണപരിപാടികളും സംഘടിപ്പിക്കപ്പെട്ടു. സർക്കാർ വാദങ്ങളെ തുറന്നു കാട്ടുന്ന എക്സിബിഷനുകൾ സംഘടിപ്പിച്ചു. ആയിരക്കണക്കിനാളുകൾ അണിനിരന്ന സെക്രട്ടേറിയറ്റ് മാർച്ച് രണ്ടുതവണ സംഘടിപ്പിച്ചു. ഭരണപ്രതിപക്ഷ രാഷ്ട്രീയ ചേരിക്കു പുറത്ത് അത്തരമൊരു സുദീർഘമായ പ്രക്ഷോഭം വിശേഷിച്ച് വിദ്യാഭ്യാസത്തിന്റെ അക്കാദമിക വിഷയങ്ങളെ ആഴത്തിൽ വിശകലനം ചെയ്ത് ജനങ്ങളെ വളരെയേറെ പ്രബുദ്ധരാക്കിയ പ്രക്ഷോഭം കേരളചരിത്രത്തിൽ സവിശേഷമായ മുദ്രപതിപ്പിച്ച ഒന്നായി മാറി. ഡിപിഇപിയിലൂടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസമേഖലയിൽ ഉണ്ടാകാൻ പോകുന്ന അപകടത്തെ സംബന്ധിച്ച് നൽകിയ മുന്നറിയിപ്പുകൾ, ഇന്ന് അക്ഷരംപ്രതി സാധൂകരിക്കപ്പെട്ടതിലൂടെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ വിശകലനശേഷി വൻതോതിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ആലപ്പുഴയുടെ തീരപ്രദേശങ്ങളിൽ കരിമണൽ ഖനനത്തിനെതിരെ തീരത്തെയാകെ ഇളക്കിമറിക്കുന്ന പ്രക്ഷോഭം വളർത്തിയെടുത്ത്, കരിമണൽ ഖനനത്തിന്റെ തീരുമാനം പിൻവലിപ്പിക്കാൻ കഴിഞ്ഞ ജനകീയസമരം സംഘടിപ്പിച്ച കരിമണൽ ഖനന വിരുദ്ധ ജനകീയ സമിതിയുടെ വലിയൊരു പ്രവർത്തകനിര എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ കേഡർമാരായിരുന്നു.

ചെങ്ങറയിലെ ഭൂരഹിതരുടെ പ്രക്ഷോഭത്തെ പിന്തുണച്ചുകൊണ്ട് ആ സമരത്തെ വിജയിപ്പിക്കാൻ കേരളമനസാക്ഷിയുടെ പിന്തുണ ഉറപ്പാക്കും വിധം വളരെ വലിയൊരു പ്രയത്നം പാർട്ടി നടത്തുകയുണ്ടായി. സിപിഐ(എം)ന്റെ നേതൃത്വത്തിൽ എൽ

(ശേഷം 4-ാം പേജിൽ)

# പ്രക്ഷോഭരാഷ്ട്രീയത്തിന്റെ അചഞ്ചല പ്രതീകം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ പതാകയേന്തുക

(3–ാം പേജിൽ നിന്ന്)

ഡിഎഫും ബിജെപിയും ഉൾപ്പെടെ എല്ലാ രാഷ്ട്രീയ പാർട്ടികളും ചെങ്ങറ സമരത്തിന് എതിരെ ഉറച്ചുനിന്നു. അടിച്ചമർത്താൻ കൂട്ടുനിന്നു. സമരക്കാരെ സമരഭൂമിയിൽ ബന്ദികളാക്കി. ആ നിർണായകഘട്ടത്തിൽ സമരത്തിന് സർവപിന്തുണയും നൽകി പാർട്ടി പ്രക്ഷോഭത്തോടൊപ്പം അടിയുറച്ചുനിന്നു. കേരളമെമ്പാടും നൂറുകണക്കിന് സമ്മേളനങ്ങൾ നടത്തി ളാഹഗോപാലന് സ്വീകരണങ്ങൾ നല്കി, പ്രക്ഷോഭത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കാനായി ജനകീയ പ്രതിരോധ സമിതി നടത്തിയ മുഴുവൻ പ്രവർത്തന ങ്ങൾക്കും എല്ലാ സഹായങ്ങളും നൽകി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നിലകൊണ്ടു. ജനകീയ നേതാക്കളെ അണിനിരത്തി നൂറുകണക്കിന് സാംസ്കാരിക നായകന്മാരുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിച്ചു. എസ്‌യുസിഐ ചെങ്ങറ ഭൂസമരത്തിന് നൽകിയ പിന്തുണ എത്രമാത്രം വിലപ്പെട്ടതായിരുന്നു എന്ന് തിരിച്ചറിഞ്ഞുകൊണ്ട് ളാഹ ഗോപാലൻ മരണംവരെ പാർട്ടിയെ പിന്തുണയ്ക്കുകയും പ്രശംസിക്കുകയും ചെയ്തിരുന്നു. മാവേലിക്കര മുട്ടത്ത്, നേതാജി സാമൂഹ്യസാംസ്കാരിക പഠനകേന്ദ്രത്തിന്റെ ഉദ്ഘാടന വേളയിൽ അദ്ദേഹം വികാരനിർഭരമായി പറഞ്ഞ വാക്കുകൾ ഇതിന് നിദർശനമാണ്. 'പത്തനംതിട്ട നഗരത്തിൽ പാട്ടയുമായി നിൽക്കുന്ന ഇവരെക്കാണുമ്പോൾ എനിക്ക് പുച്ഛമായിരുന്നു. ചെങ്ങറ സമരഭൂമിയിൽ പിന്തുണ അറിയിച്ച് എത്തിയപ്പോൾ മറ്റു പലരെയും പോലെ ഇവരെയും ഞാൻ അകറ്റി നിർത്തി. എന്നാൽ പിന്നീട് എന്താണ് ഈ പാർട്ടിയെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഇന്ന് ഈ പാർട്ടിയില്ലാതെ എനിക്ക് ജീവിക്കാനാകില്ല. ഈ പാർട്ടി ഇന്ന് എന്റെ രക്തത്തിന്റെ ഭാഗമാണ്' ഇതായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. ഒരു ആഗോളകുത്തകകയ്ക്കും ഭരണകൂടത്തിനുമെതിരെ കേരളത്തിലെ ഏറ്റവും ദരിദ്രരായ ജനങ്ങൾ നടത്തിയ ആ ജീവന്മരണ പ്രക്ഷോഭത്തോടൊപ്പം അടിയുറച്ചുനിൽക്കാൻ പാർട്ടിക്ക് കഴിഞ്ഞു. പാർട്ടിയുടെ വ്യതിരിക്തതയും നന്മയും കേരളത്തിലെ വലിയൊരു ജനവിഭാഗത്തിന് തിരിച്ചറിയാൻ അവസരം നല്കിയ പ്രക്ഷോഭമായിരുന്നു അത്.

വിളപ്പിൽശാലയിലും മൂലമ്പിള്ളിയിലും ദേശീയപാത സ്വകാര്യവത്ക്കരണത്തിനും കുടിയിറക്കലിനും എതിരെ നടന്ന ജനകീയ പ്രക്ഷോഭങ്ങളിലും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) നിർണ്ണായകമായ പങ്ക് വഹിച്ചു. ജനങ്ങളുടെ സ്വന്തംസമരസമിതികൾ സൃഷ്ടിക്കാൻ പാർട്ടിയുടെ പ്രവർത്തകർ രാപകലില്ലാതെ പ്രയത്നിച്ചു. കെ റെയിൽവിരുദ്ധ പ്രക്ഷോഭവും ഇതേ രീതിയിൽ വളർന്നു വന്നതാണ്. ഇത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെയോ മുന്നണിയുടെയോ നേതൃത്വത്തിൽ രൂപപ്പെട്ടുവന്ന സമരമല്ല. ഏതാനും മനുഷ്യസ്നേഹികൾ മുൻകൈയെടുത്ത് രണ്ട് മൂന്ന് ജില്ലകളിലെ ചില പ്രദേശങ്ങളിൽ തുടക്കം കുറിച്ചതാണ് ഈ പ്രക്ഷോഭം. സംസ്ഥാന സർക്കാർ സിൽവർലൈൻ പദ്ധതിയുമായി മുന്നോട്ടുനീങ്ങിത്തുടങ്ങി ഏറെ വൈകാതെതന്നെ ഏകദേശം രണ്ടുവർഷങ്ങൾക്കുമുമ്പ് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ വിളിച്ചു ചേർത്ത ഒരു ഓൺലൈൻ കൺവൻഷനിലൂടെയാണ് സംസ്ഥാനത്തെ വിവിധ സമരപ്രതിനിധികളെയും ജനകീയ സമരനേതാക്കളെയും ഒരുമിപ്പിച്ചുകൊണ്ട് കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി രൂപീകരിക്കുന്നത്.




തുടർന്ന് ജനകീയ സമിതി ഈ പ്രക്ഷോഭത്തെ സംസ്ഥാനത്തിന്റെ പതിനൊന്ന് ജില്ലകളിലും അടിത്തറയുള്ള ഒന്നാക്കി, കല്ലിനുമേൽ കല്ല് വച്ച് വളർത്തിയെടുത്തു. ജനാധിപത്യവിശ്വാസികൾ, പരിസ്ഥിതി പ്രവർത്തകർ, പൗരാവകാശ പോരാളികൾ ഒപ്പം കുടിയൊഴിപ്പിക്കപ്പെടുന്ന സാധാരണ മനുഷ്യർ തുടങ്ങി എണ്ണമറ്റ സമരസംഘാടകർ വിശ്രമരഹിതമായി പ്രവർത്തിച്ചതിന്റെ ഫലമാണ് ഇന്ന് കേരളം കാണുന്ന അസാധാരണമായ ജനകീയ മുന്നേറ്റം. കക്ഷിരാഷ്ട്രീയ പരിഗണനകൾക്കും ജാതി–മത–വർഗ്ഗ ഭേദങ്ങൾക്കും അതീതമായി പദ്ധതിയുടെ ഇരകളും അല്ലാത്തവരുമായ പതിനായിരക്കണക്കിനാളുകൾ അണിനിരന്നിട്ടുള്ള ഈ സമരസമിതി കേരളത്തിന്റെ ഭാവിപ്രക്ഷോഭങ്ങളുടെ ഉദാത്തമാതൃകയാണ്. നൂറുകണക്കിന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പ്രവർത്തകർ, ഈ പ്രക്ഷോഭത്തിൽ തികഞ്ഞ സമർപ്പണമനോഭാവത്തോടെ, സത്യസന്ധമായ പോരാട്ടവീര്യത്തോടെ അണിനിരന്നിരിക്കുന്നു. കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ അടിയുറച്ച വോളന്റിയർമാരായി, സംഘാടകരായി, നേതാക്കന്മാരായി അവർ രാപകൽ പ്രവർത്തിക്കുന്നു. പാർട്ടിയുടെ മേൽവിലാസത്തിലല്ല, പാർട്ടിയുടെ പതാകയേന്തിയുമല്ല.

## ജനാധിപത്യസമരങ്ങൾ ഇടതുരാഷ്ട്രീയത്തിന്റെ പ്രാണൻ

വർത്തമാന രാഷ്ട്രീയ സാഹചര്യത്തിൽ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഈ നിമിഷം നിർവ്വഹിക്കേണ്ട ഏറ്റവും ഗൗരവതരമായ ഉത്തരവാദിത്തമെന്താണ്? ദേശീയ നവോത്ഥാന പ്രസ്ഥാനത്തിലൂടെയും സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിലൂടെയും മുന്നേറിയതും അപൂർണമായി തുടരുന്നതുമായ സമൂഹത്തിന്റെ ജനാധിപത്യവത്ക്കരണപ്രക്രിയയുടെ പൂർത്തിയാക്കി രാജ്യത്തെ ജനതയെ ഒന്നാകെ ഉദാത്തമായ ജനാധിപത്യ പ്രബുദ്ധതയുടെ തലത്തിലേക്ക് ഉയർത്തുകയെന്ന ചരിത്രപരമായ കടമ ഇന്ന് നിർവ്വഹിക്കേണ്ടത് തൊഴിലാളിവർഗ്ഗപ്രസ്ഥാനമാണ്. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി വിട്ടുവീഴ്ചയില്ലാത്തജനാധിപത്യ പ്രക്ഷോഭങ്ങളുടെ സംഘാടനമാണ് ഇടതുപക്ഷരാഷ്ട്രീയത്തിന്റെ പരമപ്രധാനമായ ചുമതല. സംസ്ഥാനനിയമസഭകളിലോ പാർലമെന്റിലോ ഏതാനും ഇരിപ്പിടങ്ങൾ നേടാനായി ചെയ്യുകൂട്ടുന്ന മൂന്നാംകിട രാഷ്ട്രീയം ഇടതുരാഷ്ട്രീയത്തെ വളർത്തുകയില്ല, മറിച്ച് നിരന്തരമായി തളർത്തുകയാണ്. അപചയത്തിന്റെ പടുകുഴിലേക്ക് നിപതിക്കുന്ന സാമൂഹ്യസാഹചര്യത്തെ തടഞ്ഞുനിർത്താനുള്ള ജനാധിപത്യമുന്നേറ്റം ഇനി ഒരു നിമിഷം വൈകിക്കൂടാ.

ജനകീയ സമരങ്ങൾ വളർന്നുവരികയും അതുവഴി ചൂഷകവർഗ്ഗത്തിന്റെ താൽപര്യങ്ങൾ പരാജയപ്പെടുത്തപ്പെടുകയും വേണം. ചൂഷിതരുടെ ഐക്യവും ശക്തിപ്പെട്ടുവരണം. ഭരണകൂടത്തെയും അതിന്റെ താൽപര്യംപേറുന്ന രാഷ്ട്രീ പാർട്ടികളെയും ജനങ്ങൾ തിരിച്ചറിയണം. സമരങ്ങളുടെ പ്രാധാന്യവും കരുത്തും ബോധ്യമാകണം. സാമൂഹ്യമാറ്റത്തിനനുരോധമായി സാമൂഹ്യരംഗം മാറണമെങ്കിൽ സ്വതന്ത്രമായ ജനകീയ സമരങ്ങൾ വളർന്നുവന്നേ മതിയാകൂ. ഭരണാധികാരികളുടെ മുതലാളിത്ത നയങ്ങൾക്കും നിലവിലുള്ള വ്യവസ്ഥിതിയുടെ മാലിന്യങ്ങൾക്കുമെതിരെയുള്ള ജനകീയപ്രക്ഷോഭം ജനങ്ങളുടെ പാഠശാലകളായി മാറും. വ്യവസ്ഥിതിയോട് കലഹിക്കുന്ന സംസ്കാരവും മനോഘടനയും ജനങ്ങളെ ഒരു പുതുശക്തിയാക്കി ഉയർത്തും. ഉന്നതമായ ചിന്തയും രാഷ്ട്രീയ കാര്യശേഷിയും ജനങ്ങളിൽ അത് സൃഷ്ടിക്കും. നിലനിൽക്കുന്ന ഉൽപ്പാദനക്രമത്തിന്റെ മ്ലേച്ഛമായ ഒന്നിനോടും സന്ധിചെയ്യാത്ത, സൗരഭ്യമാർന്ന നീതിബോധവും ധാർമ്മികതയും ജീവിതത്തിൽ പ്രകാശം പരത്തുന്ന നിർഭയരായ ജനങ്ങൾ ജനാധിപത്യപ്രക്ഷോഭങ്ങളിലൂടെ ഉയർന്നുവരും. സമൂഹം മാറ്റത്തിന്റെ പേറ്റുനോവ് ആഹ്ലാദപൂർവ്വം സ്വീകരിക്കും. ഈ വ്യവസ്ഥിതിയെ സ്ഥാനഭ്രഷ്ടമാക്കാനുള്ള അന്തിമസമരത്തിന് കാഹളമുയരുന്ന മഹനീയ വേള ഉദയം ചെയ്യും. ഇങ്ങിനെ ജനങ്ങളെ മുതലാളിത്തവ്യവസ്ഥക്കെതിരെ പൊരുതാൻ സജ്ജരാക്കുന്ന, സുദൃഢമായ രാഷ്ട്രീയശക്തിയാക്കി പരിവർത്തനപ്പെടുത്തുന്ന മഹത്തായ ലക്ഷ്യമാണ് ജനാധിപത്യസമരങ്ങൾക്കുള്ളത്. അതിനാലാണ് നമ്മൾ ഇടതുരാഷ്ട്രീയത്തിന്റെ പതാകവാഹകർ ജനകീയ സമരങ്ങളെ പ്രാണനെപ്പോലെ ഗണിക്കുന്നത്.

പാർട്ടി നേതൃത്വവും ഇൻഡ്യയെമ്പാടുമുള്ള ആയിരക്കണക്കിന് എസ്‌യുസിഐ കേഡർമാരും ഈ ചരിത്രദൗത്യം ചുമലിലേറ്റാൻ സർവ്വഥാ സജ്ജരാണ്. മൃഗീയമായ ചൂഷണത്തിനിരയാകുന്ന, നീതി നിഷേധിക്കപ്പെടുന്ന, അവകാശങ്ങൾ ചതച്ചരയ്ക്കപ്പെടുന്ന സാധാരണമനുഷ്യരുടെ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കാൻ ഒരു നിമിഷം പാഴാക്കാതെ പ്രയത്നിക്കുന്ന പാർട്ടിയാണ് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്). പാർലമെന്ററി ലക്ഷ്യങ്ങൾക്കോ സങ്കുചിതമായ രാഷ്ട്രീയനേട്ടങ്ങൾക്കോ വേണ്ടിയല്ല ഈ പ്രവർത്തനങ്ങൾ. സമരോപകരണങ്ങളെന്ന നിലയിൽ ജനകീയകമ്മിറ്റികൾ രൂപപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ പ്രതിഷേധത്തിന് സംഘടിതരൂപം നൽകുകയാണ് ഏറ്റവും അടിസ്ഥാനപ്രവർത്തനം. ജനകീയ കമ്മിറ്റികളുടെ വിപുലമായ ശൃംഖലയെ ഏകോപിപ്പിച്ചുകൊണ്ട് ഉയർന്ന തലങ്ങളിൽ പോരാട്ടത്തിന് ഏകമുഖം നൽകി ശക്തവും സുഘടിതവുമായ സമരസംഘടനയെ വാർത്തെടുക്കും. സുസജ്ജമായ ഈ സമരസംഘടനയിലെ ജനാധിപത്യപ്രവർത്തനത്തിന്റെ പരിശീലനം, വിട്ടുവീഴ്ചയില്ലാത്ത സമരത്തിന്റെ രാഷ്ട്രീയവിദ്യാഭ്യാസം ജനങ്ങൾക്ക് നൽകും. എല്ലാ തലങ്ങളിലും ജനങ്ങളുടെ സ്വന്തം നേതാക്കൾ ഉയർന്നുവരും. സമരലക്ഷ്യത്തോടുള്ള അടിയുറച്ച കൂറും രാഷ്ട്രീയകാര്യശേഷിയും മാത്രമായിരിക്കും യോഗ്യത. ഈ ജനകീയ സമരക്കമ്മിറ്റികൾ ഭരണാധികാരികളെ നിലയ്ക്കു നിർത്താൻ കഴിയുന്ന ബദൽ രാഷ്ട്രീയ ശക്തി സൃഷ്ടിക്കും. ഇന്ത്യയെമ്പാടും ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ഈ രാഷ്ട്രീയ ദൗത്യമാണ് പാർട്ടി നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

## എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)ന്റെ പതാകയേന്തുക

ആദർശവും സത്യസന്ധതയും കുഴിച്ചുമൂടപ്പെട്ട, ചീഞ്ഞഴുകി ദുർഗ്ഗന്ധം വമിക്കുന്ന ഇൻഡ്യൻ രാഷ്ട്രീയത്തിൽ നിസ്വാർത്ഥതയുടെയും നെറിവിന്റെയും ഉത്തമപ്രതീകമാണ് എസ്‌യുസിഐ. ഏതു നീച മാർഗ്ഗത്തിലൂടെയും വ്യക്തി സൗഭാഗ്യങ്ങൾ ഉറപ്പാക്കാനുള്ള പ്രവർത്തനം മാത്രമായി പാർലമെന്ററി രാഷ്ട്രീയം അധഃപതിച്ചിരിക്കുന്ന ഈ ദുരന്തകാലത്ത്, അവിടെ സ്ഥാനം ഉറപ്പിക്കാൻ മൽസരിക്കുന്ന പാർട്ടികൾക്കിടയിൽ ഈ പ്രസ്ഥാനത്തെ കാണാനാവില്ല. മനംമടുപ്പിക്കുന്ന വ്യവസ്ഥാപിതരാഷ്ട്രീയത്തിന്റെ പാതയിലല്ല ഈ പാർട്ടിയുടെ പ്രയാണം. ജനങ്ങളുടെ ജീവൽപ്രധാനമായ ഡിമാന്റുകൾ ഉയർത്തിക്കൊണ്ട്, മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന് അനുരോധമായ നിലയിൽ ജനാധിപത്യ പ്രക്ഷോഭം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിൽ അണുവിടവ്യതിചലിക്കാതെ മുന്നോട്ടുപോകുന്ന പ്രസ്ഥാനമാണ് എസ്‌യുസിഐ. അവകാശപ്പോരാട്ടരംഗത്തെ എസ്‌യുസിഐയുടെ സമർപ്പണത്തെ, വിട്ടുവീഴ്ചയില്ലാത്ത നിലപാടിനെ ജനങ്ങൾ ആദരവോടെ വീക്ഷിക്കുന്നു. വിലമതിക്കുന്നു. ഇരുൾ മൂടുന്ന ഇൻഡ്യൻ രാഷ്ട്രീയരംഗത്തെ പ്രകാശഗോപുരമാണ് ഈ പ്രസ്ഥാനം. വ്യവസ്ഥാപിത ഇടതുപക്ഷ പാർട്ടികളെല്ലാം അവയുടെ രാഷ്ട്രീയമായ ഉൾക്കരുത്തിലും സംഘടനാപരമായ കെട്ടുറപ്പിലും വലിയ തകർച്ചകളെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. മാർക്സിസത്തെ തള്ളിപ്പറയുവാൻ പോലും മടിയില്ലാത്തവിധം അവർ അധ:പതിച്ചു. വ്യവസ്ഥിതിയുടെ ആരാധകരും പിന്തുണക്കാരുമായി അവർ മാറി. എന്നാൽ കമ്മ്യൂണിസത്തിന് ഇന്ത്യയിൽ മാത്രമല്ല, ആഗോളവ്യാപകമായിത്തന്നെ തിരിച്ചടിയുണ്ടായ കഴിഞ്ഞ മൂന്നുപതിറ്റാണ്ട് വിശേഷിച്ച് ആഗോളീകരണത്തിന്റെ കനത്ത ആക്രമണങ്ങൾ അരങ്ങേറിയ മൂന്നുപതിറ്റാണ്ട് എസ്‌യുസിഐയുടെ ചടുലമായ വളർച്ചയുടെ കാലഘട്ടമായിരുന്നു. മുതലാളിത്തത്തിന്റെ കനത്ത ആക്രമണം ജനങ്ങൾക്കുമേൽ വർദ്ധിക്കുമ്പോൾ ശരിയായ വർഗ്ഗനിലപാട് പുലർത്തുന്ന ഒരു പ്രസ്ഥാനമെന്ന നിലയിൽ പാർട്ടി ജനങ്ങൾക്കിടയിൽ ഏറെ സ്വീകാര്യമാകുന്നു. പാർട്ടിയുടെ വർഗ്ഗബഹുജന സംഘടനകളും ഈ കാലയളവിൽ വലിയ മുന്നേറ്റങ്ങൾ കൈവരിച്ചു.

1948ൽ രൂപംകൊണ്ട നാൾ മുതൽ ഇപ്പോൾവരെ മാർക്സിസം ലെനിനിസം ശിബ്ദാസ്ഘോഷ് ചിന്തകളിൽ അടിയുറച്ചുനിന്നുകൊണ്ട് അവസരവാദപരമായ യാതൊരുവ്യതിയാനങ്ങൾക്കും വിധേയമാകാതെ തൊഴിലാളിവർഗ്ഗത്തിന്റെ സമരപതാക മേൽക്കുമേൽ ഉയർത്തിപ്പിടിച്ചുകൊണ്ട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) മുന്നേറുന്നു. 74 വർഷങ്ങൾ പിന്നിടുന്ന പാർട്ടിയെ ഈ മണ്ണിൽസ്ഥാപിക്കുവാൻ ജീവനും ജീവിതവും സമർപ്പിച്ച് മാതൃകായോഗ്യമായി പോരടിച്ച് വിടവാങ്ങിയ വിപ്ലവകാരികളെ മുൻനിർത്തിക്കൊണ്ട് മാർക്സിസംലെനിനിസംസഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളിൽ അടിയുറച്ച് പോരാട്ടം തുടരുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. ■

# അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിന്റെ ഫലം നൽകുന്ന പാഠമെന്ത് ?

**അടുത്തിടെ നടന്ന തെരഞ്ഞെടുപ്പിൽ യുപിയിലടക്കം നാല് സംസ്ഥാനങ്ങളിൽ ബിജെപിയും പഞ്ചാബിൽ ആം ആദ്മി പാർട്ടിയും ജയിച്ചു. 95 ശതമാനം ജനങ്ങളുടെയും ജീവിതം വലിയ തകർച്ചയെ നേരിടുന്ന സന്ദർഭത്തിലാണ് തെരഞ്ഞെുപ്പ് നടന്നത്. കുതിച്ചുയരുന്ന വിലകളും തൊഴിലില്ലായ്മയും, കുത്തനെ ഇടിയുന്ന വരുമാനം, ഭീമമായ ചാർജ് വർദ്ധനവുകൾ, ജീവിതത്തെയാകെ ഗ്രസിക്കുന്ന അരക്ഷിതാവസ്ഥ എന്നിവയൊക്കെയാണ് ഇന്നത്തെ യാഥാർത്ഥ്യങ്ങൾ. ഇതോടൊപ്പം സർവവ്യാപിയായ അഴിമതിയും സ്വജനപക്ഷപാതവുമുണ്ട്. ഒരു പിടി സമ്പന്നരും കോടിക്കണക്കിന് ചൂഷിതരും തമ്മിലുള്ള അകലം അമ്പരപ്പിക്കുംവിധം വർധിച്ചുവരികയാണ്. ജനങ്ങൾ കടുത്ത അമർഷത്തിലായിരുന്നു. എന്നാൽ ഈ യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരുന്നില്ല തെരഞ്ഞെടുപ്പ് ഫലം.**

**പ**ഞ്ചാബിലെ ഫലത്തിൽ ഐതിഹാസികമായ കർഷക സമരത്തിന്റെ സ്വാധീനം പ്രകടമായിരുന്നു. എന്നിട്ടും എന്തുകൊണ്ട് നാല് സംസ്ഥാനങ്ങളിൽ കേന്ദ്രം ഭരിക്കുന്ന ബിജെപി ജയിച്ചു ? ഈ സംസ്ഥാനങ്ങളിൽ ഭരണ വിരുദ്ധ വികാരം എന്തുകൊണ്ട് പ്രകടമായില്ല? ജീവിതപ്രശ്നങ്ങൾ തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്നില്ലേ? ഇല്ലെങ്കിൽ എന്തുകൊണ്ട് ?ഫാസിസ്റ്റ് സ്വേച്ഛാവാഴ്ചയുടെ ഈ കാലയളവിൽ ലോകത്തെവിടെയും ഈ പ്രതിഭാസമാണ് നമ്മൾ കാണുന്നത്.

## യഥാർത്ഥ മാർക്സിസ്റ്റുകൾ തെരഞ്ഞെടുപ്പിനെ വീക്ഷിക്കുന്നതെങ്ങനെ

ജന്മിത്തത്തിനും രാജവാഴ്ചയ്ക്കും എതിരെ പൊരുതിക്കൊണ്ടാണ് ലോകത്ത് ബൂർഷ്വാ ജനാധിപത്യ ഭരണം നിലവിൽ വരുന്നത്. മുതലാളിവർഗ്ഗം അന്ന് പുരോഗമനകാരിയായിരുന്നു. ജനങ്ങളുടെ അധികാരം സ്ഥാപിക്കുന്നു എന്നാണ് അവർ അവകാശപ്പെട്ടത്. ജനപ്രതിനിധികളുടെ ഭരണം ജനങ്ങളോട് കടപ്പെട്ടതായിരിക്കുമെന്ന് പ്രഖ്യാപിച്ചു.കൂടാതെ അനേകം സംഘടനകൾ ജനഹിതം പ്രകടിപ്പിക്കുകയും ജനാധിപത്യത്തിന്റെ കാവൽക്കാരായി നിലകൊള്ളുകയും ചെയ്തു. ഇതിൽ രാഷ്ട്രീയ പാർട്ടികളും ഉൾപ്പെടും. അവർ ജനപങ്കാളിത്തത്തോടെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തി. തെരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതിപൂർവ്വകവുമായിരുന്നു. എന്നാൽ മുതലാളിത്തം ജീർണിക്കുന്തോറും തെരഞ്ഞെടുപ്പുകൾ പാഴ്‌വേലയായി മാറിക്കൊണ്ടിരുന്നു. ഇന്നത് പണവും കയ്യൂക്കും മാധ്യമങ്ങളും ഉദ്യോഗസ്ഥ സംവിധാനവുമൊക്കെ നിയന്ത്രിക്കുന്ന ഏർപ്പാടാണ്. മുതലാളിവർഗ്ഗ താല്പര്യം ഏറ്റവും നന്നായി സേവിക്കുമെന്നുറപ്പുള്ളവർ അധികാരത്തിലേറ്റപ്പെടുന്നു. ഏറ്റവും വലിയ ജനാധിപത്യ റിപ്പബ്ലിക്കുകളിൽപോലും തെരഞ്ഞെടുപ്പുകൾ ആര് ജനങ്ങളെ അടിച്ചമർത്തണമെന്ന് തീരുമാനിക്കുന്ന ഏർപ്പാടാണെന്ന് 1917ൽ തന്നെ ലെനിൻ നിരീക്ഷിച്ചിരുന്നു.

ലെനിനനന്തരകാലഘട്ടത്തിൽ പാർലമെൻററി ജനാധിപത്യം കൂടുതൽ ജീർണ്ണിച്ചിരിക്കുന്നുവെന്നും എല്ലാ സാമ്രാജ്യത്വ മുതലാളിത്ത രാജ്യങ്ങളിലും ഫാസിസം ഒരു പൊതു പ്രവണത ആയിരിക്കുന്നുവെന്നും സമുന്നത മാർക്സിസ്റ്റ് ദാർശനികനായ സഖാവ് ശിബ്ദാസ് ഘോഷ് നിരീക്ഷിച്ചു.ജനങ്ങൾക്ക് മതിയായ രാഷ്ട്രീയ പ്രബുദ്ധതയില്ലെങ്കിൽ, തൊഴിലാളിവർഗ്ഗം നിരന്തര സമരങ്ങളിലൂടെ അവരുടെ വർഗ്ഗ സംഘടന ശക്തിപ്പെടുത്തിയെടുക്കുന്നില്ലെങ്കിൽ, ജനങ്ങൾ അത്തരം ഒരു സംഘടനയാൽ സായുധരല്ലെങ്കിൽ, പണക്കൊഴുപ്പിന്റെയും പ്രചാരണ കോലാഹലങ്ങളുടെയും കുത്തൊഴുക്കിൽ അവർ ഒലിച്ചുപോകുമെന്ന് അദ്ദേഹം മുന്നറിയിപ്പ് തന്നു. വിപ്ലവം നടക്കുന്നതുവരെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ ജനങ്ങൾ നിർബന്ധിതരാകും. വിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുക്കാറായാൽ പിന്നെ തെരഞ്ഞെടുപ്പുകളുടെ ആവശ്യമില്ല. ജനങ്ങൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുമ്പോൾ അവരോടൊപ്പമായിരിക്കാൻ വിപ്ലവകാരികളും അതിൽ പങ്കെടുക്കാൻ ബാധ്യസ്ഥരാണ്. എവ്വിധവും അധികാരത്തിലെത്താനും മുതലാളിത്ത വ്യവസ്ഥയെ സേവിക്കാനുമാണ് ബൂർഷ്വാ പാർട്ടികൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്. വിപ്ലവകാരികളാകട്ടെ, ബഹുജന വിപ്ലവ പ്രവർത്തനത്തിന്റെ ഭാഗമായും. തെരഞ്ഞെടുപ്പുകളെ സമീപിക്കേണ്ടതെങ്ങനെ എന്നവർ ജനങ്ങളെ പഠിപ്പിക്കുന്നു. വിജയിച്ചാൽ നല്ലത്. എന്നാൽ എവ്വിധവും വിജയിക്കുക എന്നതല്ല സമീപനമെന്നും സഖാവ് ശിബ്ദാസ് ഘോഷ് ഓർമിപ്പിക്കുന്നു.

## മുതലാളിത്ത ഇന്ത്യയുടെ വർത്തമാന സ്ഥിതി

സ്വാതന്ത്ര്യാനന്തരമുള്ള 75 വർഷക്കാലവും ഇന്ത്യയിലെ ജനങ്ങൾ ചൂഷണവും അടിച്ചമർത്തലും സഹിച്ചു. ജനാധിപത്യം ക്രമേണ ഫാസിസ്റ്റ് സ്വേഛാധിപത്യമായി. ജിഎസ്ടിയിലൂടെ കേന്ദ്രീകൃത നികുതി ഏർപ്പെടുത്തിയും സാമ്പത്തിക -ധനകാര്യ നിയന്ത്രണ സംവിധാനങ്ങളുടെ സ്വയംഭരണാവകാശം വെട്ടിച്ചുരുക്കിയും ആസൂത്രണ കമ്മീഷൻ പിരിച്ചുവിട്ടും ബൂർഷ്വാ ഭരണകൂടം സാമ്പത്തിക കേന്ദ്രീകരണം സാധ്യമാക്കിയിരിക്കുന്നു. അതോടൊപ്പംതന്നെ ജനാധിപത്യാവകാശങ്ങൾ നിഷേധിച്ചും കരിനിയമങ്ങൾ പടച്ചുണ്ടാക്കിയും തെരഞ്ഞെടുപ്പ് കമ്മീഷനെയും അന്വേഷണ ഏജൻസികളെയുമൊക്കെ വിധേയപ്പെടുത്തിയും നീതിന്യായ സംവിധാനത്തെപോലും വരുതിയിലാക്കാൻ ശ്രമിച്ചും രാഷ്ട്രീയാധികാരവും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലും ജനങ്ങൾ ആക്രമണവിധേയരാണ്. ജീവിതനിഷേധിയായ ചിന്താഗതികളാണ് പ്രചരിപ്പിക്ക പ്പെടുന്നത്. ഉപഭോക്തൃ മനോഭാവവും ലഹരിയും അശ്ലീലതയും രതിവൈകൃതങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നു. സമൂഹത്തെ ഇത് കാർന്നുതിന്നുകയാണ്. മാനുഷിക മൂല്യങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളാകെ പ്രതിസന്ധിയുടെ പിടിയിലാണ്.

മതഭ്രാന്തും അന്ധതയും, ഇടുങ്ങിയതും വിഭാഗീയവുമായ ചിന്താഗതികളും പ്രോത്സാഹിപ്പിച്ച് യുക്തിചിന്ത യെയും ശാസ്ത്രീയ മനോഭാവത്തെയും തകർക്കുകയും ചെയ്യുന്നു. സാങ്കേതികവിദ്യയുടെ വികാസത്തെ സയൻസിന്റെ വളർച്ചയായി വ്യാഖ്യാനിക്കുന്നു. സയൻസിന്റെ സാങ്കേതിക വശങ്ങളും ആത്മീയവാദവും അന്ധതയും യുക്തിഹീനമായ മനോഗതിയും സവിശേഷമായി ലയിക്കുമ്പോൾ ഫാസിസം ജന്മമെടുക്കുന്നുവെന്ന് സഖാവ് ശിബ്ദാസ് ഘോഷ് വളരെ മുമ്പുതന്നെ മുന്നറിയിപ്പ് തന്നിട്ടുള്ളതാണ്. മൂല്യങ്ങൾ നഷ്ടപ്പെടുമ്പോൾ ജനങ്ങൾ സ്വാർത്ഥരും നീചരും സാമൂഹ്യവിരുദ്ധരും ആയിത്തീരും.

ജനങ്ങൾക്ക് സ്വന്തം ഭരണകർത്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഉണ്ടെന്നാണ് ഭരണവർഗം അവകാശപ്പെടുന്നത്. എന്നാൽ പ്രത്യക്ഷവും പരോക്ഷവുമായ മാർഗ്ഗങ്ങളിലൂടെ സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പിനെ അവർ അട്ടിമറിച്ചിരിക്കുന്നു.തെരഞ്ഞെടുപ്പുകളിൽ ജനങ്ങൾക്കിന്ന് പ്രതീക്ഷയൊന്നുമില്ല.തെരഞ്ഞെടുപ്പുകൾവഴി എന്തെങ്കിലും മാറ്റം ഉണ്ടാകുമെന്ന് അവർ കരുതുന്നുമില്ല. ബൂർഷ്വാ പാർട്ടികൾ വെച്ചുനീട്ടുന്ന നിസ്സാര പ്രലോഭനങ്ങൾക്ക് അവർ വശംവദരാകുന്നതും അതുകൊണ്ടുതന്നെ. വോട്ടിംഗ് ശതമാനം കുറവാണെങ്കിൽ സ്ഥാപിത താൽപര്യക്കാർക്ക് കൃത്രിമം കാണിക്കാൻ എളുപ്പവുമാകും.ഇതിനെ ചെറുക്കാൻപോന്ന ശക്തമായ രാഷ്ട്രീയശക്തിയുടെ സാന്നിധ്യം അവർക്ക് അനുഭവവേദ്യമാകുന്നില്ല എന്നതാണ് ദുര്യോഗം. അധ്വാനിച്ച് ജീവിക്കുന്നവരെ വർഗ്ഗ-ബഹുജന സമരങ്ങളിലൂടെ രാഷ്ട്രീയ പ്രബുദ്ധരാക്കി മാറ്റണം.ചൂഷിത ജനത പൊതുശത്രുവിനെതിരെ യോജിച്ചണിനിരക്കുമ്പോൾ ഭരണവർഗ്ഗം അവരിൽ കുത്തിനിറക്കുന്ന വിഭാഗീയ പ്രവണതകൾ പിൻവാങ്ങും.വലതുപിന്തിരിപ്പൻ ശക്തികൾക്കെതിരെ ശക്തമായ ഒരു ഇടതു ബദൽ വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതിലേക്കുള്ള ആദ്യ ചുവടുവെയ്പ്പ്. ഇത് അടിയന്തരാവശ്യകതയായി തീർന്നിരിക്കുന്നു. അതുകൊണ്ടാണ് ഇടതുപക്ഷത്തിന്റെ അന്തസ്സ് നഷ്ടപ്പെടുത്തിയവരെങ്കിലും സിപിഐ(എം), സിപിഐ പാർട്ടികളോട് ഇത്തരമൊരു ഇടതുപക്ഷബദൽരൂപീകരിക്കാനായി മുന്നോട്ടുവരാൻ നമ്മൾ നിരന്തരം ആവശ്യപ്പെട്ടത്. ഇങ്ങനെയൊരു ഇടതുപക്ഷ സമരശക്തി സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞാൽ സമരത്തിന്റെ ഭാഗമെന്നോണം ഇടതുപക്ഷീയത ഉയർത്തിപ്പിടിച്ചുകൊണ്ട് തിരഞ്ഞെടുപ്പുകളിലും മത്സരിക്കാൻ കഴിയും. എന്നാൽ അവർ താല്പര്യം കാണിച്ചില്ല.

അധികാരം കൈയാളുന്നതിനുമുൻപ് സിപിഐ(എം), സിപിഐ പാർട്ടികൾ പാർലമെന്ററി താല്പര്യം മനസ്സിൽ വച്ചുകൊണ്ടാണെങ്കിൽപോലും ഇടതു-ജനാധിപത്യ സമരങ്ങളിൽ വീറോടെ പങ്കെടുത്തിരുന്നു. അധികാരം കിട്ടിയതോടെ അവർ ഇടതുപക്ഷീയത കൈവെടിഞ്ഞു. ബൂർഷ്വാ വോട്ടുരാഷ്ട്രീയത്തിന്റെയും കരുനീക്കങ്ങളുടെയും ആശാൻമാരായി. അധികാരത്തിലിരുന്ന് ജനകീയ സമരങ്ങളെ അടിച്ചമർത്താൻകൂടി തുനിഞ്ഞതോടെ നമുക്ക് ഒറ്റയ്ക്ക് സമരങ്ങൾ കെട്ടിപ്പടുക്കേണ്ടിവന്നു.

## തെരഞ്ഞെടുപ്പിന് മുമ്പുള്ള സാഹചര്യം

മുതലാളിമാർ രഹസ്യമായി നൽകുന്ന കോടിക്കണക്കിന് രൂപയുടെ കള്ളപ്പണവുമായിട്ടാണ് മുമ്പൊക്കെ ബൂർഷ്വാ പാർട്ടികൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചിരുന്നത്. ഇന്ന് പരസ്യമായി തന്നെ പണം നൽകുന്നു. ബിജെപി ഭരണത്തിൽ ഇലക്ടറൽ ബോണ്ടുകൾവഴി സംഭാവന നൽകുന്ന ആളുടെ പേര് വെളിപ്പെടുത്താതെ പരസ്യമായി പണം കൈപ്പറ്റാം. ഭരണം കൈയാളുന്ന ബിജെപിക്കാണ് ഏറ്റവുമധികം പണവും മാധ്യമ പിന്തുണയും ഭരണ സൗകര്യങ്ങളും ലഭിക്കുന്നത്. തെരഞ്ഞെടുപ്പ് കമ്മീഷൻ വെറും റബ്ബർ സ്റ്റാമ്പാണ്. മുതലാളിവർഗ്ഗ താല്പര്യം ഇതുപോലെ സംരക്ഷിക്കുന്ന ഒരു പാർട്ടി വേറെയില്ല.

കോൺഗ്രസ് ശിഥിലമായിക്കൊണ്ടിരിക്കുന്നു. മോദിക്ക് ബദലായി ഒരു പാർട്ടിയോ നേതാവോ ഇല്ല.ദേശീയ താൽപര്യത്തിന്റെ പ്രതീകം എന്ന വ്യാജേന ഒരു അമാനുഷ വ്യക്തിത്വം മോദിയിൽ മുതലാളിവർഗ്ഗം ആരോപിച്ചെടുക്കുകയാണ്. ഒരു യഥാർത്ഥ വിപ്ലവ നേതൃത്വം ജനകീയ സമരങ്ങളുടെ നേതൃത്വത്തിലേക്ക് ഉയർന്നുവരുന്നതിനെ അവർ ഭയക്കുന്നു. കർഷകരുടെ ഐക്യം ഊട്ടിയുറപ്പിച്ച്, കുത്തകകൾക്കെതിരെ മുദ്രാവാക്യമുയർത്തി ഉയർന്നുവന്ന കർഷകപ്രക്ഷോഭം അവരെ ഞെട്ടിച്ചു. അതുകൊണ്ട് തെരഞ്ഞെടുപ്പിൽ ജയിക്കണമെന്ന്, പ്രത്യേകിച്ച് യുപിയിൽ, അവർക്ക് നിർബന്ധമുണ്ടായിരുന്നു. കുത്തക മാധ്യമങ്ങളെല്ലാം തെരഞ്ഞെടുപ്പിനുമുമ്പേ ബിജെപിയുടെ വിജയം പ്രവചിച്ചു. ജാതി വർഗീയ പ്രചാരണത്തിലൂടെ ബിജെപി നില ഒന്നുകൂടി ഭദ്രമാക്കി. ജീവിത പ്രശ്നങ്ങളെല്ലാം പിന്തള്ളപ്പെട്ടു. മുമ്പ് വോട്ടേഴ്സ് ലിസ്റ്റിലെ തിരിമറിയും അക്രമവും ബൂത്ത് പിടിച്ചടക്കലുമൊക്കെയാണ് നടത്തിയിരുന്നത്. ഇപ്പോൾ മാധ്യമ പിന്തുണയോടെയുള്ള കൃത്രിമവും അരങ്ങേറുന്നു. പെഗസസ് പോലുള്ള ചാര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വോട്ടിംഗ് മെഷീനിൽ കൃത്രിമം നടത്തിയിരിക്കാനും സാധ്യതയുണ്ട്.

ബിജെപി ഹിന്ദു വർഗീയത കയ്യാളുന്നു എന്ന് വിമർശിക്കുന്ന ബൂർഷ്വാ പാർട്ടികളൊക്കെ മൃദുഹിന്ദുത്വ നിലപാട് എടുക്കാൻ നിർബന്ധിതരാകുന്നു എന്നതും ശ്രദ്ധേയമാണ്. മതേതരവാദികൾ എന്ന് സ്വയം വിശേഷിപ്പിക്കുന്നെങ്കിലും ഇവർ കപട മതേതരക്കാരാണ്. ഭരണകാര്യങ്ങളിലോ രാഷ്ട്രീയത്തിലോ സാമൂഹ്യ വിഷയങ്ങളിലോ മതത്തിന് പങ്കില്ലാതിരിക്കുക എന്നതാണ് മതേതര നിലപാട്. പ്രകൃത്യാതീതമായ ഒരു ശക്തിയെയും അത് അംഗീകരിക്കുന്നില്ല.മതം വ്യക്തിയുടെ സ്വകാര്യപ്രശ്നം മാത്രമാണ്. ബിജെപി വിരുദ്ധ നിലപാട് കൊണ്ടുമാത്രം ആരും മതേതരക്കാർ ആകുന്നില്ല. എന്നാൽ ഈ കപട മതേതരവാദികൾ എല്ലാ മതങ്ങൾക്കും തുല്യ പ്രോത്സാഹനം നൽകുന്നതിനെയാണ് മതേതരത്വമായി ചിത്രീകരിക്കുന്നത്. സ്വാഭാവികമായും ഹിന്ദുമത വിശ്വാസികൾക്ക് ഹിന്ദുത്വവാദികളോട് കൂടുതൽ ആഭിമുഖ്യം ഉണ്ടാകും. ചുരുക്കത്തിൽ മൃദുഹിന്ദുത്വ നിലപാട് ബിജെപിയുടെ ഹിന്ദുത്വ നിലപാടിന് കൂടുതൽ അവസരമൊരുക്കി കൊടുക്കുകയാണ് ചെയ്യുന്നത്. ഈ പശ്ചാത്തലത്തിൽവേണം തെരഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ.

*(ശേഷം 6–ാം പേജിൽ)*

# ബൂർഷ്വാ വോട്ട് രാഷ്ട്രീയത്തിന്റെ ചെപ്പടിവിദ്യകളിൽ മയങ്ങാതെ ജനസമരങ്ങൾ വളർത്തിയെടുക്കണം

*(5-ാം പേജിൽ നിന്ന്)*

## 5 സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം

### ഉത്തർപ്രദേശ്

ഉത്തർപ്രദേശ് തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി അടക്കമുള്ള ബിജെപി നേതാക്കൾ ജനങ്ങളുടെ പ്രശ്നങ്ങൾ മൂടിവെച്ചുകൊണ്ട് ഹിന്ദു വർഗീയതയും ന്യൂനപക്ഷ വിരോധവും രാമക്ഷേത്ര നിർമാണവും കപട ദേശസ്നേഹവുമൊക്കെയാണ് ചർച്ചയാക്കിയത്. യോഗി ഭരണം മാഫിയകളെ അമർച്ചചെയ്തു, അഴിമതി അവസാനിപ്പിച്ച്, സ്ത്രീകളടക്കം മുഴുവൻ ജനങ്ങളുടെയും സുരക്ഷ ഉറപ്പാക്കി, സംസ്ഥാനത്തെ സമാധാനത്തിലേയ്ക്കും അഭിവൃദ്ധിയിലേക്കും നയിച്ച എന്നവകാശപ്പെട്ടു. എന്നാൽ വസ്തുത നേരെ മറിച്ചായിരുന്നു. യുപിയിൽ 32 ശതമാനത്തിനേ തൊഴിലുള്ളൂ, അതിൽ ഭൂരിപക്ഷവും കരാർ തൊഴിൽ ചെയ്യുന്നവർ. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം 20 ലക്ഷമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ സമ്മതിച്ചതാണ്. 38 ശതമാനം പേർ ദരിദ്രരും 31 ശതമാനം നിരക്ഷരരുമാണ്. സ്ത്രീകൾക്കു മേലുള്ള അതിക്രമങ്ങൾ 2015ന് ശേഷം 66 ശതമാനം വർദ്ധിച്ചു. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പറയുന്നത് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇന്ത്യയിലെ ഏറ്റവും അരക്ഷിതമായ സംസ്ഥാനമാണ് യുപി എന്നാണ്. ഉന്നാവോയിലെയും ഹത്രാസിലെയും കൂട്ട ബലാത്സംഗങ്ങൾ പൈശാചികതയുടെ പ്രതീകമായി മാറി. മത ന്യൂനപക്ഷങ്ങൾക്കും ദളിതരെന്ന് വിളിക്കപ്പെടുന്നവർക്കുംനേരെ രാജ്യത്ത് നടക്കുന്ന അക്രമങ്ങളുടെ പകുതിയും യുപിയിലാണെന്ന് മനുഷ്യാവകാശ കമ്മീഷൻ സാക്ഷ്യപ്പെടുത്തുന്നു. പശുസംരക്ഷകർ, റോമിയോ വിരുദ്ധസംഘം, ലൗ ജിഹാദ് വിരുദ്ധ പോരാളികൾ തുടങ്ങിയവരുടെയൊക്കെ അതിക്രമങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു. 2017 മുതൽ വ്യാജ ഏറ്റുമുട്ടൽ കൊലകളും വർധിച്ചുവരികയാണ്. കസ്റ്റഡി മരണങ്ങൾ ഏറ്റവുമധികം നടക്കുന്നതും യുപിയിൽ തന്നെ. കോവിഡ് കാലത്ത് യുപിയിലെ ആരോഗ്യ പരിപാലന സംവിധാനങ്ങളുടെ അപര്യാപ്തതയും ഗവൺമെന്റിന്റെ അനാസ്ഥയും വളരെ പ്രകടമായി. ജനങ്ങൾ ഏറെ ദുരിതം അനുഭവിച്ചു. ഓക്സിജൻ സിലിണ്ടറുകളുടെ അപര്യാപ്തത ഏറെ മരണങ്ങൾക്ക് ഇടയാക്കി. ഓക്സിജൻ സിലിണ്ടർ ഇല്ലാത്തതുകൊണ്ട് ചികിത്സ നിരസിക്കുന്നതായി യോഗിയുടെ ജില്ലയിൽപോലും ആശുപത്രികൾക്ക് നിലപാട് എടുക്കേണ്ടിവന്നു. മരണസംഖ്യ വളരെ കുറച്ചു കാണിച്ചു. ഗംഗാ നദിയിൽ മൃതദേഹങ്ങൾ ഒഴുകി നടന്നു. വെന്റിലേറ്ററുകളുടെ കാര്യത്തിൽപോലും കരിഞ്ചന്ത നടക്കുന്നതായി ബിജെപിക്കാരനായ കേന്ദ്ര തൊഴിൽമന്ത്രി യുപി മുഖ്യമന്ത്രിക്ക് കത്തെഴുതുന്ന സ്ഥിതിവരെ എത്തി. ആംബുലൻസുകളിലും തെരുവുകളിലുമൊക്കെ ആളുകൾ മരണത്തിന് കീഴടങ്ങുന്നതായി കാൺപൂരിലെ ബിജെപി എംപി യോഗിക്ക് കത്ത് എഴുതുകയുണ്ടായി.

ഇന്ത്യയിൽ കോവിഡ് പ്രത്യക്ഷപ്പെട്ടിട്ട് രണ്ട് മാസം കഴിഞ്ഞിട്ടും അതിന്റെ വ്യാപനം തടയാനുള്ള യാതൊരു നടപടിയും ബിജെപി ഗവൺമെന്റ് സ്വീകരിച്ചില്ല. നിരാലംബരും ദരിദ്രരുമായ പ്രവാസി തൊഴിലാളികൾ സ്വന്തം നാട്ടിലെത്താൻ സഹിച്ച ത്യാഗങ്ങൾ ഒരിക്കലും മറക്കാൻ കഴിയാത്തതാണ്. ഇവരിൽ നല്ലൊരുപങ്ക് യുപിയിൽനിന്നുള്ളവരായിരുന്നു. ഗവൺമെന്റിന്റെ ഈ ക്രൂരമുഖം മാറുന്നത് തെരഞ്ഞെടുപ്പ് അടുത്തുവന്നപ്പോഴാണ്. കർഷക സമരം ഏൽപ്പിച്ച ആഘാതത്തിൽനിന്ന് പുറത്തുവരാൻ ഹിന്ദുത്വ കാർഡ് ഇറക്കി, വർഗീയ ചേരിതിരിവ് മൂർദ്ധന്യത്തിലെത്തിക്കുക എന്ന പോംവഴിയാണവർ കണ്ടെത്തിയത്. മുസ്ലീങ്ങളെ അക്രമികളും സാമൂഹ്യവിരുദ്ധരുമായി ചിത്രീകരിച്ചു. 80 ശതമാനവും 20 ശതമാനവും തമ്മിലുള്ള മത്സരമെന്ന് യോഗി പറഞ്ഞത് ഈ ചേരിതിരിവിന്റെ അടിസ്ഥാനത്തിലാണ്. ആർഎസ്എസ്-ബിജെപി കേന്ദ്രങ്ങൾ കാഷായധാരിയായ യോഗിയെ ബുൾഡോസർ ബാബ എന്ന് പ്രകീർത്തിച്ചത് ന്യൂനപക്ഷങ്ങൾക്കുമേൽ നടത്തിയ അടിച്ചമർത്തലിന്റെ പേരിലായിരുന്നു. സൗജന്യ റേഷൻപോലുള്ള നിസ്സാര ആനുകൂല്യങ്ങൾ നൽകി എസ്‌സി, എസ്‌ടി, ഒബിസി വിഭാഗങ്ങളെ വശീകരിക്കാനുള്ള പദ്ധതിയും ഭംഗിയായി നിറവേറ്റി. സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾക്കും ചില ആനുകൂല്യങ്ങൾ നൽകി. ജനങ്ങളെ തെണ്ടികളാക്കുക, എന്നിട്ടവർക്ക് നക്കാപ്പിച്ചകൾ എറിഞ്ഞുകൊടുത്ത് വിലയ്ക്കെടുക്കുക. ഈ ഹീനതന്ത്രമാണ് ബൂർഷ്വ രാഷ്ട്രീയം പയറ്റുന്നത്. പണവും മാദ്ധ്യമ പിന്തുണയും ഭരണ സംവിധാനത്തിന്റെ ഒത്താശയുമെല്ലാം ബിജെപി വിജയത്തിന്റെ പിന്നിലുണ്ട്. കോർപ്പറേറ്റുകൾ നൽകുന്ന ഭീമമായ സംഭാവനകൾ വോട്ടർമാരെ വിലയ്ക്കെടുക്കാൻവേണ്ടി ഉപയോഗപ്പെടുത്തുന്നു. സമാജ്‌വാദി പാർട്ടിയും തന്നാലാവകും വിധം ഈ അടവുകൾ പയറ്റി.

ഇത്രയൊക്കെ ചെയ്തിട്ടും അവരുടെ സീറ്റുകൾ 58 എണ്ണം കുറഞ്ഞു. ഡെപ്യൂട്ടി മുഖ്യമന്ത്രിയും 11 മന്ത്രിമാരും തോറ്റു. ഓരോ മണ്ഡലത്തിലും അവർക്ക് കിട്ടിയ ഭൂരിപക്ഷം ഒരു ശതമാനം മുതൽ അഞ്ച് ശതമാനംവരെ മാത്രമാണ്. കർഷക സമരം സ്വാധീനം ചെലുത്തിയ പടിഞ്ഞാറൻ യുപിയിൽ 19ൽ 13ലും അവർ തോറ്റു. രണ്ടാം സ്ഥാനത്തെത്തിയ സമാജ്‌വാദി പാർട്ടിയും ജാതി-മത രാഷ്ട്രീയമാണ് കളിച്ചത്. ബിജെപി വിരുദ്ധ വോട്ടുകൾ ഭിന്നിപ്പിച്ച അസാസുദീൻ ഒവൈസിയും മായാവതിയും ബിജെപിക്ക് പരോക്ഷ സഹായമായി. പ്രതിപക്ഷത്തിന്റെ അനൈക്യം മുതലെടുത്ത് സുസ്ഥിര ഗവണ്മെന്റ് എന്ന മുദ്രാവാക്യം അവർ ശക്തമായി ഉന്നയിച്ചു. എല്ലാം മോദി തീരുമാനിക്കുന്നതുപോലെയേ നടക്കൂ എന്ന ചിന്താഗതിയും പ്രബലപ്പെടുത്തി. ജനങ്ങൾക്ക് ശക്തമായ ബിജെപിവിരുദ്ധ വികാരമുണ്ടായിരുന്നെങ്കിലും അത് ഉപയോഗപ്പെടുത്താൻ അംഗീകാരവും വിശ്വസ്തതയുമുള്ള ഒരു ബദൽ ഇല്ലാതെപോയി.

> **ബൂർഷ്വാ ജനാധിപത്യത്തിന്റെ ആരംഭ ദശയിൽ തെരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതി പൂർവ്വകവുമായിരുന്നു. എന്നാൽ മുതലാളിത്തം ജീർണിക്കുന്തോറും തെരഞ്ഞെടുപ്പുകൾ പാഴ് വേലയായി മാറിക്കൊണ്ടിരുന്നു. ഇന്നത് പണവും കയ്യൂക്കും മാധ്യമങ്ങളും ഉദ്യോഗസ്ഥ സംവിധാനവുമൊക്കെ നിയന്ത്രിക്കുന്ന ഏർപ്പാടാണ്. മുതലാളിവർഗ്ഗ താല്പര്യം ഏറ്റവും നന്നായി സേവിക്കുമെന്നുറപ്പുള്ളവർ അധികാരത്തിലേറ്റപ്പെടുന്നു.**

### ഉത്തരാഖണ്ഡ്

ഉത്തർപ്രദേശ് മുറിച്ചുണ്ടാക്കിയ ഉത്തരാഖണ്ഡിന്റെ മണ്ണ് യുപിയെപ്പോലെതന്നെയാണ്. ബിജെപിയും കോൺഗ്രസും എഎപിയും മത്സരിച്ചപ്പോൾ ബിജെപിക്ക് 70ൽ 47ഉം കോൺഗ്രസിന് 19ഉം സീറ്റുകിട്ടി. ബിജെപിക്ക് 10 സീറ്റ് കുറഞ്ഞു. മുഖ്യമന്ത്രി തോറ്റു. ജനങ്ങൾ ഇവിടെയും ദുരിതത്തിലാണ്. പ്രകൃതി ദുരന്തത്തിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ 5700 പേർ മരിച്ചു. 2000 പേർക്ക് പരുക്കേറ്റു. പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ കണക്കിലെടുക്കാതെയുള്ള നിർമ്മാണങ്ങളും മറ്റും ദുരന്തങ്ങൾക്ക് കാരണമാകുന്നു. സാധാരണക്കാർക്കാണ് ഏറ്റവുമധികം ദുരിതങ്ങൾ സഹിക്കേണ്ടിവരുന്നത്. അവർക്ക് പ്രതിഷേധമുണ്ട്. എന്നാൽ അതൊന്നും തെരഞ്ഞെടുപ്പ് ഫലത്തിൽ കാണുന്നില്ല. ദേവഭൂമി എന്നറിയപ്പെടുന്ന ഈ സംസ്ഥാനമിന്ന് ആർഎസ്എസ്-ബിജെപി നിയന്ത്രണത്തിലാണ്. ഇവടെ നടന്ന സന്ന്യാസിസഭ മുസ്ലീങ്ങളെ കൂട്ടക്കൊല ചെയ്യാൻ ആഹ്വാനംചെയ്തിരുന്നു. ഈ മതശാസനം ഡൽഹി, യുപി, ഉത്തരാഖണ്ഡ് തുടങ്ങിയ ഗവണ്മെന്റുകളെല്ലാം ശിരസാവഹിക്കണമെന്നാണ് അവരാവശ്യപ്പെട്ടത്. ഹരിദ്വാറിൽ ക്രിസ്തുമസോ ഈദോ ആഘോഷിക്കുന്നവരെ ആക്രമിക്കണമെന്നും ഇവർ ആഹ്വാനം ചെയ്തു. ഇത് ആയുധ നിയമത്തിന്റെ ലംഘനവും, മതസ്വാതന്ത്ര്യത്തിനും ജീവിക്കാനുള്ള അവകാശത്തിനും മേലുള്ള കടന്നുകയറ്റവുമാണ്. പക്ഷേ അവർക്കെതിരെ യാതൊരു നിയമനടപടിയും ഉണ്ടായില്ല. യഥാർത്ഥത്തിൽ തെരഞ്ഞെടുപ്പിനെ എങ്ങനെ സമീപിക്കണമെന്ന ദിശാസൂചനയാണ് ഈ സന്ന്യാസി സമ്മേളനം നൽകിയത്. യുപിയിലെപ്പോലെ ഇവിടെയും ശക്തമായ ബദലിന്റെ അസാന്നിദ്ധ്യത്തിൽ ജനങ്ങൾ ബിജെപിക്കുതന്നെ വോട്ടുചെയ്തു.

### ഗോവ

പോർട്ടുഗീസുകാരിൽനിന്ന് സ്വാതന്ത്ര്യം നേടിയതുമുതൽ ബൂർഷ്വാരാഷ്ട്രീയത്തിന്റെ പിടിയിലാണ് ഗോവ. ഇടത്-ജനാധിപത്യ പ്രക്ഷോഭത്തിന്റെ അഭാവമാണ് കാരണം. മതപരമായ ഘടകങ്ങൾ, വിഘടന പ്രവണത, ജാതി-വംശ വികാരങ്ങൾ എന്നിവയൊക്കെ ഇവിടെ സജീവമാണ്. എല്ലാ ജനവിഭാഗങ്ങളും ഒന്നിക്കുന്ന സ്ഥിതിയില്ല. കോൺഗ്രസിന്റെ ദീർഘകാലത്തെ ദുർഭരണം ബിജെപി മുതലെടുത്തു. പണമൊഴുക്കി കോൺഗ്രസ് എംഎൽഎമാരെ വിലക്കെടുത്ത് അധികാരം പിടിച്ചു. ഇരുകൂട്ടരോടും വിലപേശി നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്ന ചില പ്രാദേശിക പാർട്ടികളും ഇവിടെയുണ്ട്. ഇക്കുറി കുറച്ച് കോൺഗ്രസുകാർ തൃണമൂൽ കോൺഗ്രസിൽ ചേർന്നു. എല്ലാവരുംതമ്മിൽ മത്സരിച്ചപ്പോൾ ബിജെപിക്ക് വിജയം ഉറപ്പായി. അവർക്ക് ബദലാകാൻ ആർക്കുമായില്ല. പണവും അധികാരവും മാദ്ധ്യമപിന്തുണയുമൊക്കെ ബിജെപിക്ക് തുണയാകുകയും ചെയ്തു. നിരാശരായ കോൺഗ്രസ് നേതാക്കൾ പ്രതിപക്ഷ വോട്ട് ഭിന്നിപ്പിച്ചതിന് തൃണമൂലിനെ പഴിക്കുന്നു.

### മണിപ്പൂർ

വിഘടന ശക്തികൾക്ക് സ്വാധീനമുള്ള സ്ഥിതിയാണ് മണിപ്പൂരിൽ ഏറെക്കാലമായുള്ളത്. ഇവർ കോൺഗ്രസിനോടും ബിജെപിയോടും തരംപോലെ ചങ്ങാത്തം കൂടുന്നു. 2017ൽ കോൺഗ്രസ് വിട്ടുവന്ന രണ്ട് ഡസൻ നേതാക്കൾക്ക് ബിജെപി മന്ത്രിസ്ഥാനം നൽകി. ബിജെപിക്ക് 21ഉം കോൺഗ്രസിന് 28ഉം എംഎൽഎമാരുണ്ടായിട്ടും ബിജെപി ഭരിച്ചു. നാഷണൽ പീപ്പിൾസ് പാർട്ടി, നാഗ പീപ്പിൾസ് ഫ്രണ്ട്, ലോക് ജനശക്തി പാർട്ടി എന്നിവരുമായി ബിജെപി മുന്നണിയുണ്ടാക്കിയിരുന്നു. പ്രാദേശിക പാർട്ടികൾ അവരുടെ വിഘടനപരമായ രാഷ്ട്രീയം മറച്ചുവയ്ക്കുന്നില്ല. ഇക്കുറി കോൺഗ്രസ് സിപിഐ, സിപിഐ(എം), ആർഎസ്‌പി, ജനതാദൾ, ഫോർവേഡ് ബ്ലോക്ക് എന്നീ ചെറിയ പാർട്ടികളുമായി സഖ്യമുണ്ടാക്കിയാണ് തെരഞ്ഞെടുപ്പിൽ മത്സരിച്ചത് ബിജെപിക്ക് ഭൂരിപക്ഷംകിട്ടി. നേരത്തെ ബിജെപി എൻഡിഎ സഖ്യം രൂപീകരിച്ചാണ് മത്സരിച്ചതെങ്കിൽ ഇത്തവണ സഖ്യം ഉണ്ടായിരുന്നില്ല. വടക്കുകിഴക്കൻ മേഖലയിൽ സൈന്യത്തിന് അമിതാധികാരം നൽകുന്നസായുധസേനപ്രത്യേകാധികാര നിയമം തുടരുന്നതുമായി ബന്ധപ്പെട്ട അഭിപ്രായ വ്യത്യാസമായിരുന്നു സഖ്യം തകരാൻ കാരണം. ഭീകരവേട്ടയുടെ പേരിൽ 13 നിരപരാധികളെ വെടിവച്ചുകൊന്നതടക്കമുള്ള വിഷയങ്ങളിൽ ജനങ്ങൾക്ക് കടുത്ത പ്രതിഷേധമുണ്ടായിട്ടും. ബിജെപിയുമായി ചങ്ങാത്തമുണ്ടായിരുന്ന പ്രാദേശിക പാർട്ടികൾ പരാജയപ്പെടുകയും ബിജെപിക്ക് ഭൂരിപക്ഷം ലഭിക്കുകയും ചെയ്തു എന്നത് ഏവരെയും അത്ഭുതപ്പെടുത്തിയ കാര്യമാണ്.

### പഞ്ചാബ്

ബിജെപി പരാജയപ്പെട്ടത് പഞ്ചാബിൽ മാത്രമാണ്. പഞ്ചാബിലെ കാർഷിക മേഖല സമ്പന്നമാണ്. നല്ല ജലസേചന സൗകര്യങ്ങളുമുണ്ട്. എന്നാൽ വിത്ത്, വളം തുടങ്ങിയവയുടെയൊക്കെ വിലവർധനവും കാർഷികോൽപന്ന സംഭരണത്തിലെ അഴിമതിയുമൊക്കെ കാരണം കർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. അവർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ പോലും കഴിയാത്ത സ്ഥിതിയുണ്ട്. ഇത് കർഷകരിൽ വലിയ അസംതൃപ്തി വളർത്തിയിട്ടുണ്ട്. കൂടാതെ മുതലാളിത്ത ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെപോലെതന്നെ പഞ്ചാബിലും വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ മേഖലകളിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ട്. ലഹരി ഉപയോഗവും സ്ത്രീകൾക്കു മേലുള്ള അതിക്രമങ്ങളും വർദ്ധിച്ചുവരുന്നു. ചെറുപ്പക്കാർ ജോലിതേടി വിദേശത്ത് പോകുന്നത് പതിവാണ്. എന്നാൽ ഇവർ വിവാഹം കഴിച്ചുകൊണ്ടുപോകുന്ന സ്ത്രീകളെ വിദേശത്ത് ചെല്ലുമ്പോൾ ഉപേക്ഷിക്കുന്ന സ്ഥിതി

*(ശേഷം 7-ാം പേജിൽ)*

# കഠിനപ്രഹരമായി ബസ് ചാർജ് വർദ്ധനവ്

നിരവധി വാചാടോപങ്ങൾക്കും നാടകങ്ങൾക്കുമൊടുവിൽ ബസ് ചാർജ് വർദ്ധനവ് എന്ന പ്രഹരം സാധാരണക്കാരന്റെ തലയിൽ കെട്ടിവെയ്ക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടെ ഓട്ടോ, ടാക്സി നിരക്കുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. ഓർഡിനറി ബസുകളുടെ മിനിമം നിരക്ക്(2.5) കിലോമീറ്ററിന് നിലവിലെ 8 രൂപയിൽ നിന്നും 10 രൂപയായും തുടരുന്നുള്ള കിലോമീറ്റർ നിരക്ക് 90 പൈസയിൽ നിന്നും ഒരു രൂപയായും വർദ്ധിപ്പിച്ചു. കോവിഡ് കാലത്തെ യാത്ര നിയന്ത്രണങ്ങളുടെ പേരിൽ കിലോമീറ്റർ നിരക്ക്70പൈസയിൽനിന്നും90പൈസയാക്കിയിരുന്നു. പൂർവസ്ഥിതിയിലായതിന് ശേഷം അത് പിൻവലിച്ചിരുന്നില്ല. മാത്രമല്ല, കോവിഡിന് മുൻപ് മിനിമം ചാർജിൽ രണ്ട് ഫെയർസ്റ്റേജ് (5കിലോമീറ്റർ) യാത്ര ചെയ്യാമായിരുന്നു. കോവിഡ് കാലത്ത് മിനിമം നിരക്കിൽ ഒരു ഫെയർസ്റ്റേജ് (2.5) മാത്രമായി യാത്ര ചെയ്യാവുന്ന ദൂരം കുറച്ചിരുന്നു. പുതിയ നിരക്ക് വർദ്ധനവിലും കോവിഡ് കാലത്തെ രീതി തുടരുന്നു. ഫാസ്റ്റ് പാസഞ്ചർ ബസുകളിലും സൂപ്പർ ഫാസ്റ്റ് ബസുകളിലും ആനുപാതികമായി വർദ്ധനവ് ഉണ്ടാകും. കെഎസ്ആർടിസിയുടെ സൂപ്പർ ഫാസ്റ്റിന് മുകളിലുള്ള സൂപ്പർ ക്ലാസ് ബസുകൾക്കു കോവിഡ് സമയത്ത് നൽകിയിരിക്കുന്ന യാത്രാ നിരക്കിലെ 30% ഇളവ് കഴിഞ്ഞ ദിവസങ്ങളിൽ പിൻവലിച്ചിരുന്നു. അതായത് കോവിഡ് കാലത്തെ യാത്ര നിരക്ക് വർദ്ധനവുകളെല്ലാം തുടരുന്നു; ഇളവുകളെല്ലാം പിൻവലിച്ചിരിക്കുന്നു. അതോടൊപ്പം ഭീമമായ ചാർജ് വർദ്ധനവ് അടിച്ചേൽപ്പിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ യാത്രാ ചാർജ് വർദ്ധനവിനെ കുറിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെയും നിയോഗിച്ചിട്ടുണ്ട്. സ്വകാര്യ ബസ് ഓപ്പറേറ്റേഴ്സിന്റെ സമ്മർദ്ദത്തെ തുടർന്നാണ് ഈ ചാർജ് വർദ്ധനവ് എന്നാണ് സർക്കാരിന്റെ നാട്യം. പരീക്ഷാക്കാലത്ത് നാലു ദിവസത്തെ പണിമുടക്ക് നടത്തിക്കൊണ്ട് സ്വകാര്യ ബസ് മുതലാളിമാർ നടത്തിയ സമരമാണത്രേ ഈ സമ്മർദ്ദം വർദ്ധിപ്പിച്ചത്.

സ്വകാര്യ ബസ് സമരത്തിന്റെ മറവിൽ കെഎസ്ആർടിസി ചാർജുകളും വർദ്ധിപ്പിച്ചു. കോവിഡ് കാലത്തിന്റെ മറവിൽ തിരക്കുള്ള ദിവസങ്ങളിൽ അധിക നിരക്ക് ഈടാക്കുന്ന രീതി കെഎസ്ആർടിസി അവലംബിച്ചിരുന്നു. അതോടൊപ്പമുള്ള ഈ വർദ്ധനവ് വലിയഭാരമാണമാണ് സൃഷ്ടിക്കുന്നത്. ഇന്ധനവില വർദ്ധനവിന്റെയും നഷ്ടത്തിന്റെയും കണക്കാണ് ഈ ചാർജ് വർദ്ധനവിന് ആധാരമായി അവതരിപ്പിക്കുന്നത്. എന്നാൽ അയൽസംസ്ഥാനങ്ങളെ അപേക്ഷിച്ച് വലിയ ചാർജാണ് കേരളത്തിലുള്ളത്. കർണ്ണാടകയിൽ മിനിമം ചാർജ് 5രൂപയും തമിഴ്നാട്ടിൽ 6രൂപയുമാണ്. മാത്രമല്ല, സ്കൂൾ വിദ്യാർത്ഥികൾക്ക് യാത്ര സൗജന്യവുമാണ്. ഇന്നത്തെ സാഹചര്യത്തിൽ നിരക്ക് വർദ്ധനവില്ലാതെ പിടിച്ചു നിൽക്കാനാവില്ലായെന്ന വാദം പൊള്ളയാണെന്ന് ഈ വിവരങ്ങൾ വ്യക്തമാക്കുന്നു.

കോവിഡ് കാലത്ത് സ്വകാര്യ ബസ് മേഖലയും ഓട്ടോ, ടാക്സി മേഖലയും ഏകദേശം നിശ്ചലമായിരുന്നു. രണ്ടു വർഷത്തോളം നീണ്ടുനിന്ന നിയന്ത്രണങ്ങൾ മറ്റെല്ലാ മേഖലകളിലുമെന്ന പോലെ ഈ വിഭാഗത്തെയും ബാധിച്ചു. എന്നാൽ ഈ പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിച്ചത് അതിഭീമമായ ഇന്ധനവില വർദ്ധനവും നികുതിഭാരവുമാണ്. രണ്ടു തെരഞ്ഞെടുപ്പുകളുടെ കാലമൊഴിച്ച് നിർത്തിയാൽ, എല്ലാ ദിവസവും ഇന്ധനവിലകുതിച്ചുയർന്നുകൊണ്ടിരിക്കുന്നു. തെരഞ്ഞെടുപ്പ് കാലത്തെ പ്രഹസനമായെങ്കിലും കേന്ദ്രം ഇന്ധനനികുതിയിൽ നേരിയ കുറവ് വരുത്തിയപ്പോഴും ഒരു രൂപപോലും കുറയ്ക്കാൻ കേരളസർക്കാർ ദാക്ഷിണ്യം കാണിച്ചിരുന്നില്ല. മാത്രമല്ല, സാമ്പത്തിക പ്രതിസന്ധിയുടെ പേര് പറഞ്ഞ്, സ്വകാര്യ ബസുകൾക്ക് കോവിഡ് കാലത്തുപോലും നികുതിയിളവ് നൽകിയില്ല. മറിച്ച് ഈ പ്രതിസന്ധിയുടെ ബാധ്യത പൂർണമായും ജനങ്ങളുടെ തലയിൽ കെട്ടിവെയ്ക്കുകയാണുണ്ടായത്. സ്വകാര്യ ബസ് മേഖല നേരിടുന്ന പ്രതിസന്ധി ചാർജ് വർദ്ധനവിനെ ന്യായീകരിക്കുവാനുള്ള ഒരു ഉപാധിയായി സർക്കാർ ഉപയോഗിക്കുകയായിരുന്നു. യാത്രാചാർജ് വർദ്ധനവ് എന്ന ഒരേയൊരു നിർദ്ദേശം മാത്രമാണ് സർക്കാർ നിയോഗിച്ച കമ്മീഷൻ അടിസ്ഥാനമാക്കിയത്.

കടുത്ത സാമ്പത്തിക അരക്ഷിതത്വവും തൊഴിൽനഷ്ടവുമുൾപ്പടെയുള്ള പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ജനങ്ങൾക്കുമേൽ അധികബാധ്യത അടിച്ചേൽപ്പിക്കാതെ എങ്ങനെ ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നത് എവിടെയും പരിഗണനാവിഷയമായില്ല. പകരം വിദ്യാർത്ഥികളുടേതുൾപ്പടെയുള്ള യാത്ര ചാർജ് വർദ്ധനവിന് കളമൊരുക്കുന്നതിൽ വ്യാപൃതരായിരുന്നു സംസ്ഥാന സർക്കാർ. രണ്ടു രൂപ കൺസഷൻ വിദ്യാർത്ഥികൾക്ക് നാണക്കേടാണെന്ന ഗതാഗതമന്ത്രി ആന്റണി രാജുവിന്റെ പ്രസ്താവന ഇത്തരമൊരു സാഹചര്യത്തിൽ ഉണ്ടായതാണ്. വിദ്യാർത്ഥികളുടെ മിനിമം യാത്ര ചാർജ് ഒരു രൂപയാണെന്നതും വിദ്യാർത്ഥികളിൽ നിന്നും സ്വകാര്യ ബസുകാർ നിയമവിരുദ്ധമായി അധികം ചാർജ് ഈടാക്കുന്നുവെന്നുമുള്ള വസ്തുതകൾ മറച്ചുവെച്ചുകൊണ്ടാണ് മന്ത്രി ഈ പ്രസ്താവന നടത്തിയത്. വിദ്യാർത്ഥികളിൽനിന്നും പരമാവധി ഈടാക്കാവുന്ന ചാർജ് ആറു രൂപയാണ്. എന്നാൽ പലപ്പോഴും വിദ്യാർത്ഥികളിൽനിന്നും 10 രൂപയിലധികം ബസുകളിൽ വാങ്ങാറുണ്ട്. ഈ വിഷയത്തിൽ പല കേന്ദ്രങ്ങളിൽ സമർപ്പിക്കപ്പെട്ട പരാതികളിൽ നടപടിയെടുക്കുവാൻ വിമുഖത കാണിക്കുന്നവരാണ് ഇത്തരം ജനാധിപത്യവിരുദ്ധമായ പ്രസ്താവന നടത്തുന്നത്. നിലവിൽ വിദ്യാർത്ഥികളിൽ നിന്നുമുണ്ടായ സംഘടിതമായ പ്രതിഷേധത്തെ തുടർന്ന് വിദ്യാർത്ഥികളുടെ യാത്രാ ചാർജ് വർദ്ധിപ്പിച്ചിട്ടില്ല. എന്നിരുന്നാലും വിദ്യാർത്ഥികളുടെ ചാർജ് വർദ്ധനവിനും സാധ്യതയുണ്ട് എന്ന വിധത്തിലാണ് പുതിയ കമ്മിറ്റി നിയോഗിക്കപ്പെട്ടത്.

സാമ്പത്തികപ്രതിസന്ധിയുടെ പേരിൽ നിലനിൽക്കുന്ന യാത്രാ സംവിധാനങ്ങൾ ചെലവേറിയതാക്കുന്ന അതേ സർക്കാർ, കോടികൾ കടമെടുത്ത് സിൽവർലൈൻ പോലെയുള്ള കോർപ്പറേറ്റ് പാതകൾ ഒരുക്കാനുള്ള തത്രപ്പാടിലുമാണ്. ജനക്ഷേമമെന്ന പരിഗണന പോലുമില്ലാതെയാണ് പിണറായി വിജയൻ സർക്കാരിന്റെ ഭരണമെന്നതിന്റെ മറ്റൊരു ദൃഷ്ടാന്തമാണ് ഇപ്പോഴുണ്ടായിരിക്കുന്നബസ് ചാർജ് വർദ്ധനവ്. യാത്രാചാർജ് വർദ്ധനവ് പിൻവലിക്കുക, ഇന്ധനവില വർദ്ധനവ് തടയുക, സ്വകാര്യ വാഹനങ്ങളുടെ കോവിഡ് കാലത്തെ നികുതി ഒഴിവാക്കുക, കെഎസ്ആർടിസിയെ ശക്തിപ്പെടുത്തുക, വിദ്യാർത്ഥികളുടെ യാത്ര സമ്പൂർണമായും സൗജന്യമാക്കുക എന്നീ ഡിമാന്റുകൾ ഉന്നയിച്ച് ജനങ്ങൾ സമരരംഗത്ത് വന്നുകൊണ്ട് ചാർജ്ജ് വർദ്ധനവെന്ന കൊള്ളയ്ക്കെതിരെ പ്രതികരിക്കേണ്ടതുണ്ട്. ■

---

(6–ാം പേജിൽ നിന്ന്)

യുണ്ട്. ഇതുമൂലം യുവതികൾ വലിയ ദുരിതമനുഭവിക്കുന്നു. ഗുരുഗ്രന്ഥ സാഹിബിനെ അപകീർത്തിപ്പെടുത്തി എന്ന പേരിൽ കഴിഞ്ഞ ഏഴ് വർഷമായി പല പ്രതിഷേധങ്ങളും പഞ്ചാബിൽ ഉയർന്നുവന്നിട്ടുണ്ട്. 2016ൽ ഭരണകക്ഷിയായ ശിരോമണി അകാലിദൾ, ഇവ്വിധം അപകീർത്തിപ്പെടുത്തുന്നവർക്ക് ജീവപര്യന്തം തടവ് ശിക്ഷ നൽകുന്ന നിയമം കൊണ്ടുവന്നു. സിഖ് ഭൂരിപക്ഷമുള്ള പഞ്ചാബിൽ ഇത് രണ്ട് പ്രശ്നങ്ങൾക്ക് കാരണമായി. ഒന്ന് മറ്റ് മതവിഭാഗങ്ങൾക്കുള്ളതിൽ കൂടുതൽ പ്രാധാന്യം സിഖ് മതത്തിന് നൽകുന്നു എന്ന ചിന്താഗതി വളരാൻ ഇതിടയാക്കി. രണ്ട്,ഭരണത്തിൽ ഇരിക്കുന്നവർ ഭൂരിപക്ഷ പ്രീണനം നടത്തുന്നു എന്ന ചിന്താഗതിയും പ്രബലമായി. 40 ശതമാനത്തോളം മറ്റുമതസ്ഥരുണ്ട് പഞ്ചാബിൽ. ഈ പ്രശ്നത്തിന് ഇനിയും പരിഹാരമായിട്ടില്ല. മറ്റൊന്ന് ഐതിഹാസികമായ കർഷക സമരം പഞ്ചാബിൽ ചെലുത്തിയ സ്വാധീനമാണ്. ഇത് ബിജെപിയുടെ സാധ്യതകൾക്ക് കനത്ത തിരിച്ചടിയായി. ദുർഭരണവും തമ്മിൽതല്ലും കോൺഗ്രസിനെയും അനഭിമതമാക്കി. ബിജെപിയുടെ സഖ്യകക്ഷിയായിരുന്ന ശിരോമണി അകാലിദൾ, സഖ്യം വിട്ടതോടെ ദുർബലമായി.

ഭഗത് സിംഗ്, ചന്ദ്രശേഖർ ആസാദ്, രാജഗുരു, രാം പ്രസാദ് ബിസ്മിൽ, ഉദ്ധം സിംഗ് തുടങ്ങി നിരവധി വിപ്ലവകാരികളുടെയും സ്വാതന്ത്ര്യ സമര സേനാനികളുടെയും നാടാണ് പഞ്ചാബെങ്കിലും അവിടെ ഇടതുപക്ഷം ദുർബലമാണ്.അങ്ങനെയാണ് മറ്റൊരു ബൂർഷ്വാ പാർട്ടിയായ ആം ആദ്മി പാർട്ടി കടന്നുവരുന്നത്. ഗാന്ധിയനായ അന്ന ഹസാരെയുടെ അഴിമതിവിരുദ്ധ പോരാട്ടത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്ന പാർട്ടിയാണത്. ഡൽഹിയിൽ ബിജെപിക്ക് കനത്ത പ്രഹരം ഏൽപ്പിച്ച് അധികാരം പിടിച്ച പാർട്ടിയുമാണ്. ഇവർ വിപ്ലവം, അഴിമതിവിരുദ്ധ പോരാട്ടം തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തുകയും, ഭഗത് സിംഗിന്റെയും അംബേദ്കറുടെയും പാരമ്പര്യം അവകാശപ്പെടുകയും ചെയ്തുകൊണ്ട് ജനപക്ഷമുഖം പ്രദർശിപ്പിക്കുകയും ചെയ്തു. ഡൽഹി ഭരണത്തിൽ ഇതിന് വിരുദ്ധമായ കാര്യങ്ങളാണ് നടക്കുന്നത് എന്നതാണ് സത്യമെങ്കിലും പഞ്ചാബിലെ പ്രത്യേക സാഹചര്യത്തിൽ അവർ സ്വാധീനം നേടി.

2014ൽ അരവിന്ദ് കെജരിവാൾ ദ ട്രിബ്യൂണിന് ഒരു ഇന്റർവ്യൂ നൽകിയിരുന്നു. സോഷ്യലിസത്തെ

## 5 സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം

ക്കുറിച്ചുള്ള ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടി ബിസിനസ് എന്റെ രക്തത്തിലുള്ളതാണ് എന്നത്രെ. ഭരണത്തിൽ ഇത് നന്നായി പ്രതിഫലിക്കുകയും ചെയ്തു. കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെല്ലാം ഡൽഹി സംസ്ഥാനത്തും നടപ്പാക്കി. വൈദ്യുതി, കുടിവെള്ളം, റോഡ് ഗതാഗതം തുടങ്ങിയ മേഖലകളിലൊക്കെ ബഹുരാഷ്ട്ര കുത്തകകളെ ആനയിക്കുകയും ചെയ്തു. എന്നിട്ടും കഴിഞ്ഞ നാല് പതിറ്റാണ്ടിനിടയിൽ പഞ്ചാബിൽ ഏതെങ്കിലുമൊരു പാർട്ടിക്ക് നേടാൻ കഴിഞ്ഞിട്ടില്ലാത്ത വിജയമാണവർ കരസ്ഥമാക്കിയത്. നാലിൽ മൂന്ന് ഭൂരിപക്ഷം. പരമ്പരാഗത ബൂർഷ്വാ പാർട്ടികളിൽ പഞ്ചാബ് ജനതയ്ക്ക് വിശ്വാസം നഷ്ടപ്പെട്ടിരുന്നു. ഇതവർ മുതലാക്കി. ഭഗത് സിംഗിന്റെ പാരമ്പര്യം അവകാശപ്പെടുമ്പോഴും ഹിന്ദുമതാഭിമുഖ്യം കെജരിവാൾ മറച്ചുവയ്ക്കുന്നില്ല. കർഷക സമരം നയിച്ച സംയുക്ത കിസാൻ മോർച്ചയിലെ ചില ഘടകകക്ഷികളുമായി അദ്ദേഹം രഹസ്യബന്ധം സ്ഥാപിക്കുകയും ചെയ്തിരുന്നു.

### നിഗമനങ്ങൾ

ഈ തെരഞ്ഞെടുപ്പ് ഫലം ഏല്ലാവരുടെയും കണ്ണ് തുറപ്പിക്കേണ്ടതാണ്. പഞ്ചാബിലൊഴികെ ഒരിടത്തും ഈ ഫലം ജനവികാരം പ്രതിഫലിപ്പിക്കുന്നില്ല. ജനങ്ങളിൽ ബിജെപി വിരുദ്ധ മനോഭാവം ശക്തമായിരുന്നു. രാജ്യത്തിന്റെ രാഷ്ട്രീയസ്ഥിതി, കോൺഗ്രസ്, ബിജെപി പോലുള്ള പാർട്ടികളുടെ നിലപാടുകൾ എന്നിവയൊക്കെ ജനങ്ങൾ ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. എല്ലാ നേട്ടങ്ങളും ഒരുപിടി സമ്പന്നർ കയ്യടക്കുകയും ബഹുഭൂരിപക്ഷവും അപമാനകരമായ സാഹചര്യത്തിൽ ജീവിക്കുകയും ചെയ്യണോ എന്ന് ജനങ്ങൾ തീരുമാനിക്കണം. തെരഞ്ഞെടുപ്പിലായാലും ജനജീവിതത്തിലായാലും അഴിമതി തടയാൻ ശക്തവും സംഘടിതവും നിരന്തരവുമായ ജനകീയ സമരങ്ങൾ വളർന്നുവരണം. സിപിഐ(എം), സിപിഐ പാർട്ടികൾ ഇടതുപക്ഷ സമര രാഷ്ട്രീയം വെടിഞ്ഞതിനാൽ ആ ഉത്തരവാദിത്വം നമ്മുടെ ചുമലിലാണ്. ഉന്നതമായ തൊഴിലാളിവർഗ സംസ്കാരത്തിന്റെയും നൈതികതയുടെയും അടിത്തറയിൽ അത്തരത്തിലുള്ള ജനകീയ മുന്നേറ്റം വളർത്തിയെടുക്കാനുള്ള അക്ഷീണ പരിശ്രമത്തിലാണ് നമ്മൾ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇത്തരമൊരു പോരാട്ടം നമ്മൾ നടത്തി. ആവേശകരമായ ജനപിന്തുണ നമുക്ക് ലഭിച്ചു. ബൂർഷ്വാ വോട്ടുരാഷ്ട്രീയത്തിന്റെ ചെപ്പടിവിദ്യകളിൽ മയങ്ങാതെ സമരപാതയിലേയ്ക്ക് ജനങ്ങൾ വരണം. സഖാവ് ശിബ് ദാസ് ഘോഷിന്റെ ഇക്കാര്യത്തിലുള്ള മാർഗനിർദ്ദേശം ഇപ്രകാരമണ്: "രാഷ്ട്രീയത്തിൽ പരസ്പരം പോരടിക്കുന്ന പല ശക്തികളും പ്രവർത്തിക്കുന്നതായി പുറമേയ്ക്ക് കാണാം. പലരെയും മാദ്ധ്യമങ്ങൾ അവ്വിധം അവതരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അന്തിമ പോരാട്ടത്തിന്റെ കാര്യമെടുത്താൽ പരസ്പര വിരുദ്ധമായ രണ്ട് ശക്തികളേയുള്ളൂ എന്നാണെന്റെ അഭിപ്രായം. പേരെന്തുമാകട്ടെ, വിപ്ലവത്തിനുവേണ്ടി നിലകൊള്ളുന്ന ശക്തിയും വിപ്ലവത്തെ എതിർക്കുന്ന ശക്തിയുമാണത്. വിപ്ലവവിരുദ്ധ രാഷ്ട്രീയത്തിൽ കോൺഗ്രസുണ്ട്, ഇടതുപക്ഷ വാചാടോപക്കാരും ജനാധിപത്യ സോഷ്യലിസത്തോട് പ്രതിബദ്ധത പ്രഖ്യാപിക്കുന്നവരുമുണ്ട്. അതോടൊപ്പം വലതുപക്ഷ പിന്തിരിപ്പന്മാരും വശീകരണ മുദ്രാവാക്യങ്ങളുയർത്തുന്നവരുമുണ്ട്. മറുവശത്താകട്ടെ വിപ്ലവ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്നവരും." *(ഇന്ത്യയിലെ ബഹുജന സമരങ്ങളും യുവാക്കളുടെ കർത്തവ്യങ്ങളും)* ■

# അർദ്ധ സത്യങ്ങളും അസത്യങ്ങളും നിറഞ്ഞ ഡിപിആർ

(1-ാം പേജിൽ നിന്ന്)

റിപ്പോർട്ടും ഫീസിബിലിറ്റി റിപ്പോർട്ടും ഡിപിആറും തമ്മിൽ വൈരുദ്ധ്യങ്ങൾ നിരവധിയാണ്. അസത്യങ്ങളും അർദ്ധസത്യങ്ങളും നിറഞ്ഞ അബദ്ധപഞ്ചാംഗമായ ഡിപിആർ പദ്ധതിയുടെ എഫ്ഐആറാണ്. ഡിപിആർ തയ്യാറാക്കുന്നതിന് മുമ്പ് ജിയോളജിക്കൽ സർവേ, സാമൂഹ്യാഘാതപഠനം, സാമ്പത്തിക ആഘാതപഠനം, പാരിസ്ഥികാഘാതപഠനം, റൈഡർഷിപ്പ് സർവേ തുടങ്ങി ധാരാളം പഠനങ്ങൾ നടത്തിവേണം പദ്ധതി അനുയോജ്യമാണോ എന്ന് പരിശോധിക്കാൻ. ഇതൊന്നും തന്നെ സിൽവർലൈനിന്റെ കാര്യത്തിൽ നടന്നിട്ടില്ല. പേരിന് മാത്രം നടന്ന ജിയോ ടെക്നിക്കൽ സർവേയിലാകട്ടെ തിരിമറി നടന്നിരിക്കുന്നു എന്ന് സാങ്കേതിക വിദഗ്ധർ ഇതിനകം ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. ഫീസിബിലിറ്റി ഉണ്ട് എന്ന് വരുത്തിത്തീർക്കാൻവേണ്ടിയുള്ള തിരിമറിയാണ് നടന്നിരിക്കുന്നത്.

2019 മാർച്ചിലാണ് പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് പുറത്തുവരുന്നത്. എന്നാൽ ആ റിപ്പോർട്ട് പൂർണമായും തള്ളിക്കളഞ്ഞുകൊണ്ട് പദ്ധതി ഫീസിബിളാണ് എന്ന് വരുത്തിത്തീർക്കാൻ ഉദ്ദേശിച്ച് കള്ളക്കണക്കുകളോടെയാണ് രണ്ടുമാസത്തിനുള്ളിൽ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നത്. ഇത്ര വലിയൊരു പ്രോജക്ടിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് എങ്ങനെയാണ് രണ്ടുമാസംകൊണ്ട് തയ്യാറാക്കാനാകുക. ഈ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ പദ്ധതിക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുള്ളത്.

37,750 പ്രതിദിനയാത്രക്കാർ ഉണ്ടായിരിക്കും എന്ന് പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ട് പറയുമ്പോൾ, 67,740 പ്രതിദിനയാത്രക്കാർ ഉണ്ടായിരിക്കും എന്ന് രണ്ടുമാസത്തിനുശേഷം തയ്യാറാക്കിയ ഫീസിബിലിറ്റി റിപ്പോർട്ട് പറയുന്നു. എന്നാൽ ഇത് ഡിപിആറിൽ എത്തുമ്പോൾ പ്രതിദിനയാത്രക്കാരുടെ എണ്ണം 79,934 ആയി. ഈ മറിമായത്തിനും മാത്രം ഈ കാലയളവിൽ എന്ത് പഠനമാണ് നടന്നത്.




യാത്രാനിരക്കിന്റെ കാര്യത്തിൽ ഡിപിആറിൽത്തന്നെ വൈരുദ്ധ്യമുണ്ട്. രണ്ടിടത്ത് രണ്ട് നിരക്കാണ് പറയുന്നത്. വരുമാനം കണക്കാക്കുന്ന ഭാഗത്ത് നിരക്ക് കൂട്ടിയാണ് കാണിച്ചിരിക്കുന്നത്. കിലോമീറ്ററിന് 2.75രൂപയാണ് കുറഞ്ഞ യാത്രക്കൂലി കണക്കാക്കിയിരിക്കുന്നത്. ഇതുപ്രകാരം വരുമാനം 1602കോടിയാണ്. എന്നാൽ വരുമാനക്കണക്ക് പ്രത്യേകമായി പറയുന്നിടത്ത് കിലോമീറ്ററിന് 3.91 രൂപയാണ്. അതുപ്രകാരം വരുമാനം 2276 കോടിയാണ്.

അലൈൻമെന്റിൽ വന്നിരിക്കുന്ന മാറ്റമാണ് മറ്റൊന്ന്. പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ടിൽ 70 ശതമാനം പാലങ്ങളിലൂടെയാണ്, എന്നാൽ ഡിപിആറിലെത്തുമ്പോൾ 80 ശതമാനവും എംബാങ്ക്മെന്റ് ആയി. അലൈൻമെന്റ് മാറ്റി ചെലവ് കുറച്ചിരിക്കുന്നു. വരവ് കൂടുതൽ കാണിക്കാൻ റൈഡർഷിപ്പ് ഡേറ്റ കൂട്ടിക്കാണിച്ചിരിക്കുന്നു.

ഡിപിആറിലാകട്ടെ നിർമ്മാണ ചെലവ്, ആവശ്യംവേണ്ടിവരുന്ന ഭൂമിയുടെ അളവ്, കുടിയൊഴിപ്പിക്കുന്നവരുടെ എണ്ണം, നിർമ്മാണത്തിനുവേണ്ടിവരുന്ന കാലയളവ്, ഒഴിഞ്ഞുകൊടുക്കേണ്ടിവരുന്ന കെട്ടിടങ്ങളുടെ എണ്ണം തുടങ്ങി എല്ലാം വളരെക്കുറച്ചുമാത്രമാണ് കാണിച്ചിരിക്കുന്നത്. നിർമ്മാണച്ചെലവ് ഫീസിബിലിറ്റി റിപ്പോർട്ടിൽനിന്നും ഡിപിആറിൽ എത്തുമ്പോൾ നേർപകുതി ആയിരിക്കുന്നു. ടണൽ നിർമ്മാണത്തിന്റെ യൂണിറ്റ് കോസ്റ്റ് പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ടിൽ കിലോമീറ്ററിന് 140 കോടിയാണ് കാണിച്ചിരിക്കുന്നത്. ഫീസിബിലിറ്റി റിപ്പോർട്ടിൽ അത് 200 കോടിയാകും എന്ന് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നു. ഡിപിആറിൽ ചെലവ് 115 കോടി മാത്രമാണ് കാണിച്ചിരിക്കുന്നത്. എംബാങ്ക്മെന്റിന് 8 മുതൽ 48 കോടിവരെയാണ് ഫീസിബിലിറ്റി റിപ്പോർട്ടിലെങ്കിൽ ഡിപിആറിൽ 10 കോടിയിലൊതുക്കി. കട്ടിംഗ് ആന്റ് കവറിംഗ് ആകട്ടെ 94

(ശേഷം 9-ാം പേജിൽ)

# സംസ്ഥാനമെമ്പാടും പോരാട്ടവീര്യം പകർന്ന് സമരജാഥ; തലസ്ഥാനത്തെ പ്രകമ്പനംകൊള്ളിച്ച് മഹാസംഗമം

**കെ** റെയിൽ പദ്ധതിക്കെതിരായി സമരം ചെയ്യുന്ന ജനങ്ങളെ കേൾക്കാനും അവരുടെ പ്രതിനിധികളായ സമര നേതാക്കളുമായി ചർച്ച നടത്താനും മുഖ്യമന്ത്രി തയ്യാറാകണമെന്ന് മേധാപട്കർ അഭിപ്രായപ്പെട്ടു. സംസ്ഥാന കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സംഘടിപ്പിച്ച സമര സംഗമം സെക്രട്ടേറിയറ്റിനുമുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഇന്ത്യൻ റയിൽവേയെ ശക്തിപ്പെടുത്തുക എന്നത് രാജ്യത്തിന്റെ ആവശ്യമാണ്. കെ റെയിലിനും മുബൈ അഹമ്മദാബാദ് ബുള്ളറ്റ് ട്രയിൻ പദ്ധതിക്കും എതിരെ നടക്കുന്ന സമരം രാജ്യത്തിന് വേണ്ടിയുള്ളതാണ്. അടിമുടി അശാസ്ത്രീയമായ സിൽവർ ലൈൻ പദ്ധതിയുടെ പേരിൽ റയിൽവേ ബോർഡ് നൽകിയ തത്വത്തിലുള്ള അംഗീകാരം പോലും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. കൃത്യമായ സാമൂഹ്യ-പാരിസ്ഥിതിക ആഘാത പഠനങ്ങൾ പോലും നടത്തിയിട്ടില്ല. കെ റെയിലിന്റെ പേരിൽ ജനങ്ങളുടെ സ്വകാര്യ ഭൂമിയിൽ അതിക്രമിച്ചു കടക്കുക എന്നതാണ് കേരളത്തിൽ ഇപ്പോൾ നടക്കുന്നത് അത് എത്രയും വേഗം അവസാനിപ്പിക്കണമെന്നും അവർ പറഞ്ഞു. കെ റെയിൽ വേണ്ട കേരളം വേണം എന്ന സമര സമിതിയുടെ മുദ്രാവാക്യം ജനങ്ങൾക്കൊപ്പം ഏറ്റ് വിളിച്ചാണ് അവർ പ്രസംഗം അവസാനിപ്പിച്ചത്. സംസ്ഥാന ചെയർമാൻ എം.പി.ബാബുരാജ് അദ്ധ്യക്ഷത വഹിച്ചു.




**സിൽവർലൈൻ വിരുദ്ധ സംസ്ഥാന സമര ജാഥയുടെ സമാപനത്തോടനുബന്ധിച്ച് തിരുനന്തപുരത്ത് നടന്ന ആയിരങ്ങൾ പങ്കെടുത്ത പ്രകടനം മേധ പട്കർ, എം.പി.ബാബുരാജ്, എസ്.രാജീവൻ, ടി.ടി.ഇസ്മായിൽ, സി.ആർ.നീലകണ്ഠൻ, പ്രൊഫ.കുസുമം ജോസഫ് തുടങ്ങിയവർ നയിക്കുന്നു.**

മുംബൈ-അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ വിരുദ്ധ സമര നേതാവ് ശശികാന്ത് സോനാവാനേ മുഖ്യാതിഥി ആയിരുന്നു. കെ റെയിൽ പദ്ധതിയും ബുള്ളറ്റ് ട്രയിനും സാധാരണക്കാരായ ജനങ്ങൾക്ക് വേണ്ടിയല്ല. രണ്ടു പദ്ധതികളും ഒരു പോലെയാണ്. എന്നാൽ ബുള്ളറ്റ് ട്രയിന് എതിരായ സമരത്തിൽ ഒപ്പമുള്ള സിപിഐ(എം) നേതൃത്വം നൽകുന്ന സർക്കാരാണ് കെ റെയിലിന് വേണ്ടി ജനങ്ങളെ ദ്രോഹിക്കുന്നത്. ഇത് ഇരട്ടത്താപ്പാണ് എന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

കെ റെയിലിന്റെ അനധികൃത നപടികൾക്കെതിരെ സംസ്ഥാനമെമ്പാടും നടക്കുന്ന ചെറുത്ത് നിൽപിൽ വനിതകൾ വഹിക്കുന്ന ധീരമായ പങ്കിന്റെ പ്രതീകമായി പൊലീസ് നടപടിയെ അതിജീവിച്ച അഞ്ച് വനിതാ പ്രവർത്തകർ സിന്ധു ജെയിംസ് ചെങ്ങന്നൂർ, ആരിഫ പരപ്പനങ്ങാടി, റോസിലിൻ ഫിലിപ് മാടപ്പള്ളി, ദീപ.എസ് മുള്ളിയൻകാവ്, സുധ.എസ് തഴുത്തല എന്നിവർ ചേർന്ന് സമരജ്വാല തെളിച്ചു. സമിതി സംസ്ഥാന രക്ഷാധികാരി കെ.ശൈവപ്രസാദ് സമരജ്വാല ഏറ്റുവാങ്ങി.മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, എം.എം.ഹസ്സൻ (യുഡിഎഫ് കൺവീനർ), പി.എം.എ.സലാം (മുസ്ലീം ലീഗ്), സി.ആർ.നീലകണ്ഠൻ, ജയ്സൺ ജോസഫ് (എസ് യു സി ഐ), എസ്.രാജീവൻ (ജനറൽ കൺവീനർ), അഡ്വ.എ.എൻ രാജൻ ബാബു, ജോസഫ് എം.പുതുശ്ശേരി, പ്രൊഫ.കുസുമം ജോസഫ്, അഡ്വ.മനോജ് കുമാർ (ഫോർവേഡ് ബ്ലോക്ക് ജനറൽ സെക്രട്ടറി), ശ്രീധർ രാധാകൃഷ്ണൻ, ഡോ.എം.പി.മത്തായി, ജോൺ പെരുവന്താനം, ഗ്ലേവിയസ് അലക്സാണ്ടർ (സ്വരാജ് ഇന്ത്യാ പാർട്ടി ), പ്രൊഫ. ജോസ് മാത്യു (സർവ്വോദയ സംഘം), അജിത് യാദവ് (വെൽഫെയർ പാർട്ടി ദേശീയ സെക്രട്ടറി), ഷബീർ ആസാദ് (എസ്ഡിപിഐ), അനിതാ ശാന്തി, കെ.പി. രവിശങ്കർ, അഡ്വ. ജോൺ ജോസഫ്, വി.ജെ. ലാലി, എം.എസ്. വേണുഗോപാൽ (എഎപി), സജി കെ.ചേരമൻ, കാർത്തിക് ശശിധരൻ, റസാഖ് പലേരി തുടങ്ങിയ നേതാക്കൾ സമര സംഗമത്തെ അഭിവാദ്യം ചെയ്തു.

ടി.ടി. ഇസ്മയിൽ (വൈസ് ചെയർമാൻ), മിനി കെ.ഫിലിപ്പ്, മുരുകേഷ് നടയ്ക്കൽ, സി.കെ. ശിവദാസൻ, എം.ഷാജർ ഖാൻ, ശരണ്യാ രാജ് തുടങ്ങി 33 സംസ്ഥാന സമര ജാഥ സ്ഥിരാംഗങ്ങൾക്ക് സ്വീകരണം നൽകി. ബാനർ കലാസംഘം സമര ഗാനങ്ങളും ഒരു സിൽവർ ലൈൻ ദുരന്തം തെരുവ് നാടകവും അവതരിപ്പിച്ചു. ജില്ലാ നേതാക്കളായ വി.കെ.രവീന്ദ്രൻ, എൻ.സുബ്രമണ്യൻ, എ.പി.ബദറുദീൻ, പി.പി കൃഷ്ണൻ മാസ്റ്റർ, അഡ്വ.അബൂബക്കർ ചെങ്ങാട്, ശിവദാസ് മഠത്തിൽ, വിനു കുരിയാക്കോസ്, ബാബു കുട്ടൻചിറ, അരുൺ ബാബു, സന്തോഷ് പടനിലം, രാമചന്ദ്രൻ കരവാരം, എ.ജയിംസ്, രാമചന്ദ്രൻ വരപ്രമ്പ് തുടങ്ങിയ ജില്ലാ നേതാക്കൾ പ്രകടനത്തിന് നേതൃത്വം നൽകി.

മാർച്ച് ഒന്നിന് കാസർകോഡ് നിന്ന് ആരംഭിച്ച സംസ്ഥാന സമര ജാഥയ്ക്ക് കടന്നുപോയ പതിനൊന്ന് ജില്ലകളിലും വമ്പിച്ച സ്വീകരണമാണ് ലഭിച്ചത്. എല്ലായിടങ്ങളിലും വൻജനാവലി ജാഥയെ സ്വീകരിക്കാൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ബാനർ കലാ സംഘം അവതരിപ്പിച്ച തെരുവ് നാടകം ഒരു സിൽവർ ലൈൻ ദുരന്തം പ്രേക്ഷകരെ ഏറെ ആകർഷിച്ചു. ഗായക സംഘത്തിന്റ ഗാന സദസ്സും ജനഹൃദയങ്ങൾ കീഴടക്കി. നൂറു കണക്കിന് ജന നേതാക്കൾ ജാഥയെ അഭിസംബോധന ചെയ്തു. എംഎൽഎമാർ, എംപിമാർ, മുതിർന്ന പാർട്ടി നേതാക്കൾ, ഖാദർ മാങ്ങാട്, ജോസഫ് സി. മാത്യു, ഡോ. എം.പി. മത്തായി, പരിസ്ഥിതി പ്രവർത്തകർ, ഗാന്ധിയൻമാർ ഒക്കെ ജാഥയിൽ പങ്കെടുക്കുകയും ഒപ്പം സഞ്ചരിക്കുകയും ചെയുന്ന ആവേശകാഴ്ച്ചകളും സ്മരണീയം. കെ റെയിൽ വേണ്ട കേരളം വേണം എന്ന മുദ്രാവാക്യം അവർ ഏവരും ഏറ്റു വിളിച്ചു. ■

# കെ റെയിലിൽ കേന്ദ്രത്തിന് 49 ശതമാനവും കേരളത്തിന് 51 ശതമാനവും ഓഹരി പങ്കാളിത്തം

(8–ാം പേജിൽ നിന്ന്)

മുതൽ 128കോടിവരെ ചെലവുവരും എന്നുപറയുന്നു, എന്നാൽ ഡിപിആറിൽ എത്തിയപ്പോൾ അത് 49 കോടിയിൽ ഒതുങ്ങി. നിരവധി മേഖലകളിൽ ഈ വെട്ടിത്തിരുത്തലുകളുണ്ട്. ചെലവുകുറച്ചുകാണിക്കാൻവേണ്ടി മാത്രമുള്ള തത്രപ്പാടാണ് ഇതെല്ലാം.

പ്രാഥമിക റിപ്പോർട്ടിൽ ബ്രോഡ്ഗേജിൽ ആയിരുന്ന പദ്ധതി എങ്ങനെയാണ് സ്റ്റാൻഡേർഡ് ഗേജ് ആയത് എന്ന് ഇനിയും കെറെയിൽ വിശദീകരിച്ചിട്ടില്ല. ജിക്കയുടെ വായ്പ തരപ്പെടണമെങ്കിൽ സ്റ്റാൻഡേർഡ് ഗേജും സ്വീകരിക്കണമെന്ന് കെ റെയിൽ എംഡി അജിത് കുമാർ, ദി പ്രിന്റ് എന്ന ഓൺലൈൻ മാധ്യമത്തിന് കൊടുത്ത ഇന്റർവ്യൂവിൽ വ്യക്തമാക്കിയിട്ടുണ്ട്. കെറെയിൽ സ്റ്റാൻഡേർഡ് ഗേജിനുവേണ്ടി നിർബന്ധം പിടിച്ചു എന്ന് സിസ്ര്ട ഫീസിബിലിറ്റി റിപ്പോർട്ടിൽ എഴുതിച്ചേർത്തിട്ടുണ്ട്. അലൈൻമെന്റ് പ്ലാൻ, വേണ്ടിവരുന്ന റയിൽവേ-സ്വകാര്യഭൂമിയുടെ അളവ്, നിലവിലെ റയിൽപാതകളിൽവരുന്ന ക്രോസിംഗ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടെ പൂർണ സാങ്കേതിക വിവരങ്ങൾ ഡിപിആറിൽ ഇല്ല എന്ന് റെയിൽവേ ബോർഡ് വീണ്ടും പറഞ്ഞിരിക്കുന്നു. ഫിനാൻഷ്യൽ ഫീസിബിലിറ്റി റിപ്പോർട്ടും ഫൈ നൽ അലൈൻമെന്റും ഡിപിആറിൽ ഇല്ല. റയിൽവേ മന്ത്രാലയം അത് വ്യക്തമാക്കിക്കഴിഞ്ഞു.




നഷ്ടപരിഹാരത്തെ സംബന്ധിച്ചുമുണ്ട് ഈ മാജിക്. പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ടിൽ ഭൂമി ഏറ്റെടുക്കാൻവേണ്ടി നീക്കിവച്ചിരിക്കുന്ന തുക 15537 കോടി രൂപയാണ്. രണ്ടുമാസത്തിനുശേഷം ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറായപ്പോൾ കാണിച്ചിരിക്കുന്നത് 11407 കോടി രൂപ.എന്നാൽ അത് ഡിപിആറിലെത്തുമ്പോൾ 6100 കോടിരൂപയും. എന്തുകൊണ്ട് ഈ വൈരുദ്ധ്യങ്ങൾ എന്നതിനെക്കുറിച്ച് ഇനിയും ഔദ്യോഗിക വിശദീകരണം കെറെയിലിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

## കല്ലിടുന്നത് ഭൂമി ഏറ്റെടുക്കൽ ലക്ഷ്യംവച്ച്

ബലപ്രയോഗത്തിലൂടെ കല്ലിടുന്നത് കേരളത്തിലെ ജനങ്ങൾ കേരളമെമ്പാടും സംഘടിതമായി ചെറുക്കുകയാണ്. സാമൂഹ്യാഘാതപഠനത്തിനാണ് കല്ലിടുന്നത് എന്നത് നേതാക്കന്മാർ ആവർത്തിക്കുമ്പോഴും 2021 ഒക്ടോബറിൽ പുറത്തിറങ്ങിയ 6(1)നോട്ടിഫിക്കേഷനിൽ ഭൂമി ഏറ്റെടുക്കലിനുള്ള നടപടി ആണ് സർവ്വേ എന്ന് വ്യക്തമാക്കുന്നുണ്ട്. സെമി ഹൈസ്പീഡ് റെയിൽ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് കെആർഡിസിഎൽ പ്രോജക്ട് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്. വില്ലേജുകളിൽനിന്നുള്ള സ്ഥലം ഏറ്റെടുപ്പിന്റെ ഭാഗമായി സർവേ നടപടികൾ ആരംഭിക്കണം എന്നാണ് നോട്ടിഫിക്കേഷൻ നിർദ്ദേശിക്കുന്നത്.

2020 ഒക്ടോബറിൽ ജിക്കയും റയിൽവേമന്ത്രാലയവുംസംസ്ഥാന സർക്കാരും ചേർന്ന് നടത്തിയ യോഗത്തിൽ വായ്പ വേഗത്തിൽ കിട്ടുംവിധം കാര്യങ്ങൾക്ക് അന്തിമരൂപം നൽകാൻ തീരുമാനിച്ചിരുന്നു. കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ 2021 ജനുവരിയിൽ മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ ഇത് പരാമർശിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ പദ്ധതിക്കുള്ള മറ്റ് അനുമതികൾ നേടിയെടുക്കാനുള്ള നടപടികൾ വേഗത്തിലാക്കാൻ തീരുമാനിച്ചിരുന്നതായും കത്തിൽ പറയുന്നു.

കല്ലിടുന്നത് ഭൂമി ഏറ്റെടുക്കുന്നതിനാണ് എന്ന് വ്യക്തമാക്കുന്ന മറ്റ് രേഖകളും പുറത്തായിരിക്കുന്നു. 2020 സെപ്റ്റംബർ 1ന് കോൺക്രീറ്റ് കല്ലുകൾ വാങ്ങാൻ ക്ഷണിച്ച ടെണ്ടർ സിൽവർലൈനിന്റെ രണ്ട് അതിരുകളും മധ്യഭാഗവും ഉദ്ദേശിക്കുന്ന വിധമാണ് കല്ലിടുന്നത് എന്ന് വ്യക്തമാക്കുന്നു. 2021 സെപ്റ്റംബറിലെ ഭൂമി അളവ് ബുക്ക് ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ടെണ്ടർ നോട്ടീസിലും സർവേ നടത്തുന്ന ഭൂമി ഏറ്റെടുക്കാനുള്ളതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. ആഗസ്റ്റിൽ സിൽവർലൈനിന്റെ സ്റ്റേഷനുകളുടെ രൂപരേഖ തയ്യാറാക്കുന്നതിന് ക്ഷണിച്ച ടെണ്ടറിലും ഭൂമി ഏറ്റെടുക്കാനുള്ളതാണ് എന്നതിന്റെ സൂചനയുണ്ട്. മുഖ്യമന്ത്രി പിണറായി വിജയന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ അയച്ച കത്തിൽ ഭൂമി ഏറ്റെടുക്കലുംമറ്റും വേഗത്തിലാക്കാൻ കെ റെയിലോ സംസ്ഥാന സർക്കാരോ ജിക്ക(ജെഐസിഎ)യുമായി സംസാരിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. സർവേ പഠനത്തിനാണ് എന്ന് പറയുമ്പോഴും സ്ഥലം ഏറ്റെടുക്കുന്നതിന് ബജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. ഇത്രയും കാര്യങ്ങൾ വ്യക്തമായിട്ടും സാമൂഹ്യാഘാത പഠനത്തിനാണ് സർവേ എന്നുപറയുന്ന നേതാക്കന്മാർ ഒന്നുകിൽ കാര്യം അറിയാതെ സംസാരിക്കുന്നു, അല്ലെങ്കിൽ ജനങ്ങളെ കബളിപ്പിച്ച് സ്ഥലം കൈവശപ്പെടുത്താൻ ശ്രമിക്കുന്നു.

ഇനി, സാമൂഹ്യ ആഘാത പഠനത്തെക്കുറിച്ചാണെങ്കിൽ ഇത്രവലിയൊരു പദ്ധതിയുടെ സാമൂഹ്യ ആഘാതം ഈ കല്ലിനിടയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണോ. പദ്ധതി പ്രദേശത്തുള്ളവർ, ബഫർസോണിലുള്ളവർ, പരിസരവാസികൾ ഇവർക്കൊക്കെ പദ്ധതിയുണ്ടാക്കുന്ന വിപര്യയങ്ങൾ അറിയേണ്ടേ?



**മുംബൈ–അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻവിരുദ്ധ സമര നേതാവ് ശശികാന്ത് സോനാവാനേ, മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് ജയ്സൺ ജോസഫ് എന്നിവർ സമരസംഗമത്തെ അഭിവാദ്യം ചെയ്യുന്നു**

## ബഫർസോൺ വിഷയത്തിൽ അവ്യക്തത

കെ റെയിലിന്റെ ഫേസ്ബുക്ക് പേജിൽ പറയുന്നത് 10 മീറ്റർ ഇരുപുറവും ബഫർസോണാണ് എന്നാണ്. അതിൽ 5 മീറ്റർ നിർമ്മാണം അനുവദനീയമല്ല, 5 മീറ്ററിൽ നിയന്ത്രണവിധേയമായിരിക്കും. എന്നാൽ ഡിപിആർ സമ്മറിയിൽ 30 മീറ്റർ ആണ് ബഫർസോൺ. കെ റെയിൽ എംഡി പറയുന്നു, ആകെ 10 മീറ്ററാണ് ബഫർസോൺ. ആർടിഐ പ്രകാരം ജനകീയ സമിതിക്കുകിട്ടിയ രേഖയിൽ ബഫർസോൺ 15 മീറ്റർ ആണ്.

കാർബൺ എമിഷൻ കുറയും എന്നതാണ് ഉയർത്തപ്പെടുന്ന മറ്റൊരു വാദം. പശ്ചിമഘട്ടവും പരിസ്ഥിതിയും തകർത്ത്, തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തി, കേരളത്തിന്റെ ഒത്തനടുക്ക് ഒരു ഡാം തീർത്തിട്ട് കാർബൺ എമിഷനെക്കുറിച്ച് പറയുന്നതിൽ എന്തുകാര്യം. വൈദ്യുതിയും ഹരിതമാണത്രേ. കെഎസ്ഇബിയിൽനിന്നെടുത്താലും കേന്ദ്രപവർഗ്രിഡിൽനിന്നെടുത്താലും വൈദ്യുതിയുടെ ഭൂരിഭാഗവും കാർബൺ എമിഷന് കാരണമാകുന്ന താപ, ജല, ആണവ നിലയങ്ങളിൽനിന്നാണ് ഉൽപാദിപ്പിക്കുന്നത്. ഉപയോഗിക്കുന്നിടത്തല്ലെങ്കിലും ഉൽപാദിപ്പിക്കുന്നിടത്ത് കാർബൺ എമിഷന് കാരണമാകുന്ന ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത് എന്നിരിക്കെ കാർബൺ എമിഷൻ കുറയുന്നു എന്നവാദത്തിന് എന്തുപ്രസക്തി.

## മാനസിക അസ്വാസ്ഥ്യവും ഉറക്കക്കുറവും

ഞെട്ടലുളവാക്കുന്ന നിരവധി നിരീക്ഷണങ്ങൾ ഡിപിആറിൽ ഉണ്ട്. 74 ട്രയിനുകൾ ഇരുദിശയിലുമായി നിത്യേന കടന്നുപോകുമ്പോൾ ട്രാക്കിനിരുപുറവും വായുവിലൂടെയും ഭൂമിയിലൂടെയും പ്രകമ്പനമുണ്ടാകും എന്ന് ഡിപിആർ പറയുന്നുണ്ട്. അത്യന്താധുനിക സാങ്കേതിക വിദ്യയിലെ ഇലക്ട്രിക് ട്രയിനുകൾക്ക് ശബ്ദം കുറവായിരിക്കുമെങ്കിലും വേഗം കൂടുന്നതിനനുസരിച്ച് കുലുക്കം കൂടും. നിർമ്മാണ ഘട്ടത്തിലും തുടർന്നും ശബ്ദമലിനീകരണം കാരണം പാതയുടെ ഇരുവശത്തും 500 മീറ്ററിനുള്ളിൽ സമീപവാസികൾക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാകും. ആയതിനാൽ മുൻകരുതലെടുക്കണം. അർധ അതിവേഗ തീവണ്ടികളുടെ ശബ്ദമലിനീകരണത്തെക്കുറിച്ച് രാജ്യത്ത് പ്രത്യേക മാനദണ്ഡങ്ങളൊന്നും നിലവിലില്ല. ബഫർസോൺ കുറയ്ക്കുന്നത് ശബ്ദശല്യം വർദ്ധിക്കുവാൻ കാരണമാകും. ഇതരജീവജാലങ്ങൾക്കും ഇത് ഹാനികരമാകും. ആളുകൾക്ക് മാനസിക അസ്വാസ്ഥ്യവും ഉറക്കക്കുറവും ഉണ്ടാകും.

ഈ വിഷയങ്ങളിൽ കെ റെയിൽ ശാസ്ത്രീയ പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുള്ളതായി നമുക്ക് അറിവില്ല. നുണകളുടെമേൽ പണിതുയർത്തിയ പേക്കിനാവാണ് സിൽവർലൈൻ പദ്ധതി. കേരളത്തിന്റെ വികസനത്തിനുള്ള ഒരേയൊരു ഉപായമാണോ ഇത്? കേരളത്തിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാനുള്ള ഒരേയൊരു പദ്ധതിയാണോ സിൽവർലൈൻ. അല്ലേയല്ല. കേരളത്തിലെ ജനങ്ങൾ ഏറെയും ആശ്രയിക്കുന്ന പൊതുഗതാഗത മാർഗ്ഗം കെഎസ്ആർടിസിയും പാസഞ്ചർ ട്രയിനുകളുമാണ്. എന്നാൽ നിലവിലുള്ള റോഡ്, റെയിൽ ഗതാഗത മാർഗ്ഗങ്ങൾ ചെലവേറിയതാക്കിക്കൊണ്ടേ കെ റെയിലിൽ ആളേയെത്തിക്കാൻ പറ്റൂ എന്നാണ് ഡിപിആറിന്റെ എക്സിക്യൂട്ടീവ് സമ്മറി പറയുന്നത്. അറുപതുകളിൽത്തന്നെ ജപ്പാൻ ഉപേക്ഷിച്ച പദ്ധതിയാണിത്. ഡെൽഹി മെട്രോ പണിത കണക്കിലാണെങ്കിൽ സിൽവർലൈൻ പദ്ധതി പൂർത്തിയാകാൻ 37 വർഷമെടുക്കുമെന്നും, അതല്ല കൊച്ചി മെട്രോയാണ് മാനദണ്ഡമെങ്കിൽ 127 വർഷമെടുക്കുമെന്നും ഡോ.കെ.പി.കണ്ണനെപ്പോലുള്ള സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിന്റെ വികസനവുമായോ ജനങ്ങളുടെ വായ്പയുമായോ പദ്ധതിക്ക് യാതൊരു ബന്ധവുമില്ല, മറിച്ച് വായ്പയ്ക്കുവേണ്ടിയുള്ള പദ്ധതി എന്നത് വ്യക്തം

## അടിസ്ഥാനസൗകര്യ വികസനം

അടിസ്ഥാന സൗകര്യവികസനത്തിന്റെ പട്ടികയിലാണ് കെ റെയിലും പെടുത്തിയിരിക്കുന്നത്. കേരളത്തിന്റെ മുഖച്ഛായമാറ്റം എന്ന് പ്രഖ്യാപിച്ച് കൊണ്ടുവന്ന പദ്ധതികളുടെ ഇപ്പോഴത്തെ നിലയെന്താണ് എന്ന് ഒരു അന്വേഷണം നടത്തുന്നത് ഈ സാഹചര്യത്തിൽ നന്നായിരിക്കും. കെ റെയിലിനെതിരായ ജനകീയ പ്രക്ഷോഭം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ വല്ലാർപാടം ട്രാൻഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ വീണ്ടും ചർച്ചയ്ക്കെടുക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അമ്പേ പരാജയപ്പെട്ട പുനഃരധിവാസ പദ്ധതിയായിമാത്രമല്ല അത് ചരിത്രത്തിൽ ഇടംപിടിച്ചിരിക്കുന്നത്. ഒരു പദ്ധതിക്ക് എങ്ങനെ നാടിന്റെ അടിസ്ഥാനവികസനത്തെ

(ശേഷം 10–ാം പേജിൽ)

# സിൽവർലൈൻ പദ്ധതിയുടെ 74% ഓഹരിയും സ്വകാര്യവൽക്കരിക്കാമെന്ന് സംസ്ഥാന സർക്കാർ

(9-ാം പേജിൽ നിന്ന്)

തകർക്കാമെന്നതിനും കൂടെയുള്ള ഉദാഹരണമാണത്. കേന്ദ്രസർക്കാർ വല്ലാർപാടത്ത് ഒരു ട്രാൻഷിപ്പ്മെന്റ് തുറമുഖം നിർമ്മിച്ച് പ്രവർത്തിപ്പിക്കാൻ ദുബായ് പോർട്ടിന് അനുമതി നല്കിയപ്പോൾ വെല്ലിംഗ്ടൺ ഐലന്റിലുണ്ടായിരുന്ന തുറമുഖവും ദുബായ് പോർട്ട് വേൾഡിന് സൗജന്യമായി കൈമാറിയിരുന്നു. 2011 മുതൽ കൊച്ചി തുറമുഖം അടച്ചിട്ടിരിക്കുകയാണ്. അന്നുമുതൽ കപ്പലുകൾ വല്ലാർപാടത്തെ ടെർമിനലാണ് ഉപയോഗിച്ചുവരുന്നത്. എന്നിട്ടും വല്ലാർപാടത്തിന്റെ പ്രഖ്യാപിത ശേഷിയുടെ പകുതിപോലും ഉപയോഗിക്കുന്നില്ല എന്നത് ഞെട്ടിപ്പിക്കുന്ന സത്യമാണ്. 12 ലക്ഷം ടിഇയു പ്രവർത്തനശേഷിയുള്ള വല്ലാർപാടം തുറമുഖത്ത് 2020ൽ കേവലം 6.2 ലക്ഷം ടിഇയു മാത്രമാണ് ഉപയോഗിക്കുന്നത് എന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ഇതിൽ 6 ശതമാനമാണത്രേ ട്രാൻഷിപ്പ്മെന്റ് കണ്ടെയിനറുകൾ. വല്ലാർപാടം ദയനീയ പരാജയവുമായി, കൊച്ചി തുറമുഖം പൂട്ടപ്പെടുകയും ചെയ്തു. എന്തായി വികസനം, പ്രഖ്യാപിക്കപ്പെട്ടിരുന്ന തൊഴിലുകൾ എണ്ണം തികച്ച് അർഹതപ്പെട്ടവരിലെത്തിയോ. വല്ലാർപാടം എന്തായി എന്നും കുടിയൊഴിപ്പിക്കപ്പെട്ടവരും തൊഴിലന്വേഷകരും എവിടെയെന്നും ആരും ചോദിച്ചു കണ്ടില്ല.

വല്ലാർപാടം ഈ നിലയിൽ നിൽക്കുമ്പോഴാണ് വിഴിഞ്ഞത്ത് തുറമുഖനിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുനീങ്ങുന്നത്. വല്ലാർപാടത്ത് പറഞ്ഞ എല്ലാ കാര്യങ്ങളും അവിടെയും ആവർത്തിച്ചു. നിർമ്മാണ സൗകര്യം അദാനി മുതലാളിക്കും കൈമാറി. കൊളംബോയിൽ ട്രാൻഷിപ്പ്മെന്റ് നടത്തുന്ന കപ്പലുകൾ വിഴിഞ്ഞം അന്വേഷിച്ചുവരും എന്നതായിരുന്നു കൂട്ടിച്ചേർക്കപ്പെട്ട ഒരേയൊരു കാര്യം. എന്നാൽ രാമേശ്വരം കടലിടുക്ക് കപ്പൽ സഞ്ചാരത്തിന് സുഗമമായ പാതയാകില്ല എന്നതുകൊണ്ട് വിഴിഞ്ഞത്തുനിന്ന് ശ്രീലങ്ക ചുറ്റിയാകും കപ്പലുകൾക്ക് ചെന്നൈയിലും കൽക്കത്തയിലും കിഴക്കൻ സംസ്ഥാനങ്ങളിലെ മറ്റ് തുറമുഖങ്ങളിലേയ്ക്കും പോകേണ്ടിവരുക എന്നത് അന്നേ ചൂണ്ടിക്കാണിക്കപ്പെട്ട കാര്യമാണ്. ആ ചർച്ചയുടെ സാംഗത്യം പിടികിട്ടിയ അദാനി മുതലാളി കൊളംബോയിൽ തുറമുഖ നിർമ്മാണവും പ്രവർത്തനവും ഏറ്റെടുത്ത് നടത്താനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇങ്ങനെയൊക്കെയാണ് നമ്മുടെ നാട്ടിൽ വികസനപദ്ധതികൾ. മുമ്പ് ആരംഭിച്ച പദ്ധതിയുടെ സ്ഥിതിയെന്താണ് എന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടതില്ല എന്ന് ചിന്തിക്കുന്ന ധാർമ്മിക ച്യുതിയിലാണ് രാഷ്ട്രീയ നേതൃത്വം. വികസനം മുതലാളിമാർക്കും അവരെ നമ്പി നിൽക്കുന്ന രാഷ്ട്രീയ നേതാക്കന്മാർക്കും മാത്രമുള്ളതാണ്, ജനങ്ങൾക്ക് അതിൽ യാതൊരു കാര്യവുമില്ല എന്ന് ജനങ്ങൾ തിരിച്ചറിയുവോളം ഈ തട്ടിപ്പ് തുടർന്നുകൊണ്ടേ യിരിക്കും.



പൊലീസ് നടപടിയെ നിർഭയം നേരിട്ട അഞ്ച് വനിതാ പ്രവർത്തകർ–സിന്ധു ജെയിംസ് ചെങ്ങന്നൂർ, ആരിഫ പരപ്പനങ്ങാടി, റോസിലിൻ ഫിലിപ്പ് മാടപ്പള്ളി, ദീപ എസ്. മുള്ളിയൻകാവ്, സുധ എസ്. തഴുത്തല എന്നിവർ ചേർന്ന് മഹാസംഗമത്തിൽ സമരജ്വാല തെളിയിക്കുന്നു

### ശ്രീലങ്കയിൽനിന്നും പഠിക്കാനുള്ളത്

കടമെടുത്ത് നടത്തുന്ന വികസനപ്രവർത്തനങ്ങളുടെ പ്രത്യാഘാതം എന്തായിരിക്കും എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമായാണ് ശ്രീലങ്ക ഇന്ന് നമ്മുടെ മുന്നിൽ നിൽക്കുന്നത്. കോടിക്കണക്കിന് രൂപവായ്പയെടുത്ത് നിർമ്മിച്ച വിമാനത്താവളങ്ങൾ, ഹൈവേകൾ, പാലങ്ങൾ എല്ലാം ജനങ്ങളെ തിരിഞ്ഞുകൊത്തുകയാണ്. കെ റെയിൽ കേരള സർക്കാരിന്റെ പദ്ധതിയില്ല, പിപിപി(പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ)യിലാണ് പദ്ധതി. ഡിപിആർ പറയുന്ന 63,000കോടിയിൽ 33,000കോടി ജിക്കയുടെ വായ്പയാണ്. ബാക്കി തുക സമാഹരിക്കുന്നത് എവിടെനിന്നാണ്. ആരാണ് സ്പോൺസേഴ്സ്. കിഫ്ബിയെ മുൻനിർത്തിയെടുക്കുന്നതും വായ്പയാണ്. ബജറ്റിൽ 2000കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. അത് വായ്പയാണ്.

കേന്ദ്രസർക്കാരിന് 49 ശതമാനവും സംസ്ഥാന സർക്കാരിന് 51 ശതമാനവും ഓഹരിയുള്ള കമ്പനിയാണ് കേരള റെയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ അഥവാ കെആർഡിസിഎൽ. കെആർഡിസിഎല്ലിന്റെ എല്ലാ പദ്ധതികൾക്കും കേന്ദ്രാനുമതി അനിവാര്യമാണ്. 100 കോടിമുതൽ 500 കോടിവരെയുള്ള പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകേണ്ടത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് ആണ്. 500 കോടിക്ക് മുകളിലുള്ള പദ്ധതികൾക്ക് അനുമതിനൽകേണ്ടത് പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡ് ആണ്. 1000കോടിക്ക് മുകളിലുള്ള പദ്ധതികൾക്ക് കേന്ദ്രക്യാബിനറ്റിന്റെയോ ക്യാബിനറ്റ് കമ്മിറ്റിയുടെയോ അനുമതി വേണം. ഈ അനുമതികളിൽ ഏതെങ്കിലുമൊന്ന് കെറെയിലിന്റെ സിൽവർലൈൻപദ്ധതിക്ക് ലഭ്യമായിട്ടുണ്ടോ. ഭൂമിഏറ്റെടുക്കലിന് മാത്രം 6100 കോടി രൂപവേണം. എന്നാൽ റെയിൽവേ ബോർഡിൽനിന്നുമാത്രമാണ് തത്വത്തിൽ അനുമതി കിട്ടിയിരിക്കുന്നത് എന്നിരിക്കെ കല്ലിട്ട് ഭൂമി ഏറ്റെടുക്കുവാനുള്ള തിടുക്കം എന്തിനാണ് എന്നും സംസ്ഥാന സർക്കാർ വ്യക്തമാക്കേണ്ടതുണ്ട്.




### വർഗ-വിഭജിത സമൂഹത്തിൽ മുഴുവൻ ജനങ്ങളുടെയും വികസനം സാദ്ധ്യമോ ?

വികസനമെന്നത് സാധാരണ ജനങ്ങളെ മാത്രമല്ല ഇടതുപക്ഷ ചിന്താഗതിക്കാരെപ്പോലും വശീകരിക്കാൻ ശേഷിയുള്ള പ്രലോഭനമാണ്. കാലത്തിന്റെ മാറ്റത്തിനും ശാസ്ത്ര-സാങ്കേതിക വികാസത്തിനും അനുസൃതമായി ജീവിതം കൂടുതൽ ആയാസരഹിതവും ഫലദായകവുമാക്കി മാറ്റാൻ ഉതകുന്ന പദ്ധതികളെ ജനങ്ങൾ സ്വാഗതം ചെയ്യുന്നത് സ്വന്തം അഭിവൃദ്ധിയും നാടിന്റെ പുരോഗതിയും മുന്നിൽ കണ്ടിട്ടാണ്. ആധുനിക കാലത്ത് ഏറ്റവും വിലപ്പെട്ട ഒന്നാണ് സമയം. യാത്രയ്ക്കുവേണ്ടി ചെലവഴിക്കുന്ന സമയത്തിൽ നല്ലൊരു പങ്ക് ലാഭിക്കാൻ കഴിഞ്ഞാൽ പ്രയോജനപ്രദമായ മറ്റുപല കാര്യങ്ങളും മനുഷ്യന് ചെയ്യാനാകും. അടിസ്ഥാന ഘടനാ വികാസത്തെ കലവറയില്ലാതെ പിന്തുണയ്ക്കാൻ സാധാരണഗതിയിൽ ജനങ്ങൾ തയ്യാറാകുന്നത് ഇത്തരമൊരു പരിപ്രേക്ഷ്യത്തിലാണ്.

ഇനി യാഥാർത്ഥ്യത്തിലേക്ക് വരാം. നമ്മുടെ രാജ്യത്ത് സാധാരണ ജനങ്ങളുടെ ജീവിതത്തിൽ അഭിവൃദ്ധി ഉണ്ടാകുന്നുണ്ടോ? മനുഷ്യാദ്ധ്വാനം സൃഷ്ടിച്ചിരിക്കുന്ന സമ്പൽസമൃദ്ധിയുടെ അഗണ്യമായൊരുപങ്ക് അവർക്ക് ലഭിച്ചിട്ടുണ്ടാകാം. അർഹതപ്പെട്ടതിന്റെ തുച്ഛമായൊരു പങ്കുമാത്രമാണത്. ബാക്കിയെല്ലാം അതിസമ്പന്നരുടെ കൈകളിലേക്ക് ഒഴുകിയെത്തുന്നു. രാജ്യത്തെ ഉല്പാദനക്രമവും വിതരണ സമ്പ്രദായവുമൊക്കെ അവ്വിധം ക്രമീകരിക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കോവിഡ് മഹാമാരിക്കാലത്ത് സാധാരണക്കാരുടെ ദുരിതങ്ങൾ പലമടങ്ങ് വർദ്ധിപ്പിച്ചപ്പോൾ സമ്പന്നരുടെ ആസ്തിയും പലമടങ്ങ് പെരുകിയത് അതുകൊണ്ടാണ്. ഇരുകൂട്ടർക്കും ഒരുപോലെ നേട്ടമുണ്ടാക്കാൻ കഴിയുന്ന ഒരു സാഹചര്യവും സാദ്ധ്യമല്ല എന്നതാണ് നമ്മുടെയും ഇവ്വിധം സമൂഹം രണ്ടായി വിഭജിക്കപ്പെട്ടിട്ടുള്ള ഏതൊരു രാജ്യത്തെയും സ്ഥിതി.

ആഗോളമുതലാളിത്തം കടന്നുപോകുന്ന കനത്ത സാമ്പത്തിക പ്രതിസന്ധിക്കും കമ്പോളമാന്ദ്യത്തിനും കണ്ടെത്തിയിരിക്കുന്ന മറുമരുന്നാണ് വികസനം. മൂലധനം നിക്ഷേപിച്ച് കൃത്രിമമായി മാർക്കറ്റ് ചലിപ്പിക്കുന്ന അശേഷം ഉൽപാദനക്ഷമമല്ലാത്ത പ്രക്രിയയാണിത്.

സ്വാതന്ത്ര്യം നേടി 75 വർഷം പിന്നിടുമ്പോഴും ജനസംഖ്യയുടെ മുക്കാൽ പങ്കും നിരക്ഷരതയിലും ദാരിദ്ര്യത്തിലും കഴിയുന്ന നാടാണ് നമ്മുടേത്. നമ്മെ ഭരിച്ചവരൊക്കെ സമ്പന്നന്റെ താൽപ്പര്യം മുൻനിർത്തിയാണ് നയങ്ങൾ ആവിഷ്ക്കരിച്ചതെന്ന് ഈ അനുഭവം പഠിപ്പിക്കുന്നുണ്ട്. പക്ഷേ, ആ നയങ്ങൾക്കൊക്കെ സാധാരണക്കാരെ കബളിപ്പിക്കാൻ പോന്ന മുദ്രാവാക്യങ്ങളും വാഗ്ദാനങ്ങളുമുണ്ടായിരുന്നു. ഇപ്പോഴും കർഷകരെ കടക്കെണിയിലാക്കാൻ പോന്ന, തൊഴിലാളികളെ അടിമപ്പണിക്ക് നിർബന്ധിക്കുന്ന, യുവാക്കളെ തൊഴിലില്ലായ്മയിൽ തളച്ചിടുന്ന, സ്ത്രീകളെ വ്യക്തിത്വമില്ലാത്ത കാഴ്ചവസ്തുവാക്കുന്ന, കുഞ്ഞുങ്ങളെ പണിയെടുക്കാനായി തള്ളിവിടുന്ന, ചാർജ്ജ് വർദ്ധനവുകളും നികുതിവർദ്ധനവുകളും കൊണ്ട് ഭൂരിപക്ഷത്തിന്റെയും ജീവിതം ദുസ്സഹമാക്കുന്ന നയങ്ങൾ അടിച്ചേൽപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ഉൽപ്പാദന-വിതരണ ക്രമത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാകാതെ ഈ സ്ഥിതിവിശേഷത്തിനും മാറ്റമുണ്ടാകില്ല. അതാകട്ടെ ആരെങ്കിലും ഔദാര്യംകൊണ്ട് കൈവരുത്തുമെന്ന് പ്രതീക്ഷിക്കാനുമാകില്ല. സാമൂഹ്യപുരോഗതി ആഗ്രഹിക്കുന്നവരുടെ, നീതി നിഷ്ഠമായ സമൂഹ സൃഷ്ടിക്കായി ത്യാഗങ്ങൾ സഹിക്കാൻ തയ്യാറുള്ളവരുടെ യോജിച്ചതും സുദീർഘവും വിട്ടുവീഴ്ചയില്ലാത്തതുമായ പോരാട്ടത്തിലൂടെ മാത്രമേ അത്തരമൊരു സമൂഹസൃഷ്ടി സാധ്യമാകൂ. സാമൂഹ്യയാഥാർത്ഥ്യങ്ങൾ ആഴത്തിൽ മനസ്സിലാക്കി, മാറ്റത്തിന്റെ ശാസ്ത്രീയമായ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിച്ച്, ഒരു സമൂഹത്തെയാകെ ആ മഹത്തായ പ്രക്രിയയിൽ പങ്കാളികളാക്കുന്ന വിപ്ലവത്തിന്റെ ശക്തികൾക്കേ ചരിത്രപരമായ ആ മുന്നേറ്റത്തിന് നേതൃത്വം നൽകാനാകൂ. ഇടതുപക്ഷ രാഷ്ട്രീയം ഈ മാറ്റത്തെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയമാണ്.

### സിപിഐ(എം), സിപിഐ പാർട്ടികളുടെ വഞ്ചന

സംസ്ഥാനം ഭരിക്കുന്ന ഗവണ്മെന്റിനെ നയിക്കുന്ന സിപിഐ(എം), സിപിഐ പോലുള്ള പാർട്ടികൾ ഈ ഇടതുപക്ഷ രാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്നുണ്ടോ? പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് 60 ശതമാനം നികുതി ചുമത്തി കേന്ദ്രഗവണ്മെന്റ് ജനങ്ങളെ കൊള്ളയടിക്കുമ്പോൾ ആ കൊള്ളമുതലിൽ പങ്കുപറ്റിക്കൊണ്ട് ജനങ്ങളെ കയ്യൊഴിയുന്നവർ, സംസ്ഥാനത്തിന്റെ പൊതുകടം വെറും 5 വർഷക്കാലയളവുകൊണ്ട് ഇരട്ടിയാക്കി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപമാക്കിയവർ, ശമ്പളവും പെൻഷനും നൽകാൻ പ്രാപ്തിയില്ലാത്ത ഖജനാവ് സൃഷ്ടിച്ചവർ, വിദേശ

(ശേഷം 11-ാം പേജിൽ)

# സമ്പന്നർക്കും ദരിദ്രർക്കും ഒരുപോലെ നേട്ടമുണ്ടാകുന്ന ഒരു വികസനവും സാദ്ധ്യമല്ല

(10-ാം പേജിൽ നിന്ന്)

വായ്പയോടൊപ്പം വരുന്ന കർശനമായ വ്യവസ്ഥകൾ ഏറ്റുവാങ്ങി വിദ്യാഭ്യാസത്തിന്റെ അടിത്തറ മാന്തിയവർ, ജനകീയാസൂത്രണ പദ്ധതിയിലൂടെ ജനങ്ങളുടെ അവകാശബോധം തകർത്തും അവരെ രാഷ്ട്രീയമായി വന്ധ്യംകരിച്ചും അരാഷ്ട്രീയത പടർത്തിയും ഇടതുപക്ഷ രാഷ്ട്രീയത്തിന് മാരകമായ പ്രഹരമേൽപ്പിച്ചവർ വർഗ്ഗ-ബഹുജന സമരപാതയിൽ നിന്ന് എന്നെന്നേയ്ക്കുമായി വിട പറഞ്ഞവർ, മൂലധന ശക്തികൾക്ക് നാടിന്റെ സമ്പത്താകെ കൊള്ളയടിക്കാൻ അവസരമൊരുക്കുന്ന ആഗോളീകരണ നയങ്ങളുടെ നടത്തിപ്പ് ഏറ്റെടുത്തവർ എങ്ങനെയാണ് അദ്ധ്വാനിച്ചു ജീവിക്കുന്ന ജനങ്ങളുടെ രാഷ്ട്രീയ നേതൃത്വമാകുക.

ഏറ്റവും ഒടുവിലായി ഏറ്റെടുത്തിരിക്കുന്ന സിൽവർലൈൻ പദ്ധതിയും സ്വകാര്യവൽക്കരണത്തിന് പരവതാനി വിരിക്കുന്നതാണ് എന്ന് വ്യക്തമായിരിക്കുന്നു. 74 ശതമാനം ഓഹരിയും സ്വകാര്യവൽക്കരിക്കാമെന്ന് അവർ ആണയിടുന്നു. പതിനായിരങ്ങളെ കുടിയൊഴിപ്പിക്കുന്നതോ പരിസ്ഥിതിയ്ക്ക് അപരിഹാര്യമായ ആഘാതമേൽപ്പിക്കുന്നതോ സംസ്ഥാനത്തെ കടക്കെണിയിലാക്കുന്നതോ അവരെ അലോസരപ്പെടുത്തുന്നതേയില്ല. പ്രഹരമേൽക്കുന്നവനോട് പദ്ധതിയുടെ സത്യാവസ്ഥ വെളിപ്പെടുത്തണമെന്ന സാമാന്യ മര്യാദപോലും പാലിക്കേണ്ടതാണെന്ന് കരുതാൻ അവരുടെ ധാർഷ്ട്യം അനുവദിക്കുന്നില്ല. സാമൂഹ്യ മുന്നേറ്റത്തിന്റെ പാതയിൽ പ്രത്യക്ഷപ്പെടുന്ന പ്രതിബന്ധങ്ങളെ തട്ടിമാറ്റാൻ സത്യത്തിന്റെ കരുത്തുമാത്രമേ ഉപകരിക്കൂ എന്നിരിക്കെ ആവർത്തിച്ച് ജനങ്ങളോട് കള്ളം പറഞ്ഞ് അവരെ കബളിപ്പിക്കാമെന്ന് കരുതിയത് ഭീരുത്വമല്ലേ വെളിവാക്കുന്നത്. സമ്പന്നനും ദരിദ്രനും തമ്മിലുള്ള അന്തരം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഒരു സമൂഹത്തിൽ വികസനം സാദ്ധ്യമാണെന്ന് ജനങ്ങളോട് പറയുന്നത് കൊടിയ വഞ്ചനയല്ലേ?

വലിയൊരു സാമ്പത്തികാക്രമണത്തിന്, സാമൂഹിക പ്രഹരത്തിന്, മാനസികാഘാതത്തിന് ഇരയാകുന്ന ജനങ്ങൾ പ്രതിഷേധമുയർത്തുക സ്വാഭാവികമല്ലേ? വൃദ്ധരും കുട്ടികളും രോഗികളും വീട്ടമ്മമാരുമടക്കം ആയിരക്കണക്കിനാളുകൾ കുടിയിറക്കരുതേ എന്ന് യാചിച്ചുകൊണ്ട് തെരുവിലിറങ്ങുമ്പോൾ അവരോടൊപ്പം നിൽക്കേണ്ടത് കമ്മ്യൂണിസ്റ്റുകാരുടെ ബാദ്ധ്യതയല്ലേ. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി കേരളത്തിൽ ചെയ്തത് അതുമാത്രമാണ്. സിൽവർലൈൻ പദ്ധതി തികച്ചും ജനവിരുദ്ധമാണെന്ന് തിരിച്ചറിഞ്ഞ ജനങ്ങൾ ഗവണ്മെന്റിന്റെ പ്രലോഭനങ്ങൾക്കോ ഭീഷണിക്കോ വശംവദരാകില്ല എന്ന് സ്വയം പ്രഖ്യാപിക്കുകയാണ്. അധികാരികളുടെ ഏതൊരു പ്രഹരവും അവഹേളനവും നിശബ്ദമായി ഏറ്റുവാങ്ങി നടുവ് കുനിയ ഒരു ജനത ആത്മാഭിമാനത്തോടെ ഉയർത്തെഴുന്നേൽക്കുന്ന കാഴ്ചയാണിന്ന് കേരളത്തിൽ കാണുന്നത്. ജീവിതത്തിന്റെ നല്ലൊരുപങ്ക് അടുക്കളയ്ക്കുള്ളിൽ ചെലവഴിക്കാൻ സാമൂഹ്യ പ്രശ്നങ്ങളോട് വിമുഖത പുലർത്തിയവർ, പിന്തിരിപ്പൻ ചിന്താഗതികളുടെ ഒഴുക്കിൽപ്പെട്ട് ജീവിത ദൗത്യങ്ങൾ വിസ്മരിക്കുന്നവർ അങ്ങനെ എത്രയോപേർ ഇന്ന് അയൽപക്കക്കാരുമായി കൈകോർത്ത് മുന്നോട്ടുവന്നിരിക്കുന്നു. ശബ്ദമുയർത്തി സംസാരിക്കാത്തവർ ഇന്ന് ഗവണ്മെന്റിനെ വിറകൊള്ളിക്കുംവിധം വാദഗതികൾ നിരത്തുന്നു. സാമൂഹ്യപുരോഗതി കാംക്ഷിക്കുന്ന ഏതൊരാളെയും സന്തോഷിപ്പിക്കുന്ന സമൂഹ്യാന്തരീക്ഷം വളർന്നുവരികയാണ്.





സിപിഐ(എം)നും കൂട്ടർക്കും എന്തുകൊണ്ടാണിത് അസ്വസ്ഥതയുണ്ടാക്കുന്നത്. സമരങ്ങളെന്ന പേരിൽ വിരസമായ പ്രകടനങ്ങളും വെറുപ്പുളവാക്കുന്ന അക്രമങ്ങളും മാത്രം ശീലമുള്ളവർക്ക് അവകാശബോധമാർന്ന ഒരു ജനത നടത്തുന്ന അഭിമാനകരമായ പോരാട്ടത്തിന്റെ രാഷ്ട്രീയ പ്രാധാന്യം തിരിച്ചറിയാൻ കഴിയണമെന്നില്ല. വർഗ്ഗീയതയ്ക്കെതിരെ പൊരുതുന്നുവെന്ന് പൊള്ളയായ വാചകക്കസർത്തു നടത്തുന്നവർക്ക് ജാതി, മതം തുടങ്ങി എല്ലാ സങ്കുചിതത്വങ്ങളെയും ഭേദിച്ച്, പൊതുവായ ഡിമാന്റ് ഉയർത്തി മുന്നോട്ടു വരുന്ന ജനതയുടെ ഐക്യമാണ്, സമരമാണ് വർഗീയതയ്ക്ക് തടയിടാനുള്ള ഫലപ്രദമായ മാർഗ്ഗം എന്ന ധാരണയുണ്ടാകണമെന്നില്ല. ജനതയുടെ നിതാന്ത ജാഗ്രതയാണ് ജനാധിപത്യത്തിന്റെ ഗ്യാരണ്ടി. ഭരിക്കുന്നവരുടെ ചെയ്തികൾ ജനങ്ങൾക്കെതിരാവുമ്പോൾ അതിനെതിരെ ശബ്ദമുയർത്താൻ കഴിയാതെപോയാൽ ജനാധിപത്യം അധഃപതിക്കും. ജനാധിപത്യ വ്യവസ്ഥയുടെ അടിസ്ഥാനങ്ങൾ ആക്രമിക്കപ്പെടുന്ന വർത്തമാനകാലത്ത് പുതിയൊരു ജനാധിപത്യ അവബോധം ഉയർന്നുവരുന്നത് ആശാവഹമല്ലേ.

സമരം ചെയ്യുന്നവരെ ഭീകരവാദികളും തീവ്രവാദികളുമൊക്കെയായി ചിത്രീകരിക്കാൻ എൽഡിഎഫ് ഗവണ്മെന്റ് കാണിച്ച വ്യഗ്രത പൊറുക്കാവുന്നതല്ല. വിദേശവാഴ്ചയ്ക്കെതിരെ പൊരുതിയ സ്വാതന്ത്ര്യ സമര സേനാനികളും അനീതിക്കെതിരെ പൊരുതിയ കമ്മ്യൂണിസ്റ്റുകളും അവകാശങ്ങൾക്കായി പൊരുതിയ തൊഴിലാളികളുമെല്ലാം ഭീകരരായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. അതെല്ലാം പിന്തിരിപ്പൻ അധികാര ശക്തികളിൽനിന്നായിരുന്നു. എന്നാലിവിടെ ഇടതെന്നവകാശപ്പെടുന്നവർ ആ ഹീനമാർഗ്ഗം അവലംബിക്കുന്നത് അമ്പരപ്പുളവാക്കുന്നു. വി.ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിൽ നടന്ന മൂലമ്പിള്ളി സമരത്തെയും ളാഹ ഗോപാലന്റെ നേതൃത്വത്തിൽ നടന്ന ചെങ്ങറ സമരത്തെയുമെല്ലാം ഭീകരവാദികളെന്ന് വിളിച്ചത് എൽഡിഎഫ് ഭരണം തന്നെയാണ്. യുഎപിഎ പോലുള്ള കരിനിയമങ്ങൾ നടപ്പിലാക്കി വലതുപിന്തിരിപ്പൻ ഭരണത്തെപ്പോലും ലജ്ജിപ്പിച്ചതും ഇവർ തന്നെ. പോലീസ് തേർവാഴ്ചയും ലോക്കപ്പ് കൊലപാതകങ്ങളും തുടങ്ങി സ്വേച്ഛാധിപത്യ വാഴ്ചയുടെ എല്ലാ ചേരുവകളും ഒത്തിണങ്ങിയ ഭരണമായി എൽഡിഎഫ് ഭരണം അധഃപതിച്ചിരിക്കുന്നു.

### സിൽവർലൈൻ വിരുദ്ധ സമരം അടിച്ചമർത്താനാവില്ല

ആറാട്ടുപുഴ, തൃക്കുന്നപ്പുഴ തീരത്തെ കരിമണൽ തീരത്തെ കരിമണൽ ഖനനം അസാദ്ധ്യമാക്കിയത് സാധാരണക്കാരുടെ ചെറുത്തുനിൽപ്പായിരുന്നു. വിളപ്പിൽശാലയിൽ അധികാര ശക്തി മുട്ടുകുത്തിയത് ജനകീയൈക്യത്തിന്റെ മുമ്പിലായിരുന്നു. ചെങ്ങറ ഇന്നും അധികാരികൾക്ക് ബാലികേറാമലയായിരിക്കുന്നത് വിട്ടുവീഴ്ചയില്ലാത്ത ജനകീയ പോരാട്ടം മൂലമാണ്. ഈ സമരമുഖങ്ങളിലൊക്കെ ജനകീയ സമര കമ്മിറ്റികളിലൂടെ അജയ്യമായ സമരശക്തി പടുത്തുയർത്തിയത് എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അക്ഷീണമായ പരിശ്രമഫലമായിട്ടാണ്. ഭരണ പ്രതിപക്ഷങ്ങൾ ഒരുപോലെ ജനങ്ങളെ കയ്യൊഴിയുമ്പോൾ കക്ഷിരാഷ്ട്രീയത്തിനതീതമായ സമരമുന്നേറ്റമാണ് മാർഗ്ഗം എന്ന് കേരളത്തിൽ സ്ഥാപിച്ചെടുത്തത് എസ്‌യുസിഐ(സി) ആണ്. പിന്നീട് പല ജനകീയമുന്നേറ്റങ്ങളും ആ പാഠം മാർഗ്ഗദർശകമായി സ്വീകരിച്ചു. സംസ്ഥാനത്ത് നിരവധി സമരങ്ങളുണ്ടായി.

സിൽവർലൈൻ പദ്ധതിക്കെതിരെയും 11 ജില്ലകളിലായി നൂറുകണക്കിന് സമരക്കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് സുശക്തമായ പോരാട്ടത്തിന്റെ ബലിഷ്ഠമായ അടിത്തറ പാകിയതും എസ്‌യുസിഐ(സി)യുടെ വോളന്റിയർമാർ തന്നെ. അപവാദ പ്രചാരണങ്ങൾകൊണ്ടോ ഭീഷണികൾകൊണ്ടോ ഒന്നും എസ്‌യുസിഐ(സി)യെ സമര പാതയിൽനിന്ന് വ്യതിചലിപ്പിക്കാനാവില്ല എന്ന് നന്ദിഗ്രാം പ്രക്ഷോഭത്തിന്റെ അനുഭവത്തിൽനിന്ന് മനസ്സിലായിട്ടുണ്ടാകും എന്ന് കരുതട്ടെ. ജനശക്തിക്കുമുന്നിൽ സ്വേച്ഛാവാഴ്ചകൾ നിലംപൊത്തിയ ചരിത്രമേ നാളിതുവരെ ഉണ്ടായിട്ടുള്ളൂ എന്നോർക്കുക. ■







ജാഥാ ക്യാപ്റ്റൻ എം.പി.ബാബുരാജ്, വൈസ് ക്യാപ്റ്റൻ എസ്.രാജീവൻ, മാനേജർ ടി.ടി.ഇസ്മായിൽ, സി.ആർ.നീലകണ്ഠൻ, പ്രൊഫ.കുസുമം ജോസഫ് എന്നിവർ സമരജാഥയെ അഭിസംബോധന ചെയ്യുന്നു

കെ റെയിൽ നമുക്ക് വേണ്ട
ബഹുജനങ്ങൾക്കെതിരായ പോലീസ് അതിക്രമങ്ങൾ അവസാനിപ്പിക്കുക.
സാംസ്കാരിക സംഗമം
ഏപ്രിൽ 18 3 PM
ആശീർഭവൻ ഹാൾ കച്ചേരിപ്പടി, എറണാകുളം.
ഉദ്ഘാടനം: അലോക്കുമാർ വർമ്മ
(റിട്ട.ചീഫ് എഞ്ചിനീയർ, ഇന്ത്യൻ റെയിൽവേ)
കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി

# ഹിജാബ് വിവാദം: ഭിന്നതയും സ്പർദ്ധയും സൃഷ്ടിക്കാനുള്ള ഫാസിസ്റ്റ് പദ്ധതി

**അ**ടുത്ത കാലത്ത് ഹിജാബുമായി ബന്ധപ്പെട്ട വിവാദം കർണ്ണാടക സംസ്ഥാനത്ത് പടർന്നുപിടിക്കുകയുണ്ടായി. മാധ്യമങ്ങൾ, പ്രത്യേകിച്ചും ഇലക്ട്രോണിക് മാധ്യമങ്ങൾ ഈ വിഷയത്തിന് ഇന്ത്യ മുഴുവൻ പ്രചാരണം കൊടുക്കുകയായിരുന്നു. കർണ്ണാടക സംസ്ഥാനത്തെ തീരദേശ ജില്ലയായ ഉഡുപ്പിയിലെ ഒരു പ്രിയൂണിവേഴ്സിറ്റി കോളേജിലാണ് ഈ വിവാദത്തിന്റെ തുടക്കം. ക്യാമ്പസിനുള്ളിൽ യൂണിഫോം മാത്രമേ ധരിക്കാൻ പാടുള്ളൂ എന്ന് കോളേജ് അധികൃതർ നിഷ്കർഷിച്ചപ്പോൾ, തങ്ങളുടെ ആചാരത്തിന്റെ ഭാഗമായാതിനാൽ ഹിജാബ് മാറ്റാൻ 6 പെൺകുട്ടികൾ വിസമ്മതിച്ചു. ഇതിനെതിരായി, മുൻകൂട്ടി തയ്യാറാക്കിയ പദ്ധതി അനുസരിച്ച് ഒരു കൂട്ടം ആൺകുട്ടികൾ കാവി ഷാളുകളും കാവി തലപ്പാവുകളും ധരിച്ചുകൊണ്ട് പ്രത്യക്ഷപ്പെട്ടു. കുറച്ച് ആളുകൾ വിദ്യാർത്ഥികൾക്ക് കാവി ഷാളുകളും കാവി തലപ്പാവുകളും വിതരണം ചെയ്യുന്നത് ആ സമയത്ത് പ്രചാരത്തിലുണ്ടായിരുന്ന ചില വീഡിയോകളിൽ കാണാം. ഒരു മന്ത്രിയുടെ മകൻ കാവിഷാളുകളും തലപ്പാവുകളും വിതരണം ചെയ്യുകയും തിരിച്ചെടുക്കുകയും ചെയ്തിരുന്നതായി ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഒരു വിഭാഗം മാധ്യമങ്ങളിൽവന്ന വാർത്തകളിൽ ഈ സാധനങ്ങൾ എല്ലാംതന്നെ സൂറത്തിൽനിന്ന് കൊണ്ടുവന്നതാണെന്ന് പറയുന്നു. ചില പെൺകുട്ടികൾക്ക് ഹിജാബ് ധരിച്ച് കോളേജിൽ വരാൻ അനുവാദം കൊടുക്കുകയാണെങ്കിൽ തങ്ങൾക്ക് കാവി ഷാളുകളും തലപ്പാവുകളും ധരിച്ച് കോളേജിൽ വരാനും അനുവാദമുണ്ടാകണമെന്ന് ഒരു കൂട്ടം ആൺകുട്ടികൾ കോളേജ് അധികാരികൾക്ക് മുന്നിൽ ശഠിച്ചു. കോളേജ് അധികൃതർ രണ്ട് കൂട്ടരെയും കോളേജിൽ പ്രവേശിക്കാൻ അനുവദിച്ചില്ല. ചുരുങ്ങിയ സമയത്തിനുള്ളിൽതന്നെ സംസ്ഥാനത്തെ മറ്റ് നഗരങ്ങളിൽ നിന്നും സമാനമായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഹിജാബ് ധരിച്ച് പെൺകുട്ടികൾ കോളേജുകളിൽ എത്തിയ സ്ഥലങ്ങളിലെല്ലാം കാവി ഷാളുകളും തലപ്പാവുകളും ധരിച്ച് ആൺ കുട്ടികളും വൻതോതിൽ പ്രത്യക്ഷപ്പെട്ടു. അവർ വിദ്യാർത്ഥികൾ ആയിരുന്നോ അല്ലായിരുന്നോ എന്ന് ആർക്കും പറയാൻ കഴിയില്ല. രണ്ട് മതവിഭാഗങ്ങളിൽ പെടുന്ന വിദ്യാർത്ഥികൾക്കിടയിൽ മനഃപൂർവ്വം ഭിന്നതയും സ്പർദ്ധയും സൃഷ്ടിക്കാൻ ആസൂത്രിതമായ പദ്ധതി ഉണ്ടായിരുന്നു എന്നതാണ് ഈ സംഭവങ്ങൾ സൂചിപ്പിക്കുന്നത്. ഉടൻതന്നെ ബൊമ്മെയുടെ നേതൃത്വത്തിലുള്ള സംസ്ഥാനത്തെ ബിജെപി സർക്കാർ നിലവിൽ യൂണിഫോം നിലവിലുള്ള എല്ലാ കോളേജുകളിലും വിദ്യാർത്ഥികൾ യൂണിഫോം നിർബന്ധമായും ധരിച്ചിരിക്കണമെന്ന് ഉത്തരവ് ഇറക്കി. അതേ സമയംതന്നെ, വർദ്ധിച്ചുവരുന്ന സംഘർഷാവസ്ഥ നിരീക്ഷിച്ചുകൊണ്ട് സർക്കാർ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മൂന്ന് ദിവസത്തേയ്ക്ക് അടച്ചിട്ടു.

## ഹിന്ദുവർഗ്ഗീയ അജണ്ട വ്യക്തം

ഇതിനിടെ ന്യൂനപക്ഷ സമുദായത്തിൽപെട്ട ചില വിദ്യാർത്ഥികൾ ഹിജാബ് ധരിക്കുന്നതിന് അനുകൂലമായ വിധി ലഭിക്കുന്നതിനായി കർണ്ണാടക ഹൈക്കോടതിയെ സമീപിച്ചു. ആദ്യത്തെ ദിവസംതന്നെ രണ്ട് വിഭാഗവും ഹിജാബും കാവി ഷാളും തലപ്പാവും ഇല്ലാതെ യൂണിഫോം ധരിച്ചുകൊണ്ട് മാത്രമേ കോളേജിൽ പ്രവേശിക്കാൻ പാടുള്ളൂ എന്ന ഇടക്കാല വിധി പുറപ്പെടുവിച്ചു. കർണ്ണാടക സർക്കാർ വീണ്ടും മൂന്ന് ദിവസത്തേയ്ക്കുകൂടി സ്കൂളുകളും കോളേജുകളും അടച്ചിട്ടു! അതുകൊണ്ട് വിദ്യാർത്ഥികൾക്ക് ഒരാഴ്ചത്തെ അധ്യയനം നഷ്ടപ്പെട്ടു. ചില കോളേജുകളിൽ അധികാരികൾ കോളേജിനുള്ളിൽ ഹിജാബ് മാറ്റുന്നതിനുള്ള സ്ഥലസൗകര്യം നൽകി. ചില കോളേജുകളിൽ ഹിജാബ് ധരിച്ചെത്തിയ ന്യൂനപക്ഷ സമുദായത്തിൽപെട്ട പെൺകുട്ടികൾക്ക് ഹൈക്കോടതി വിധിയുടെ പേരിൽ പ്രവേശനം നിഷേധിച്ചു. ഹിജാബ് തങ്ങളുടെ ആചാരത്തിന്റെ ഭാഗമാണെന്നും മതം വിദ്യാഭ്യാസത്തെക്കാൾപ്രധാനപ്പെട്ടതാണെന്നും ചില പെൺകുട്ടികൾ വാദിച്ചു. അതുകൊണ്ട് അവർ ക്ലാസിൽ ഹാജരാവാതെ തിരിച്ചുപോയി. ചില ബിജെപി നേതാക്കളും ക്യാബിനറ്റ് മന്ത്രിമാരും ന്യൂനപക്ഷ സമുദായക്കാരായ പെൺകുട്ടികൾ പാക്കിസ്ഥാനിലേയ്ക്ക് പോകണമെന്ന് ഭീഷണിപ്പെടുത്തുകയും നിങ്ങൾക്ക് വിദ്യാഭാസം ആവശ്യമില്ലെന്നുപറഞ്ഞ് കളിയാക്കുകയും ചെയ്തു. ഹിന്ദു വർഗീയതയും ന്യൂനപക്ഷ സമുദായങ്ങൾക്കെതിരായ വിദ്വേഷവും ആക്രമണോത്സുകതയോടെ. അനുവർത്തിച്ചുവരുന്ന ആർഎസ്എസ്-ബിജെപി-സംഘപരിവാർ ശക്തികളുടെ ജൽപ്പനങ്ങളായിരുന്നു അവ.

ഇതിനിടെ മൈസൂരിനടുത്തുള്ള മാണ്ഡ്യ നഗരത്തിൽ നടന്ന ഒരു സംഭവം പ്രത്യേകിച്ച് പരാമർശിക്കേണ്ടതുണ്ട്. ഹിജാബ് ധരിച്ച് നടന്നുപോകുകയായിരുന്ന ഒരു പെൺകുട്ടിയെ ഒരുകൂട്ടം ആൺകുട്ടികൾ പിൻതുടരുകയും അവളോട് ഹിജാബ് മാറ്റി 'ജയ് ശ്രീറാം' എന്ന് വിളിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പെട്ടെന്ന് ആ പെൺകുട്ടി തിരിഞ്ഞുനിന്ന് 'അല്ലാഹു അക്ബർ' എന്ന് ഉച്ചത്തിൽ വിളിച്ചു. കാവിവസ്ത്രധാരികളായ ഒരു കൂട്ടം ആൺകുട്ടികളെ ഒരു പെൺകുട്ടി ഒറ്റയ്ക്ക് ധൈര്യസമേതം വെല്ലുവിളിച്ച ദൃശ്യം ലോകം മുഴുവൻ വൈറലായി മാറി. സുധീരമായ ഈ പ്രവൃത്തിയെ പ്രകീർത്തിച്ചുകൊണ്ട് പലരും ഈ പെൺകുട്ടിക്ക് പാരിതോഷികമായി സംഭാവനകൾ നൽകി. ലഭിച്ച പണമെല്ലാം പാവപ്പെട്ടവർക്കും ആംബുലൻസുകൾക്കും ആശുപത്രികൾക്കും സംഭാവനയായി നൽകുമെന്ന് ആ കുട്ടി പ്രഖ്യാപിച്ചു. തന്നോട് അപമര്യാദയായി പെരുമാറിയ ആൺകുട്ടികളോട് ദേഷ്യമില്ലേയെന്ന് ഒരു പത്രലേഖകൻ ചോദിച്ചപ്പോൾ അവളുടെ മറുപടി ഇങ്ങനെയായിരുന്നു: "അജ്ഞത കാരണവും തെറ്റിദ്ധരിപ്പിക്കപ്പെട്ടതുകൊണ്ടുമാണ് അവർ അങ്ങനെ പെരുമാറിയത്. അവർക്കെതിരെ പരാതി നൽകാൻ ഉദ്ദേശിക്കുന്നില്ല. അവർ എന്റെ സഹോദരൻമാരാണ്, അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയാണ് വേണ്ടത് ". തികച്ചും വിവേകപൂർവ്വമായ നിലപാടാണിത്. പെൺകുട്ടിയുടെ ഈ പെരുമാറ്റത്തെ എല്ലാ വിഭാഗം ജനങ്ങളും പ്രകീർത്തിച്ചു.

## ഈ പ്രശ്നത്തിന്റെ തുടക്കം

ഹിജാബ് വിഷയത്തെ കൃത്യമായി വിലയിരുത്താൻ നമ്മുടെ രാജ്യത്തെ മതേതര സങ്കൽപ്പത്തിന്റെ വികാസ ചരിത്രവും അതിന്റെ പ്രത്യേകതകളും മനസ്സിലാക്കേണ്ടതുണ്ട്. എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളുമായ സഖാവ് ശിബ്ദാസ് ഘോഷ് മാർക്സിസ്റ്റ് രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ഒരു ഉജ്വല വിശകലനം നടത്തുകയുണ്ടായി. സാമ്രാജ്യത്വവുമായും ജന്മിത്തവുമായും സന്ധിചെയ്ത ദേശീയ ബൂർഷ്വാസിയായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ മുഖ്യധാരയെ നയിച്ചതെന്നും ഗാന്ധിജിയും നെഹ്റുവും പട്ടേലും അവരുടെ അനുയായികളും ഈ ധാരയുടെ പ്രതിനിധികളായിരുന്നുവെന്നും ഈ വിശകലനത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് കാണിച്ചുതന്നിരുന്നു. അതോടൊപ്പം തന്നെ ഖുദിറാം ബോസ്, ഭഗത് സിംഗ്, ചന്ദ്രശേഖർ ആസാദ്, അഷ്ഫഖുള്ള ഖാൻ, സൂര്യസെൻ, പ്രീതിലത വദേദാർ തുടങ്ങിയവർ പ്രതിനിധാനം ചെയ്ത പെറ്റി ബൂർഷ്വാ വിപ്ലവകാരികളുടെ അനുരഞ്ജന ധാരയും നിലവിലുണ്ടായിരുന്നു. ഗാന്ധിജി നിസ്സംശയമായും സത്യസന്ധനായിരുന്നുവെങ്കിലും ഗാന്ധിസം എന്ന പേരിൽ അറിയപ്പെടുന്ന അദ്ദേഹത്തിന്റെ സാമൂഹിക-രാഷ്ട്രീയ ലൈൻ അധികാരമോഹികളായ ദേശീയമുതലാളിവർഗ്ഗത്തിന് അനുരഞ്ജനധാരയെ മറികടക്കാനും അന്തിമമായി ബ്രിട്ടീഷുകാർ പോയപ്പോൾ അധികാരം പിടിച്ചെടുക്കാനുമുള്ള ഒരു ഉപകരണമായിരുന്നുവെന്ന് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചിരുന്നു. യൂറോപ്പിൽ, അത് ഇംഗ്ലണ്ടിലോ ഫ്രാൻസിലോ ജർമ്മനിയിലോ ആയിക്കൊള്ളട്ടെ, ബൂർഷ്വാ ജനാധിപത്യവിപ്ലവം പൂർത്തീകരിക്കപ്പെട്ടത് മുതലാളിത്തത്തിന്റെ ഉയർച്ചയുടെ ഘട്ടത്തിലായിരുന്നു. നവോത്ഥാന നായകരെല്ലാംതന്നെ മതേതരത്വ ധാരണയുടെ അടിസ്ഥാനത്തിൽ സമൂഹത്തെ ജനാധിപത്യവൽക്കരിക്കാനുള്ള വിപ്ലവസമാരത്തിലേർപ്പെട്ടിരുന്നു. എന്നാൽ ഇന്ത്യയിൽ സ്വാതന്ത്ര്യ സമരം വേരുറച്ചപ്പോഴേയ്ക്കും കമ്പോള പ്രതിസന്ധി കാരണം മുതലാളിത്തത്തിന് അതിന്റെ അനനുരഞ്ജന – വിപ്ലവ സ്വഭാവം നഷ്ടപ്പെട്ടുവെന്ന് മാത്രമല്ല അത് ജീർണ്ണിക്കുകയും ചെയ്തിരുന്നു. സഖാവ് ശിബ്ദാസ് ഘോഷ് വിശദീകരിച്ചതുപോലെ "... ഇന്ത്യയിൽ രാഷ്ട്ര രൂപീകരണ പ്രക്രിയ ആരംഭിച്ചത് 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലായിരുന്നു. ഈ സമയത്ത് ഒരു ലോക സാമൂഹികശക്തിയെന്ന നിലയിൽ അതിന്റെ വിപ്ലവ സ്വഭാവം നഷ്ടപ്പെട്ടിരുന്നുവെന്ന് മാത്രമല്ല വിപ്ലവവിരുദ്ധ സ്വഭാവം ആർജിക്കുകയും ചെയ്തിരുന്നു. ഇതിനുപരിയായി ഇന്ത്യൻ മുതലാളിത്തത്തിന് അതിന്റെ പ്രത്യേക സ്വഭാവ സവിശേഷതകളുമുണ്ടായിരുന്നു. സ്വതന്ത്രമായി വളർന്ന് വികസിച്ച പാശ്ചാത്യ മുതലാളിത്തത്തിൽനിന്ന് വിഭിന്നമായി ഇന്ത്യൻ മുതലാളിത്തം വളർന്ന് വികസിച്ചത് വിദേശ സാമ്പത്തിക മൂലധനത്തിന്റെ ആധിപത്യത്തിന്റെ കീഴിലും ഫ്യൂഡൽ ബന്ധങ്ങളാൽ വലയം ചെയ്യപ്പെട്ടുമായിരുന്നു. അതുകൊണ്ടുതന്നെ അതിന്റെ സ്വാഭാവിക വളർച്ച മുരടിച്ചു പോയിരുന്നു..." *(വർഗീയതാ പ്രശ്നം)*.

ഇതിനിടെ 1917ൽ റഷ്യയിൽ മഹത്തായ നവംബർ വിപ്ലവം നടക്കുകയുണ്ടായി. മഹാനായ ലെനിന്റെ നേതൃത്വത്തിലും പിന്നീട് സ്റ്റാലിന്റെ നായകത്വത്തിലും യുഎസ്എസ്ആർ കെട്ടിപ്പടുത്തു.. മുതലാളിത്തത്തെ അധികാരത്തിൽ നിന്ന് പുറത്താക്കുകയും സോഷ്യലിസം കെട്ടിപ്പടുക്കുകയും ഒരു തൊഴിലാളിവർഗ്ഗ ഭരണകൂടം സ്ഥാപിതമാവുകയും ചെയ്തു. സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചതുപോലെ, തൊഴിലാളിവർഗ്ഗ വിപ്ലവഭീതിയാണ് ഗാന്ധിജിയുടെ ചിന്താഗതിയിൽ പ്രതിഫലിച്ചതും അദ്ദേഹത്തെ സാമ്രാജ്യത്വത്തോടും ജന്മിത്തത്തോടും സന്ധിചെയ്യുന്ന നയം സ്വീകരിക്കുന്നതിലേയ്ക്ക് എത്തിച്ചതും. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ശക്തമായ സമരം നടത്തുന്നത് ഗാന്ധിജിയ്ക്ക് സ്വീകാര്യമായിരുന്നില്ല. അഹിംസ ആയുധമാക്കണമെന്ന് അദ്ദേഹം ഉൽബോധനം ചെയ്തു. വളരെ സമാധാനപരമായി പ്രതിഷേധിക്കാൻ അദ്ദേഹം സത്യാഗ്രഹം എന്ന രീതി അവലംബിച്ചു. മറുവശത്ത് ജന്മിത്തത്തോടും സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ തിന്മകൾക്കെതിരെയുമുള്ള അദ്ദേഹത്തിന്റെ സമരവും അനുരഞ്ജന സ്വഭാവമുള്ളതായിരുന്നു. ബൂർഷ്വാ ജനാധിപത്യ വിപ്ലവം നടന്ന യൂറോപ്പിൽ രാഷ്ട്രീയ രംഗത്ത് മാത്രമല്ല സാമൂഹിക – സാംസ്കാരിക രംഗങ്ങളിൽ നടന്ന സമരവും സന്ധിയില്ലാത്തതും വിപ്ലവകരവുമായിരുന്നുവെന്ന് സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷെ, "ഇന്ത്യയിലെ ദേശീയ നേതൃത്വം സാമൂഹിക -സാംസ്കാരിക വിപ്ലവത്തിന്റെ ഭാഗമെന്ന നിലയിൽ ഇന്ത്യൻ ജനതയെ മതപരമായ ബന്ധനങ്ങളിൽനിന്ന് മോചിപ്പിച്ചുകൊണ്ട് സമൂഹത്തെ ജനാധിപത്യവൽക്കരിക്കാൻശ്രമിച്ചില്ലെന്ന് മാത്രമല്ല, പകരം മതത്തെ ദേശീയതയിലൂന്നിയ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള ഒരു ഉപാധിയാക്കുകയും ചെയ്തു. അതുകൊണ്ട് ഇന്ത്യൻ ദേശീയതയ്ക്ക് മതപരമായ ചായ്‌വ് ഉണ്ടായിരുന്നു. ഈ മതപരമായ ദേശീയത പ്രകടിതമായത് ഹിന്ദുമത പുനരുദ്ധാരണത്തിലൂടെയായിരുന്നു." *(വർഗീയതാ പ്രശ്നം)*. ഗാന്ധിജി ജന്മിത്തത്തോട് സന്ധി ചെയ്യുകയാണ് യഥാർത്ഥത്തിൽ ചെയ്തത്. സമൂഹത്തെ ജനാധിപത്യവൽക്കരിക്കാനായി സാമൂഹിക-സാംസ്കാരിക വിപ്ലവത്തിന്റെ ബാനർ ഉയർത്തിപ്പിടിക്കാൻ അദ്ദേഹം തയ്യാറായില്ല. പകരം ഈശ്വരനും അള്ളായും ഒന്നുതന്നെയാണെന്ന് പാടിക്കൊണ്ട് മതത്തിലൂടെ ജനങ്ങളെ ഒന്നിപ്പിക്കാൻ ശ്രമിക്കുകയും എല്ലാവർക്കും നല്ലബുദ്ധി തോന്നിക്കാൻ ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തു. ഈ രീതിയിൽ അദ്ദേഹം ഹിന്ദുമതത്തെയും മതസഹിഷ്ണുതയിലുള്ള തന്റെ വ്യക്തിപരമായ വിശ്വാസത്തെയും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു.

## എന്താണ് മതേതരത്വം ?

മതേതരത്വം എന്നതുകൊണ്ട് എന്താണ് വിവക്ഷിക്കുന്നത്? മതേതരത്വം എന്നാൽ ഇഹലോകത്തെ അതായത് ഭൗതികലോകത്തെ സംബന്ധിക്കുന്നത് എന്നാണ് അർത്ഥമാക്കുന്നത്. മതേതര കാഴ്ചപ്പാട് അനുസരിച്ച് ഭരണകൂട സംബന്ധമായ എല്ലാ വിഷയങ്ങളും ഭൗതികലോകത്തെ കാര്യങ്ങളായതിനാൽ അവ നടപ്പാക്കുന്നത് മതപരമായ പരിഗണനകളില്ലാതെയും പ്രകൃത്യാതീത ശക്തികളെ അംഗീകരിക്കാതെയുമാണ്. മതത്തെ വ്യക്തിപരമായ കാര്യം മാത്രമായാണ് പരിഗണിക്കുന്നത്.

(ശേഷം 13–ാം പേജിൽ)

# ജനങ്ങളെ ഒന്നിപ്പിക്കാൻ മതേതര വിദ്യാഭ്യാസത്തിനുമാത്രമേ കഴിയൂ

*(12–ാം പേജിൽ നിന്ന്)*

ശിബ്ദാസ്ഘോഷിന്റെ വാക്കുകളനുസരിച്ച് ഒരു യഥാർത്ഥ മതേതര രാഷ്ട്രം "വിശ്വാസികൾക്ക് ഏതൊരു വിശ്വാസ സംഹിതയിലും വിശ്വസിക്കാനും അവിശ്വാസികൾക്ക് വിശ്വസിക്കാതിരിക്കാനുമുള്ള പൂർണ്ണസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നു. സാമൂഹ്യ-സാംസ്കാരിക-വിപ്ലവകടമകൾ നിർവഹിച്ചുകൊണ്ട് അത് സമൂഹത്തെ ജനാധിപത്യവൽക്കരിക്കുകയും മതത്തിന്റെ സ്വാധീനം കുറയ്ക്കുകയും ചെയ്യുന്നു" *(വർഗീയതാ പ്രശ്നം)*. സ്വാഭാവികമായും ഇന്ന് അവതരിപ്പിക്കുന്നതുപോലെ, മതേതരത്വത്തെ എല്ലാ മതങ്ങൾക്കുമുള്ള പ്രോത്സാഹനമായി കണക്കാക്കാൻ പറ്റില്ല. ഒരു മതേതര രാഷ്ട്രം മതസംബന്ധമായ കാര്യങ്ങളിൽ നിക്ഷ്പക്ഷത പുലർത്തുകയും ഒരു മതത്തെയും പ്രോത്സാഹിപ്പിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യാതിരിക്കുകയും മതത്തെ വ്യക്തിപരമായ കാര്യം മാത്രമായി കാണുകയുമാണ് ചെയ്യേണ്ടത്. ഒരാൾക്ക് ഹിന്ദുവായോ മുസൽമാനായോ ക്രിസ്ത്യാനിയായോ ജീവിക്കാം, ക്ഷേത്രത്തിലോ പള്ളിയിലോ പോകാം, ഒരാൾക്ക് നിരീശ്വരവാദിയായും ജീവിക്കാം. അത് തെരഞ്ഞെടുക്കുന്നത് ആ വ്യക്തി മാത്രമാണ്. ഭരണകൂടം മതവിശ്വാസത്തിന്റെ കാര്യത്തിൽ തികഞ്ഞ നിക്ഷ്പക്ഷത പുലർത്തും. ഇതിനെയാണ് മതേതരത്വമെന്ന് വിളിക്കുന്നത്.

ഒരാളുടെ ചിന്ത എന്നത് ഏതെങ്കിലും സാമൂഹ്യ ചിന്തയുടെ വ്യക്തിവൽകൃതരൂപം മാത്രമാണ്. മുതലാളിത്ത സമൂഹം വർഗ്ഗ വിഭജിതമായതിനാൽ ചൂഷക വർഗ്ഗത്തിന്റെയും ചൂഷിത വർഗ്ഗത്തിന്റെയും ചിന്താധാരകൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ഏതൊരാളുടെയും കാഴ്ചപ്പാടിനെ വർഗ്ഗപരമായ സമീപനത്തോടെ വിശകലനം ചെയ്യേണ്ടതുണ്ട്. ശാസ്ത്രീയ തത്വശാസ്ത്രമായ മാർക്സിസം-ലെനിനിസം പഠിപ്പിക്കുന്നത് അതാണ്. എവിടെ നിന്നാണ് ഗാന്ധിജിക്ക് താൻ ഉയർത്തിപ്പിടിച്ച ആശയങ്ങൾ ലഭിച്ചത്? ഗാന്ധിജിക്ക് ജനങ്ങളോട് യഥാർത്ഥത്തിലുള്ള സ്നേഹമുണ്ടായിരുന്നുവെന്ന് സഖാവ് ശിബ്ദാസ് ഘോഷ് അസന്നിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. പക്ഷെ തന്റെ ചിന്താഗതികളും കാഴ്ചപ്പാടുകളും എങ്ങിനെയാണ് മുതലാളിവർഗ്ഗത്തിന്റെ താൽപ്പര്യങ്ങളെ വളരെ നന്നായി പ്രതിനിധാനം ചെയ്യുന്നതെന്ന് അദ്ദേഹത്തിന് മനസ്സിലായിരുന്നില്ല. ഗാന്ധിസം തങ്ങളുടെ വർഗ്ഗതാൽപ്പര്യത്തിന് ഒട്ടുംതന്നെ ഭീഷണി ഉയർത്തുന്നില്ലെന്ന് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് നന്നായി അറിയാമായിരുന്നു. അതുകൊണ്ട് അവർ ഗാന്ധിജിയുടെ നേതൃത്വത്തെ ഉയർത്തി കാണിക്കുകയും സന്ധി ചെയ്യാത്ത വിപ്ലവകാരികളായ സ്വാതന്ത്ര്യ സമര സേനാനികളെ ക്രൂരമായി അടിച്ചമർത്തുകയും ചെയ്തു. അന്ന് സിപിഐ ഉണ്ടായിരുന്നുവെങ്കിലും അത് ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി അല്ലാതിരുന്നതിനാൽ സ്വാതന്ത്ര്യ സമരത്തിലെ അനുരഞ്ജന ധാരയെ ഒറ്റപ്പെടുത്തിക്കൊണ്ട് അനനുരഞ്ജന ധാരയുമായി ചേർന്നുകൊണ്ട് സോഷ്യലിസം സ്ഥാപിക്കാനായി മുന്നേറുക എന്ന ചരിത്രപരമായ ദൗത്യം നിർവഹിക്കാൻ കഴിഞ്ഞില്ല. മഹാനായ മാവോ സെ തുങ് ഇത്തരത്തിലുള്ള ഒരു സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ശരിയായ മാർക്സിസ്റ്റ് രീതി പിൻതുടർന്ന് ചൈനയിൽ ജനകീയ ജനാധിപത്യ വിപ്ലവം പൂർത്തീകരിച്ചത്.

തൊഴിലാളിവർഗ്ഗ വിപ്ലവത്തെ തടയുകയും പക്ഷെ അതേസമയം, ജനങ്ങളെ ഒന്നിപ്പിച്ചുകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ഇന്ത്യയിൽ നിന്ന് പുറത്താക്കുകയും ചെയ്യുക എന്നത് മാത്രമായിരുന്നു ഗാന്ധിജിയുടെ ആവശ്യകത. ഇതിൽനിന്നും തികച്ചും വിഭിന്നമായിരുന്നു നേതാജി സുഭാഷ് ചന്ദ്ര ബോസും ഭഗത് സിംഗും അവരുടെ അനുയായികളും പിൻതുടർന്ന സമീപനരീതി. നേതാജി ആഹ്വാനം ചെയ്തു – "നിങ്ങൾ എനിയ്ക്ക് രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം." ബ്രിട്ടീഷുകാർ ആയുധം ഉപയോഗിച്ച് സ്വാതന്ത്ര്യ സമരം അടിച്ചമർത്തുമെന്നതിനാൽ ആയുധമെടുക്കാതെ സ്വാതന്ത്ര്യം ലഭിക്കില്ലെന്ന് അദ്ദേഹം ജനങ്ങളോട് വിശദീകരിച്ചു. മാർക്സിസം-ലെനിനസത്തിൽ വിശ്വസിച്ചിരുന്ന സ്വാതന്ത്ര്യസമര പോരാളിയായ ഭഗത് സിംഗും സായുധ സമരത്തിന്റെ ആവശ്യകതയിൽ വിശ്വസിച്ചിരുന്നു.

## സ്വാതന്ത്ര്യ സമരം കടമകൾ പൂർത്തീകരിച്ചില്ല

നേതാജി സുഭാഷ്ചന്ദ്ര ബോസിന്റെ ഐഎൻഎയിൽ ഹിന്ദുക്കളോടൊപ്പം നിരവധി മുസ്ലിങ്ങളും ഉണ്ടായിരുന്നതായി നമുക്കറിയാം. ജാതി-മതഭേദമെന്യെ എല്ലാവർക്കുമായി അദ്ദേഹം സ്ഥാപിച്ച സമൂഹ അടുക്കള വിഖ്യാതമാണ്. നവോത്ഥാന പ്രസ്ഥാനം ഉയർത്തിപ്പിടിച്ച ലിംഗ തുല്യത ഐഎൻഎയിൽ പ്രാവർത്തികമാക്കിക്കൊണ്ട് അദ്ദേഹം വനിതകളുടെ ഝാൻസി റാണി റജിമെന്റ് ആരംഭിച്ചു. ഇതായിരുന്നു നേതാജിയും മറ്റ് വിപ്ലവകാരികളും നടത്തിയ സമരത്തിന്റെ സ്വഭാവം. പക്ഷെ ഗാന്ധിജിയ്ക്ക് ഇത്തരം സംസ്കാരത്തെ പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹത്തിന് മതേതര-ജനാധിപത്യ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളെ സംഘടിപ്പിക്കാൻ കഴിഞ്ഞില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യൻ ദേശീയ ബൂർഷ്വാസിയുമായി സന്ധിയിലേർപ്പെട്ടുകൊണ്ട് അധികാര കൈമാറ്റം നടത്തിയത്. ദേശീയ ബൂർഷ്വാസിയുടെ പാർട്ടിയായ കോൺഗ്രസ്സ് അങ്ങിനെ സ്വതന്ത്ര ഇന്ത്യയുടെ അധികാരം കയ്യാളി. തൊഴിലാളിവർഗ്ഗ വിപ്ലവത്തിലൂടെ മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന മുതലാളിത്ത വ്യവസ്ഥിതി അവസാനിപ്പിക്കുന്നതിന് പകരം കേവലം രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമാണ് ഇന്ത്യ നേടിയത്. സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം നടക്കാത്തതിനാൽ ഇന്ത്യൻ ജനത ജാതി, മതം, വംശം, പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിൽ വിഘടിച്ചുനിന്നു. ഈ രീതിയിൽ ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനം അതിന്റെ കടമകൾ പൂർത്തീകരിക്കാതെ പാതിവഴിയിൽ അവസാനിച്ചു.

## കോൺഗ്രസ്സിന്റേത് കപട മതേതരത്വം; ബിജെപിയുടേത് തുറന്ന ഹിന്ദുവർഗീയത

സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ്സ് ഒരിക്കലും യഥാർത്ഥ മതേതരത്വ നയങ്ങൾ പിൻതുടർന്നിരുന്നില്ല എല്ലാ മതങ്ങളെയും പ്രീണിപ്പിക്കുക എന്ന കോൺഗ്രസ്സിന്റെ നയം ഒരിക്കലും മതേതരത്വമായി കാണാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട് സഖാവ് ശിബ്ദാസ് ഘോഷ് ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. ഇസ്ലാം മതത്തെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് പാക്കിസ്ഥാനെ ഒരു മതാധിഷ്ഠിത രാഷ്ട്രമെന്ന് വിളിക്കുകയാണെങ്കിൽ എല്ലാ മതങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന ഇന്ത്യയെ ഒരു ബഹുമതാധിഷ്ഠിത രാജ്യമെന്ന് വിളിക്കേണ്ടിവരും. മതേതര രാഷ്ട്രമെന്ന് വിളിക്കാനാവില്ല. കോൺഗ്രസ്സ് ഗവൺമെന്റുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും എല്ലാത്തരം മതാനുഷ്ഠാനങ്ങളും നടത്താൻ പ്രോത്സാഹനം നൽകി. പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും മറ്റുമന്ത്രിമാരും ഹിന്ദുമതാനുഷ്ഠാനങ്ങൾ പരസ്യമായി നടത്തി. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനിൽപോലും റോക്കറ്റ് വിക്ഷേപണത്തിനുമുമ്പ് പൂജ നടത്തുന്നു.

മറുഭാഗത്ത് ന്യൂനപക്ഷ സമുദായത്തെ പ്രീണിപ്പിച്ച് വോട്ടുനേടുക എന്ന ഉദ്ദേശത്തോടെ ഷാബാനോ കേസിൽ സുപ്രീം കോടതി വിധി മറികടക്കാൻ രാജീവ് ഗാന്ധി നിയമനിർമ്മാണം നടത്തി. അതേസമയംതന്നെ ഭൂരിപക്ഷ സമുദായത്തെ പ്രീണിപ്പിക്കാനായി ബാബറി മസ്ജിദിലെ രാംലല്ല അവർക്കായി തുറന്നുകൊടുത്തു. ഈ നടപടി ഹിന്ദുവർഗീയത ആളിക്കത്തുന്നതിലേക്ക് നയിക്കുകയും ഹിന്ദു-മുസ്ലീം സൗഹാർദ്ദത്തിൽ വിള്ളലുണ്ടാക്കുകയും ചെയ്തു. ഇങ്ങനെ കോൺഗ്രസ്സ് ഗവൺമെന്റുകൾ പല തവണ സങ്കുചിത പാർലമെന്ററി താൽപ്പര്യങ്ങൾക്കായി ജനങ്ങളിൽ മതത്തിന്റെ അടിസ്ഥാനത്തിൽ ചേരിതിരിവുണ്ടാക്കിയെന്ന് മാത്രമല്ല ഇതിനായി വർഗീയലഹളകളും സൃഷ്ടിച്ചു. ഇപ്പോൾ ബിജെപി ഗവൺമെന്റുകൾ പരസ്യമായ ഹിന്ദു വർഗീയ പ്രചാരണത്തിലൂടെ ന്യൂനപക്ഷ സമുദായങ്ങൾക്കെതിരെ വിദ്വേഷം പരത്തുകയും സമൂഹത്തിൽ മതാധിഷ്ഠിതമായ ധ്രുവീകരണം സൃഷ്ടിച്ചുകൊണ്ട് ഇലക്ഷനുകളിൽ നേട്ടം ഉണ്ടാക്കുകയും ചെയ്യുന്നു. ഇതാണ് ഇന്ത്യയിലെ മതേതരത്വമെന്ന പേരിൽ അറിയപ്പെടുന്നതിന്റെ ചരിത്രം.

ഈ ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ ഹിജാബ് വിഷയം പഠിച്ചാൽ ഇത് മനഃപൂർവ്വം സൃഷ്ടിച്ച വിവാദമാണെന്ന് മനസ്സിലാകും. ഹിന്ദുമതാചാരങ്ങളായ ഗണപതി പൂജ, സരസ്വതി പൂജ, ആയുധ പൂജ എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥിരമായി നടന്നുവരുന്നു. അതുകൊണ്ട് ഞങ്ങൾക്ക് ചോദിക്കാനുള്ളത് ഹിജാബ് മാത്രമായി എന്തുകൊണ്ടാണ് ഒരു വിവാദ വിഷയമാക്കുന്നത്? ഇത് വിവേചനപരമല്ലേ? വാർഗ്ഗീയത ആളിക്കത്തിക്കുക എന്നത് മാത്രമല്ലേ ഇതിന് പിന്നിലുള്ള ഉദ്ദേശം?

## ഹിജാബ് വിവാദം വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കാൻ

സ്വതന്ത്ര ഇന്ത്യയിൽ ദശാബ്ദങ്ങളായി മുതലാളിവർഗ്ഗം സാധാരണ ജനങ്ങളെയും തൊഴിലാളി വർഗ്ഗത്തെയും നിർദ്ദയം ചൂഷണം ചെയ്ത് പാപ്പരാക്കിയിരിക്കുകയാണ്. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, വിലക്കയറ്റം, ജോലിയിൽനിന്നും പിരിച്ചുവിടൽ എന്നിവ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ജനജീവിതം അനുദിനം ദുസ്സഹമായിക്കൊണ്ടിരിക്കുകയാണ്. വിവിധ വിഭാഗം ജനങ്ങൾ അവരുടെ ജീവിത പ്രശ്നങ്ങളെ മുൻനിർത്തി സമരത്തിനിറങ്ങിക്കൊണ്ടിരിക്കുകയാണ്. അസംബ്ലി തെരെഞ്ഞെടുപ്പ് നടക്കുന്ന അഞ്ച് സംസ്ഥാനങ്ങളിൽ എങ്ങിനെയും അധികാരത്തിൽ വരാൻ ബിജെപി കിണഞ്ഞു പരിശ്രമിക്കുകയാണ്, പ്രത്യേകിച്ചും ഉത്തർ പ്രദേശിൽ. അതിനായി ജനങ്ങളിൽ വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കാൻ അവർ ശ്രമിക്കുകയാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെ വിദ്വേഷ പ്രചരണം നടത്തുന്നത് ഭൂരിപക്ഷ ഹിന്ദു വോട്ടുകൾ നേടിയെടുക്കാനാണ്.

## നമ്മുടെ പാർട്ടി നടത്തിയ പ്രവർത്തനങ്ങൾ

നമ്മുടെ പാർട്ടിയും മുന്നണി സംഘടനകളും തുടക്കം മുതൽ തന്നെ ശാസ്ത്രീയ മതേതര ജനാധിപത്യ വിദ്യാഭ്യാസം നടപ്പാക്കാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷെ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇത് നടപ്പാക്കുന്നില്ല എന്നുമാത്രമല്ല അതിന് വിപരീതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വേദാന്തത്തിൽ വിശ്വസിച്ചിരുന്ന വിവേകാനന്ദൻപോലും മതം വിദ്യാഭ്യാസത്തിൽ ഇടപെടരുതെന്ന് ശക്തമായി ആവശ്യപ്പെട്ടിരുന്നു. അദ്ദേഹവും നവോത്ഥാന നായകർ എല്ലാവരും മതത്തെ വിദ്യാഭ്യാസത്തിൽനിന്ന് മാറ്റിനിർത്തണമെന്നും മതത്തെ ഒരു വ്യക്തിയുടെ സ്വകാര്യവിഷയമായിമാത്രം കാണണമെന്നും ആവശ്യപ്പെട്ടിരുന്നു. സമൂഹത്തെ ജനാധിപത്യവൽക്കരിക്കാനുള്ള സമരം ഇപ്പോഴും കാര്യമായി മുന്നേറിയിട്ടില്ല. പക്ഷെ എല്ലാവിധ മതാചാരങ്ങളും ഇപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനുവദിച്ചിരിക്കുമ്പോൾ ഹിജാബ് വിഷയം മാത്രം ഉയർത്തുന്നത് എന്തിനുവേണ്ടിയാണ്? എല്ലാ മതാചാരങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിരോധിക്കുകയാണെങ്കിൽ ഹിജാബ് നിരോധനത്തിനും ന്യായീകരണമുണ്ട്. പക്ഷെ മറ്റെല്ലാ മതാചാരങ്ങളും അതേപടി തുടരാൻ അനുവദിക്കുകയും ഒന്ന് മാത്രം നിരോധിക്കുകയും ചെയ്യുന്നത് നഗ്നമായ വർഗീയത മാത്രമാണ്.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കാർണ്ണാടക സംസ്ഥാന ഘടകവും അതിന്റെ മുന്നണി സംഘടനകളായ എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് എന്നിവയും വർഗീയത ആളിക്കത്തിക്കാനുള്ള ആസൂത്രിതമായ നീക്കങ്ങളെ ശക്തമായി അപലപിച്ചുകൊണ്ടും മാണ്ഡ്യയിലെ പെൺകുട്ടിയുടെ ധീരതയെ പ്രകീർത്തിച്ചും പ്രസ്താവനകൾ പുറപ്പെടുവിക്കുകയുണ്ടായി. എഐഡിഎസ്ഒ പ്രവർത്തകർ ഈ നീചമായ പ്രവൃത്തികൾ തുറന്നുകാട്ടാനായി വിദ്യാർത്ഥികളുടെയിടയിൽ വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി. എഐഡിവൈഒ, എഐഎംഎസ്എസ് പ്രവർത്തകരും നവോത്ഥാന നായകരുടെ ഉദ്ധരണികൾ ചുവരെഴുത്ത് നടത്തിക്കൊണ്ട് പ്രചാരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ജനങ്ങൾ ബിജെപിയുടെ ദുഷ്പ്രചരണങ്ങളിൽ വീണുപോയിട്ടില്ല. അവർ മുതലാളിവർഗ്ഗത്തിന്റെ ഗൂഢപദ്ധതികൾ മനസ്സിലാക്കുകയും അതിനെതിരെ സമരരംഗത്തേയ്ക്ക് വന്നുകൊണ്ടിരിക്കുകയുമാണ്. ഐതിഹാസികമായ കർഷക സമരം വിജയം വരിച്ചത് നാം കണ്ടുകഴിഞ്ഞു. മാർച്ച് 28, 29 തിയതികളിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പത്തോളം തൊഴിലാളി സംഘടനകളുടെ കീഴിൽ അണിനിരന്നുകൊണ്ട് രാജ്യവ്യാപകമായി സമരം നടത്തുകയാണ്. നമ്മുടെ ജനത ഇന്ദിരാ ഗാന്ധിയുടെ ഫാസിസ്റ്റ് അടിയന്തരാവസ്ഥയ്ക്കെതിരെ തിരിച്ചടിച്ച ചരിത്രമുള്ളവരാണ്. അതുകൊണ്ട് മോദി നയിക്കുന്ന ബിജെപി ഗവൺമെന്റും പൊരുതുന്ന ജനങ്ങളുടെ ഐക്യം തകർക്കാൻ വർഗ്ഗീയ വിദ്വേഷം വളർത്താനുള്ള ഹീന പദ്ധതിയിൽ വിജയിക്കാൻ പോകുന്നില്ല. ■

# യുക്രൈൻ വിഷയത്തിൽ ഇന്ത്യയുടെ നിലപാട്

**യുക്രൈൻ പ്രതിസന്ധിയിൽ ഇന്ത്യയുടെ നിലപാടെന്ത്? ഇന്ത്യ ഇതിനകം തന്നെ സാമ്രാജ്യത്വ സ്വഭാവം കൈവരിച്ചുകഴിഞ്ഞു. വിദേശത്തേക്ക് മൂലധനം കയറ്റുമതി ചെയ്യുകയും മറ്റ് രാജ്യങ്ങളുടെ അസംസ്കൃത വസ്തുക്കളും കുറഞ്ഞ വേതനത്തിന് ലഭ്യമാകുന്ന മാനവശേഷിയും ചൂഷണം ചെയ്യുകയും ചെയ്യുന്ന സാമ്രാജ്യത്വത്തിന്റെ എല്ലാ സവിശേഷതകളും ഇന്ത്യ പ്രകടിപ്പിക്കുന്നു. ഏഷ്യയിൽ മാത്രമല്ല, ലോകത്തിലെതന്നെ ഒരു മഹാശക്തിയായി ഉയർന്നുവരാൻ ഇന്ത്യ ആഗ്രഹിക്കുന്നു. ആ അഭിലാഷം പ്രതിഫലിപ്പിക്കുന്നതാണ് ഏതാനും വർഷങ്ങൾക്കുള്ളിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥ അഞ്ച് ട്രില്യൺ ഡോളർ ആയി മാറുമെന്ന പ്രധാനമന്ത്രിയുടെ വീമ്പിളക്കൽ. ആ സ്വപ്നം സാക്ഷാത്കരിക്കാൻവേണ്ടി ഇന്ത്യ യുഎസുമായി സൈനിക സഖ്യത്തിലേർപ്പെടുകയാണ്.**

ഇരുരാജ്യങ്ങളും സംയുക്ത നാവിക, വ്യോമ സൈനികാഭ്യാസങ്ങളിൽപങ്കെടുക്കാറുണ്ട്.2007ൽ, ഇന്ത്യ, യുഎസ്, ഓസ്ട്രേലിയ, ജപ്പാൻ എന്നിവർ ചതുഷ്കോണ സുരക്ഷാഡയലോഗ്(ക്യൂഎസ്ഡി) രൂപീകരിച്ചു. ക്വാഡ് എന്നും വിളിക്കുന്ന ഈ വേദി, എല്ലാ അംഗരാജ്യങ്ങളുടെയും വിവര കൈമാറ്റത്തിനും സൈനിക പരിശീലനത്തിനുമുള്ള അനൗപചാരികവും തന്ത്രപ്രധാനവുമായ ഒരു വേദിയാണ്. 2006ൽ ഇന്ത്യ യുഎസുമായി ഹാനികരമായ ഒരു ആണവകരാറിൽ ഏർപ്പെട്ടിരുന്നു. അതിന് ഒരു വർഷം മുമ്പ്, 2005 സെപ്റ്റംബറിൽ, അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ (ഐഎഇഎ) നിർണായക യോഗത്തിൽ, ഇന്ത്യ ഇറാനെതിരെ വോട്ട്ചെയ്തു. ഇറാൻ, ആണവനിർവ്യാപന ഉടമ്പടി (എൻപിടി) ലംഘിച്ചുവെന്ന്ആരോപിച്ച്, യുഎസും, യൂറോപ്യൻ യൂണിയൻ സഖ്യകക്ഷികളും അവതരിപ്പിച്ച പ്രമേയത്തെ ഇന്ത്യയും പിന്തുണച്ചു. 2003ൽ അമേരിക്ക ഇറാഖിനെ സൈനികമായി പിടിച്ചടക്കിയപ്പോൾ ഇന്ത്യ അതിനെ അപലപിച്ചില്ല. പകരം, നയതന്ത്രപരമായ രീതിയിൽ, അത്"നീതിയില്ലാത്തത്" എന്ന് വിശേഷിപ്പിക്കുകയും 'ശത്രുത' നേരത്തെ അവസാനിപ്പിക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്താൻ ആവശ്യപ്പെടുകയും ചെയ്തു. യുഎസും അവരുടെ നാറ്റോ സഖ്യകക്ഷികളും ലിബിയയുടെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായ കേണൽ ഗദ്ദാഫിയെ കൊലപ്പെടുത്തിയപ്പോൾ, ലിബിയൻ ജനതയുടെ രാഷ്ട്രീയ പരിവർത്തനത്തിനും രാജ്യത്തിന്റെ പുനർനിർമ്മാണത്തിനും സാധ്യമായ എല്ലാ സഹായവും നൽകാനുള്ള സന്നദ്ധത പ്രകടിപ്പിക്കുക മാത്രംചെയ്തുകൊണ്ട്,ഇന്ത്യ വീണ്ടും കരുതലോടെ പ്രതികരിച്ചു. അതേ സമയം, യുഎസുമായി അടുപ്പമുണ്ടെങ്കിലും, യുഎസ് സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിലുള്ള പ്രധാന സൈനികസഖ്യമായ നാറ്റോയിൽ ഇന്ത്യ ചേർന്നിട്ടില്ല. റഷ്യയെ അപലപിക്കുന്ന യുഎൻ പ്രമേയത്തിനെതിരായ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നുകൊണ്ട്,യുക്രൈനെതിരായ റഷ്യൻ ആക്രമണത്തിൽ ഇന്ത്യ ഇത്തവണയും നിസ്സംഗത പുലർത്തി. എന്നാൽ പെന്റഗണിലെ ഉന്നത ഉദ്യോഗസ്ഥർ, ഇന്ത്യയുടെ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കുന്നതിനെ സൗഹൃദപരമായി ഉൾക്കൊള്ളുന്നു. "ഇന്ത്യയ്ക്ക് റഷ്യയുമായി സങ്കീർണ്ണമായ ചരിത്രവും ബന്ധവുമുണ്ടെന്ന് ഞങ്ങൾ തിരിച്ചറിയുന്നു", ഇന്തോ-പസഫിക് സുരക്ഷാ കാര്യങ്ങളുടെ പ്രതിരോധ അസിസ്റ്റന്റ് സെക്രട്ടറി യുഎസിലെ ഹൗസ് ആംഡ് സർവീസസ് കമ്മിറ്റി അംഗങ്ങളോട് പറഞ്ഞത് ഇങ്ങനെയാണ്. അങ്ങനെ, അമേരിക്കയെയോ, റഷ്യയെയോ ശത്രുവാക്കുന്നതിൽ നിന്ന് ഇന്ത്യ തന്ത്രപൂർവം വിട്ടുനിൽക്കുകയാണ്.

## ഇന്ത്യയുടെ നിലപാട്

പകരം ഇന്ത്യ ഇരുവരോടും സൗഹാർദ്ദപരമായ നിലപാട് കാണിക്കുകയും സമർത്ഥമായ വിലപേശലിലൂടെ ഇരുവരിൽ നിന്നും കൂടുതൽ നേട്ടമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. നിലവിലെ ആഗോള സാഹചര്യത്തിൽ, പ്രധാന സാമ്രാജ്യത്വ ശക്തികൾ സാമ്പത്തികവും രാഷ്ട്രീയവുമായ താൽപ്പര്യങ്ങളിൽ നിന്ന് പ്രാദേശികവും ഭാഗികവുമായ യുദ്ധങ്ങൾ സംഘടിപ്പിക്കുമെന്ന് ഭരിക്കുന്ന ഇന്ത്യൻകുത്തകകൾക്കുംഅറിയാം. തോക്കിൻമുനയിലോ, ചൂഷണാത്മകമായ നവകൊളോണിയൽ മാർഗത്തിലൂടെയോ, അവർ തങ്ങളുടെ സ്വാധീന മേഖലകൾ വർധിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, വളർന്നുവരുന്ന സാമ്പത്തിക പ്രതിസന്ധിയെ എങ്ങനെയെങ്കിലും തടയുന്നതിന്, സമ്പദ്വ്യവസ്ഥയുടെ വർദ്ധിച്ചുവരുന്ന സൈനികവൽക്കരണത്തിലൂടെ ഉൽപ്പാദിപ്പിക്കുന്ന ആയുധശേഖരം അവർക്ക് പുറത്തുവിടേണ്ടതുണ്ട്. ജനങ്ങളെ പറഞ്ഞറിയിക്കാനാവാത്ത ദുരിതത്തിലേക്കും പരാധീനതയിലേക്കും തള്ളിവിട്ടുകൊണ്ട്, സൈനിക ബജറ്റ് പതിവായി വർദ്ധിപ്പിച്ച്, മറ്റ് സാമ്രാജ്യത്വ രാജ്യങ്ങളിൽനിന്ന് അത്യാധുനിക സൈനിക ഉപകരണങ്ങൾ വാങ്ങിക്കൊണ്ട്,ആയുധമത്സരത്തിൽ പ്രാമുഖ്യം നേടാൻ ഇന്ത്യയുടെ ഭരണാധികാരികൾ ശ്രമിക്കുന്നു. അതോടൊപ്പം, അവർക്ക് അതിർത്തിപ്രദേശങ്ങളിൽ യുദ്ധസമ്മർദ്ദം നിലനിർത്തുകയും, അയൽരാജ്യങ്ങളുമായി ഇടയ്ക്കിടെ സായുധ സംഘട്ടനങ്ങൾ നടത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. കാരണം, മുതലാളിത്തത്തിന്റെ സൃഷ്ടിയായ പൊള്ളുന്ന ജീവൽപ്രശ്നങ്ങളിൽ നിന്ന് ആളുകളുടെ ശ്രദ്ധ തിരിക്കാനും, തളർച്ചയിലായ സമ്പദ്വ്യവസ്ഥയെ സൈനികവൽക്കരണത്തിലൂടെ കൃത്രിമമായി ഉത്തേജിപ്പിക്കാനും ഇതാവശ്യമാണ്. അതിനാൽ, അവർ ഒരു വശത്ത് അമേരിക്കയുമായും മറ്റ് പാശ്ചാത്യ രാഷ്ട്രങ്ങളുമായും ഉള്ള ബന്ധവും, മറുവശത്ത് റഷ്യയുമായുള്ള ചരിത്രപരമായി ആഴമേറിയതും, തന്ത്രപരവുമായ ബന്ധവും നിലനിർത്തിക്കൊണ്ട് കൗശലപൂർവം മുന്നോട്ട് നീങ്ങുന്നു.

## റഷ്യയുമായുള്ള ഇന്ത്യയുടെ വ്യാപാരം

ഈ ചെറിയ പശ്ചാത്തലം യുക്രൈൻ പ്രതിസന്ധിയെ കുറിച്ചുള്ള ഇന്ത്യയുടെ നിലപാടിനെ സംബന്ധിച്ച് ഉൾക്കാഴ്ച നൽകാൻ സഹായിക്കും. യുക്രൈൻ യുദ്ധത്തിന്റെ പേരിൽ ഐക്യരാഷ്ട്രസഭയിൽ റഷ്യയ്ക്കെതിരായ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കാൻ അമേരിക്കയുടെ അടുത്ത സഖ്യകക്ഷിയായ ഇന്ത്യയ്ക്ക് ഒരു കാരണമുണ്ട്. പല യൂറോപ്യൻ രാജ്യങ്ങളെയും പോലെ, ഇന്ത്യയും എണ്ണയ്ക്കോ പ്രകൃതിവാതകത്തിനോ വേണ്ടി റഷ്യയെ ആശ്രയിക്കുന്നില്ല എന്നത് ശരിയാണ്. ഇന്ത്യ റഷ്യയിൽ നിന്ന് എണ്ണയും പ്രകൃതിവാതകവും ഇറക്കുമതി ചെയ്യുന്നുവെങ്കിലും കാര്യമായ അളവിൽ ഇറക്കുമതി ചെയ്യുന്നില്ല. എണ്ണ ഇറക്കുമതിയുടെ 1%, വാതക ഇറക്കുമതിയുടെ 0.2%, എന്നിങ്ങനെ മാത്രമാണ് ഇന്ത്യ റഷ്യയിൽനിന്ന് ഇറക്കുമതി ചെയ്യുന്നത്. പക്ഷേ, ആയുധ കൈമാറ്റത്തിന്റെ കാര്യത്തിൽ, റഷ്യയെ സംബന്ധിച്ചിടത്തോളം ഇന്ത്യ ഏറ്റവും വലിയ ഇറക്കുമതിക്കാരനും, ഇന്ത്യയെ സംബന്ധിച്ചിടത്തോളം റഷ്യ ഏറ്റവും വലിയ കയറ്റുമതിക്കാരനും ആണ്. 2000 നും 2020നും ഇടയിൽ ഇന്ത്യയുടെ ആയുധ ഇറക്കുമതിയുടെ 66.5 ശതമാനവും റഷ്യയിൽ നിന്നായിരുന്നു. ആയുധ ഇറക്കുമതിക്കായി ആ രണ്ട് ദശകങ്ങളിൽ ഇന്ത്യ ചെലവഴിച്ച 53.85 ബില്യൺ ഡോളറിൽ, 35.82 ബില്യൺ ഡോളറും റഷ്യയിലേക്കാണ് പോയത്. അതേ കാലയളവിൽ, യുഎസിൽ നിന്നുള്ള ഇറക്കുമതി 4.4 ബില്യൺ ഡോളറും, ഇസ്രായേലിൽ നിന്നുള്ളത് 4.1 ബില്യൺ ഡോളറുമാണ്. ചക്ര 3, ചക്ര 4 എന്നീ രണ്ട് ആണവ ബാലിസ്റ്റിക് അന്തർവാഹിനികൾ വാടകയ്ക്കെടുക്കാൻ ഇന്ത്യ റഷ്യയുമായി ചർച്ച നടത്തുന്നുണ്ട്. ഇതിൽ ആദ്യത്തേത് 2025-ഓടെ എത്തുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഇന്ത്യൻ കരസേനയുടെ പ്രധാന യുദ്ധ ടാങ്ക്നിര, പ്രധാനമായും റഷ്യൻ നിർമ്മിത ടി72എം1(66%), ടി90എസ്(30%) എന്നിവയാണ്. ഇന്ത്യൻ നാവികസേനയുടെ പ്രവർത്തനസജ്ജമായ ഏക വിമാനവാഹിനിക്കപ്പൽ, സോവിയറ്റ് കാലഘട്ടത്തിലെ ഒരു കപ്പൽ നവീകരിച്ചെടുത്തതാണ്. കൂടാതെ മുഴുവൻ യുദ്ധവിമാനങ്ങളും ഗ്രൗണ്ട് അറ്റാക്ക് വിമാനങ്ങളും റഷ്യൻ നിർമ്മിതമോ, റഷ്യൻ ലൈസൻസിൽ ഇന്ത്യയിൽ നിർമ്മിക്കുന്നതോ ആണ്. (നാവികസേനയുടെ ഫൈറ്റർ ഫ്ലീറ്റിൽ 43 മിഗ്-29കെ/കെയുബി എന്നിവ ഉൾപ്പെടുന്നു). നാവികസേനയുടെ 10 ഗൈഡഡ് -മിസൈൽ ഡിസ്ട്രോയറുകളിൽ നാലെണ്ണംറഷ്യൻകാഷിൻക്ലാസും, 17 ഫ്രിഗേറ്റുകളിൽ 6 എണ്ണം റഷ്യൻ തൽവാർ ക്ലാസുമാണ്. കൂടാതെ റഷ്യയിലേക്ക് പ്രതിവർഷം 2.5 ബില്യൺ ഡോളറിന്റെ ചരക്കുകളും യുക്രൈൻ ഉൾപ്പെടെയുള്ള സിഐഎസ് (കോമൺവെൽത്ത് ഓഫ് ഇൻഡിപെൻഡന്റ് സ്റ്റേറ്റ്സ്) രാജ്യങ്ങളിലേക്ക് 1.5 ബില്യൺ ഡോളറും ഇന്ത്യ കയറ്റുമതി ചെയ്യുന്നു. അതിനാൽ, ആയുധങ്ങൾക്കായുള്ള ഈ കടുത്ത ആശ്രിതത്വവും, കയറ്റുമതി വിപണിയിലെ അനിശ്ചിതത്വവുമാണ് റഷ്യയ്ക്കെതിരെ ഒരു പ്രതിഷേധവും പ്രകടിപ്പിക്കുന്നതിൽ നിന്ന് ഇന്ത്യയെ വിലക്കുന്ന കാരണങ്ങൾ. ഈ കാരണങ്ങൾ, ഇന്ത്യയിലെ ഭരിക്കുന്ന കുത്തക മുതലാളിമാരുടേതും, ബൂർഷ്വാ വർഗതാൽപ്പര്യങ്ങൾ പൂർണ്ണമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ അധികാരത്തിൽ അഭിഷേകം ചെയ്യപ്പെട്ട പാർട്ടികളുടേതും ആണെന്നും, ഏതൊരു രാഷ്ട്രീയ വിദ്യാർത്ഥിക്കും മനസ്സിലാക്കാൻ കഴിയും. മുൻകാലങ്ങളിൽ കോൺഗ്രസ് അത് ചെയ്തിരുന്നു. ഇപ്പോൾ ബി.ജെ.പിയും അതേ പാത പിന്തുടരുകയാണ്. ശ്രദ്ധേയമായ കാര്യം,സിപിഐ(എം),സിപിഐ തുടങ്ങിയ കപട മാർക്സിസ്റ്റുകൾ പോലും യുക്രൈനിലെ റഷ്യയുടെ അധിനിവേശത്തെ അപലപിക്കുന്നതിൽനിന്ന് വിട്ടുനിന്നു എന്നതാണ്. റഷ്യയും യുക്രൈനും തമ്മിലുള്ള സായുധ പോരാട്ടത്തിൽ സിപിഐ(എം) "കടുത്ത ആശങ്ക" പ്രകടിപ്പിക്കുകയും, യുക്രൈനെതിരായ റഷ്യൻ സൈനിക നടപടിയെ "ദൗർഭാഗ്യകരം" എന്ന് വിളിക്കുകയും ചെയ്തു. അതുപോലെ, അയൽരാജ്യത്ത് റഷ്യൻ സൈന്യം മുന്നേറുമ്പോൾ, യുക്രൈനിലെ മാനുഷികവും ഭൗതികവുമായ നഷ്ടങ്ങളിൽ സിപിഐ ആശങ്ക രേഖപ്പെടുത്തുകയും, സമാധാനം പുനഃസ്ഥാപിക്കണമെന്നും നയതന്ത്രത്തിന്റെയും സംഭാഷണത്തിന്റെയും പാതയിലേക്ക് മടങ്ങണമെന്നും ആവശ്യപ്പെട്ടു. ഒരു പക്ഷേ, അധികാരത്തിന്റെ ഇടനാഴിയിൽ നിലനിന്നുപോരുന്നതിനും, ഭരിക്കുന്ന ഇന്ത്യൻ കുത്തകകളുടെ പ്രീതി നേടുന്നതിനും അവർ ഉദ്ദേശിക്കുന്നുണ്ടാവാം. എന്നാൽ, മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ വീക്ഷണകോണിൽ നിന്ന്, യുക്രൈനിലെ സാമ്രാജ്യത്വ റഷ്യയുടെ സൈനിക അധിനിവേശത്തെ നമ്മുടെ പാർട്ടി ശക്തമായി അപലപിച്ചു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിലുള്ള നാറ്റോ, മിക്ക കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും തങ്ങളുടെ നിയന്ത്രണ വലയം വ്യാപിപ്പിക്കുമ്പോൾ, മത്സരിക്കുന്ന സാമ്രാജ്യത്വശക്തി എന്ന നിലയിൽ യുക്രൈനെ തങ്ങളുടെ ആധിപത്യത്തിനു കീഴിൽ കൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമായി, റഷ്യ യുക്രൈന്റെ മേൽ ആക്രമണം അഴിച്ചുവിട്ടു എന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. യുഎസ് സാമ്രാജ്യത്വവും, റഷ്യൻ സാമ്രാജ്യത്വവും, തമ്മിൽ ആധിപത്യത്തിനായുള്ള പോരാട്ടമാണ് ലോകസമാധാനത്തെ അപകടപ്പെടുത്തുന്ന ഈ യുദ്ധ സാഹചര്യമുണ്ടാക്കിയതെന്ന് ഞങ്ങൾ വ്യക്തമായി സൂചിപ്പിച്ചു. വ്ളാഡിമിർ പുടിന്റെ ഗവൺമെന്റിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ "ലോക കമ്പോള മത്സരത്തിൽ സാമ്രാജ്യത്വ റഷ്യയുടെ സ്ഥാനം ശക്തിപ്പെടുത്തുക" എന്നതാണെന്ന്, റഷ്യൻ കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് പാർട്ടി (ആർസിഡബ്ല്യുപി) വ്യക്തമായിപ്പറഞ്ഞത് സന്തോഷമുളവാക്കുന്നു. "യുഎസും, യൂറോപ്യൻ യൂണിയനും, റഷ്യയും തമ്മിലുള്ള സാമ്രാജ്യത്വ വൈരുദ്ധ്യങ്ങളാണ് സംഘർഷത്തിന്റെ ഉറവിടം. ഈ യുദ്ധത്തിൽ റഷ്യൻ ഭരണകൂടത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ സാമ്രാജ്യത്വമാണെന്നതിൽ ഞങ്ങൾക്ക് സംശയമില്ല" അവർ നിരീക്ഷിച്ചു. പോലീസ് മുന്നറിയിപ്പുകൾ ലംഘിച്ച്, റഷ്യയിലെ സമാധാനപ്രേമികളായ സാധാരണ ജനങ്ങൾ, യുക്രൈൻ അധിനിവേശത്തിനെതിരെ പ്രതിഷേധിക്കാൻ ആയിരക്കണക്കിനായി തെരുവിലിറങ്ങിയിട്ടുണ്ട്. "യുദ്ധം വേണ്ട!" ജനക്കൂട്ടം ഉറക്കെ വിളിക്കുകയും, ആക്രമിക്കപ്പെട്ടയുക്രൈൻകാർക്ക് ഐക്യദാർഢ്യംപ്രഖ്യാപിക്കുകയും ചെയ്തു. സാധാരണ പൗരന്മാരുടെ സമാനമായ പ്രതിഷേധങ്ങൾ മിക്കവാറും എല്ലാ രാജ്യങ്ങളിലും നടന്നിട്ടുണ്ട്. "ഇത് പുടിന്റെ യുദ്ധമാണ്, റഷ്യൻ ജനതയുടെ യുദ്ധമല്ല",നെതർലൻഡിലെഒരുറഷ്യൻ പ്രതിഷേധസംഘാടകൻ പറഞ്ഞു.

## ഇന്ത്യൻ പൗരന്മാരെ രക്ഷിച്ചതിന്റെ പേരിൽ ആത്മപ്രശംസ

രണ്ട് പ്രധാന സാമ്രാജ്യത്വശക്തികൾ പരസ്പരം എതിർത്തുനിൽക്കുമ്പോൾ, ദുരിതമനുഭവിക്കുന്ന മനുഷ്യരാശി നേരിടുന്ന ബുദ്ധിമുട്ടുകളുടെ വിവിധ മുഖങ്ങൾ അനാവരണം ചെയ്യപ്പെടുകയാണ്. നമ്മുടെ രാജ്യത്തെ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടുന്നതിന്റെ അമിതമായ ചിലവ് താ

(ശേഷം 15–ാം പേജിൽ)

# അമേരിക്കയുമായും റഷ്യയുമായുമുള്ള ബന്ധം വഷളാക്കാൻ ഇന്ത്യ തയ്യാറല്ല

*(14–ാം പേജിൽ നിന്ന്)*

ങ്ങാനാവാതെ, മെഡിക്കൽ വിദ്യാഭ്യാസം നേടുന്നതിനായി യുക്രൈനിലേക്ക് പോയ 20,000ത്തോളം വരുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന നഷ്ടങ്ങളും, പീഡനവും, ദുരിതവും ഇതിനൊരു ഉദാഹരണമാണ്. ഇവിടെ ഒരു കോടി രൂപയാണെങ്കിൽ, യുക്രൈനിൽ മെഡിക്കൽ വിദ്യാഭ്യാസത്തിന് 25 ലക്ഷം രൂപമാത്രമാണ് ചെലവ്. "മെഡിക്കൽ വിദ്യാഭ്യാസ നയങ്ങൾ ശരിയായ തരത്തിൽ ആയിരുന്നെങ്കിൽ പിന്നെ വിദേശത്തേക്ക് പോകേണ്ടി വരില്ലായിരുന്നു," കോപാകുലനായ ഒരു രക്ഷിതാവ് പറഞ്ഞു. എന്നാൽ അത്തരം വിദ്യാർത്ഥികളെ മോശമായി ചിത്രീകരിക്കാനും, പരിഹസിക്കാനും ഭരണകക്ഷിയായ ബിജെപി നേതാക്കൾക്ക് ഒരു മടിയുമില്ല. യുക്രൈനിൽ ഒരു ഇന്ത്യൻ വിദ്യാർത്ഥി മരിച്ച ദിവസം, ബിജെപിയുടെ കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി പ്രഹ്ലാദ് ജോഷി പരിഹസിച്ചു, "വിദേശത്ത് മെഡിസിൻ പഠിക്കുന്ന 90% ഇന്ത്യക്കാരും ഇന്ത്യയിൽ യോഗ്യതാ പരീക്ഷകൾ വിജയിക്കുന്നതിൽ പരാജയപ്പെടുന്നവരാണ്". എന്നാൽ, ജീവൻ നഷ്ടപ്പെട്ട വിദ്യാർത്ഥി തന്റെ പ്രീ-യൂണിവേഴ്സിറ്റി കോഴ്സിൽ 97% മാർക്ക് നേടിയിരുന്നുവെന്നാണ് അവന്റെ പിതാവ് മാദ്ധ്യമങ്ങളോട് പറഞ്ഞത്.

2021 ഡിസംബറിന്റെ തുടക്കം മുതൽ യുക്രൈനെ കേന്ദ്രീകരിച്ച് സംഘർഷം വർദ്ധിക്കുകയും, സാഹചര്യം ഒരു സൈനിക സംഘട്ടനത്തിലേക്ക് എത്തുന്ന രീതിയിൽ, വഷളാകുമെന്ന് വിവിധ കോണുകളിൽനിന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു. യുഎസ്, കാനഡ, ഓസ്ട്രേലിയ, യുകെ, ജർമ്മനി തുടങ്ങി നിരവധി രാജ്യങ്ങൾ 2022 ജനുവരിയിൽതന്നെ തങ്ങളുടെ പൗരന്മാരെ യുക്രൈനിൽനിന്ന് തിരികെ കൊണ്ടുവരാൻ തുടങ്ങിയിരുന്നു. എന്നാൽ ഇന്ത്യൻ സർക്കാർ തിടുക്കം കാട്ടിയില്ല. കൂടാതെ, ഭരണകക്ഷിയായ ബിജെപിയുടെയും, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള നേതാക്കളുടെയും ശ്രദ്ധ അപ്പോൾ അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിലായിരുന്നു. അതിനാൽ, ഇന്ത്യക്കാരെ, പ്രത്യേകിച്ച് യുക്രൈനിൽ കുടുങ്ങിയ ഇന്ത്യക്കാരായ വിദ്യാർത്ഥികളെ അടിയന്തിരമായി സംരക്ഷിക്കേണ്ടതിനും, ആവശ്യമെങ്കിൽ ഒഴിപ്പിക്കേണ്ടതിനും പകരം, ഇതിന്റെ പ്രാധാന്യത്തെ സൗകര്യപൂർവ്വം വിസ്മരിച്ചു.

തിരഞ്ഞെടുപ്പ് പ്രചാരണം അവസാന റൗണ്ടിൽ ആയിരിക്കുമ്പോൾ, സർക്കാർ ഉറക്കത്തിൽനിന്ന് എഴുന്നേറ്റു. ഇന്ത്യൻ പൗരന്മാരെ, കൂടുതലും വിദ്യാർത്ഥികളെ, യുക്രൈനിൽനിന്ന് ഒഴിപ്പിക്കാൻ 'ഓപ്പറേഷൻ ഗംഗ' ആരംഭിച്ചു. ഏറെ പ്രയത്നത്തിനൊടുവിൽ, ഭൂരിഭാഗം വിദ്യാർത്ഥികളും യുക്രൈനുമായി അതിർത്തി പങ്കിടുന്ന ഹംഗറി, റൊമാനിയ, പോളണ്ട് തുടങ്ങിയ രാജ്യങ്ങളിലേക്ക് കടന്ന്, സ്വന്തം നാട്ടിലേക്ക് മടങ്ങാൻ ഇന്ത്യൻ വിമാനങ്ങളിൽ കയറി. അവിടെയെത്തിയപ്പോൾ, അവരിൽ ചിലരെ കേന്ദ്രമന്ത്രിമാർ 'ഭാരത് മാതാ കീ ജയ്' വിളികളോടെയും പ്രധാനമന്ത്രി മോദിയെ പ്രശംസിച്ചും പുഷ്പങ്ങൾ നൽകി സ്വീകരിച്ചു. എന്നാൽ സംഘർഷ മേഖലയിൽനിന്ന് ഇന്ത്യൻ പൗരന്മാരെ രക്ഷിക്കാൻ സമയോചിതമായ നടപടികൾ സ്വീകരിക്കാത്തപ്പോൾ, പൂക്കൾ വിതരണം ചെയ്യുന്നതുപോലുള്ള പ്രകടനങ്ങൾ അർത്ഥശൂന്യമാണെന്ന് പറഞ്ഞ്, രോഷാകുലരായ വിദ്യാർത്ഥികൾ സർക്കാരിനെ രൂക്ഷമായി വിമർശിച്ചു. തനിക്ക് നൽകിയ റോസാപ്പൂവ് ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു ഇന്ത്യൻ വിദ്യാർത്ഥി പറഞ്ഞു, "ഇപ്പോൾ ഞങ്ങൾ ഇവിടെയുണ്ട്, ഞങ്ങൾക്ക് ഇത് നൽകുന്നു. ഇതുകൊണ്ടെന്തു കാര്യം? ഞങ്ങൾ ഇതുകൊണ്ടെന്തു ചെയ്യും? അവിടെ ഞങ്ങൾക്ക് എന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽ ഞങ്ങളുടെ കുടുംബങ്ങൾ എന്തു ചെയ്യുമായിരുന്നു?" യുക്രൈനിലെ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റിയിലെ ഒന്നാം വർഷവിദ്യാർത്ഥിനിയാണ് തങ്ങൾ നേരിട്ട പീഡനത്തിന്റെയും അപകടത്തിന്റെയും ഞെട്ടിക്കുന്ന വിവരണം നൽകിയത്. യുക്രൈനിയൻ പട്ടാളക്കാർ അവരോട് വളരെ മോശമായി പെരുമാറി, ആൺകുട്ടികളെ തല്ലുകയും, പെൺകുട്ടികളെ ചവിട്ടുകയും, വായുവിലേക്ക് വെടിയുണ്ടകളും, കണ്ണീർ വാതക ഷെല്ലുകളും ഉതിർക്കുകയും ചെയ്തുവെന്നും അവർ പറഞ്ഞു. യുക്രൈനിലെ ഇന്ത്യൻ എംബസിയിൽനിന്ന് സഹായം ലഭിച്ചോ എന്ന ചോദ്യത്തിന്, അവർ മറുപടി പറഞ്ഞത്, "ഞങ്ങൾ എന്ത് ചെയ്താലും അത് ഞങ്ങൾ സ്വന്തം നിലയിലാണ് ചെയ്തത്... ഇന്ത്യൻ എംബസിയിലെ ഉദ്യോഗസ്ഥർ ഞങ്ങളെ ഞങ്ങളുടെ വിധിക്ക് വിട്ടു." എന്നിട്ടും, ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറി, വിദ്യാർത്ഥികൾക്ക് യുക്രൈൻ വിടുന്നതിനുവേണ്ടി ഇന്ത്യൻ സർക്കാർ അവർക്ക് 'ഒരുപാട് മുൻകൂർ അറിയിപ്പ് നൽകിയിട്ടുണ്ട്' എന്ന് അവകാശപ്പെട്ടുകൊണ്ട് ലജ്ജയില്ലാതെ ഗവൺമെന്റിന്റെ നടപടികളെ ന്യായീകരിക്കാൻ ശ്രമിച്ചു.

### സമൂഹമാദ്ധ്യമങ്ങളിലെ വ്യാജപ്രചാരണം

ഇന്ത്യയുടെ രക്ഷപെടുത്തൽ ശ്രമങ്ങൾ തടസ്സപ്പെടുകയും, അവിടെ കുടുങ്ങിയ വിദ്യാർത്ഥികളുടെ കുടുംബങ്ങൾ ഉത്കണ്ഠാകുലമായ നിമിഷങ്ങളിൽകൂടി കടന്നുപോകുകയും ചെയ്തപ്പോൾ, സർക്കാരിന്റെ വിജയങ്ങളെ പെരുപ്പിച്ചു കാണിക്കാൻ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ നിശ്ശബ്ദമായി ആസൂത്രണംചെയ്ത, വ്യാജവിവര പ്രചാരണം രൂപപ്പെട്ടുവരികയായിരുന്നു. വ്യാജവാർത്തകൾ പ്രചരിപ്പക്കുന്നതിനുപുറമേ, യുക്രൈനിൽ കുടുങ്ങിക്കിടക്കുന്ന വിദ്യാർത്ഥികളെ അവരുടെ വിധിയാണ് അതെന്ന രീതിയിൽ തെറ്റായി കുറ്റപ്പെടുത്തി, തീവ്രദേശീയവാദം ആളിക്കത്തിച്ചുകൊണ്ട്, ഇന്ത്യയെയും പ്രധാനമന്ത്രി മോദിയെയും മഹത്വപ്പെടുത്തി പോസ്റ്റുകൾ ഇട്ടു. ഇന്ത്യയിലേക്ക് മടങ്ങിയെത്തിയപ്പോൾ മോദിയെ വിമർശിച്ച, യുക്രൈനിൽ ഒറ്റപ്പെട്ടുപോയ വിദ്യാർത്ഥികളെ അവമതിച്ചുകൊണ്ട് അവരെ 'പാമ്പിൻകുഞ്ഞുങ്ങൾ' എന്നുവിളിച്ച് പരിഹസിക്കുകയും, യുക്രൈൻ മോദിയെ ലോകത്തിലെ 'ഏറ്റവും ശക്തനായ നേതാവ്' എന്ന് വിശേഷിപ്പിക്കുകയും ചെയ്തുവെന്ന് അവകാശപ്പെടുകയും ചെയ്യുന്നതിലേക്ക് ഇതുപോയി. യുദ്ധം പരിഹരിക്കാൻ യുക്രൈനും റഷ്യയും ഇന്ത്യയുടെ സഹായം തേടിയെന്ന മറ്റൊരു തെറ്റായ അവകാശവാദവും ഇവർ പ്രചരിപ്പിച്ചു.

വിവിധ ബിജെപി അനുകൂല വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിൽ കണ്ട ഒരു സന്ദേശം ഇങ്ങനെയായിരുന്നു:"യുദ്ധമേഖലയിൽനിന്ന് സുരക്ഷിതമായി പുറത്തുകടക്കുകയാണ് നിങ്ങളുടെയാവശ്യം. എന്നിട്ട് നിങ്ങൾക്ക് പഞ്ചനക്ഷത്ര സൗകര്യങ്ങൾ നൽകിയില്ലെന്ന് പറഞ്ഞ് ടിവി ക്യാമറകൾക്ക് മുന്നിൽവന്ന് കരയുകയാണ്. വിദ്യാർത്ഥികളെ അവരുടെ വീട്ടുപടിക്കൽവരെ ഹെലികോപ്റ്ററിൽ കൊണ്ടുപോയി ഇറക്കണം, ഒരു ചുമട്ടുതൊഴിലാളിയെ ഏർപ്പാടാക്കി അവരുടെ ലഗേജ് കൊണ്ടുപോകാൻ സർക്കാർ പണം നൽകണമായിരുന്നു, മോദി അവരെ തലയിൽ ചുമന്ന് വീട്ടിൽ ഇറക്കണമായിരുന്നു, അല്ലേ?" ഈ വിധേനയുള്ള സമൂഹമാദ്ധ്യമങ്ങളിലെ ഗൂഢോദ്ദേശ്യത്തോടെയുള്ള പ്രചാരണങ്ങളിൽ വിദ്യാർത്ഥികളെ ദുഷ്ടരായി ചിത്രീകരിക്കുകയും അവരുടെ കഷ്ടപ്പാടുകളെ പരിഹസിക്കുകയും ചെയ്തു.

വസ്തുതാപരമാണോ പ്രചരണങ്ങൾ എന്ന് അന്വേഷിക്കുന്ന രണ്ട് ഏജൻസികൾ, വാട്സ്ആപ്പ് ഗ്രൂപ്പുകളിലും, ഫെയ്സ്ബുക്ക് ഗ്രൂപ്പുകളിലും, ഇത്തരമൊരു പ്രചാരണം ബിജെപി സംവിധാനങ്ങൾ നടത്തുന്നതാണ് എന്നതിന്റെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. ഒരവസരത്തിൽ, റഷ്യൻ പ്രതിരോധ മന്ത്രി സെർജി ഷോയിഗു, തന്റെ രാജ്യത്തിന്റെ സൈന്യം യുക്രൈനിലെ ഇന്ത്യൻ സിവിലിയന്മാരെ ഉപദ്രവിക്കില്ലെന്നും, അത്തരം സാധാരണക്കാരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുമെന്നും വാഗ്ദാനം ചെയ്തതായി അവകാശപ്പെടുന്ന ഒരു ചിത്രീകരണം കണ്ടെത്തി. ഒരു അന്വേഷണ ഏജൻസി, ഈ അവകാശവാദങ്ങൾ തെറ്റാണെന്ന് കണ്ടെത്തി. ഷോയ്ഗു ഈ അവകാശപ്പെട്ടതുപോലെ ഒരുകാര്യവും പറഞ്ഞിട്ടില്ല. കൂടാതെ ഇന്ത്യയുടെ വിമാനങ്ങൾ ഒരിക്കലും നിരോധിത മേഖലയിലേക്ക് പറന്നിട്ടില്ല. സ്ഥിതിഗതികൾക്കനുസൃതമായി പ്രവർത്തിക്കാൻ വൈകിയതിന് മോദി സർക്കാർ നേരിടുന്ന വിമർശനങ്ങളെ നേരിടാൻ അവർക്ക് ഇത്തരം കെട്ടിച്ചമക്കലുകൾ ആവശ്യമാണെന്ന് അന്വേഷണ സംഘങ്ങൾ വാദിച്ചു.

### ഭരണകർത്താക്കൾ ഇത്തരം വഞ്ചനാപരമായ പ്രവൃത്തികൾ ചെയ്യുന്നതെന്തുകൊണ്ട് ?

ചുരുക്കത്തിൽ, നേരത്തെ വിശദീകരിച്ച വസ്തുതകൾക്കുമേൽ യുക്രൈൻ വിഷയത്തിൽ ഇന്ത്യയുടെ നിലപാട് ഇതാണ്. രാജ്യത്തിനകത്താണെങ്കിലും, ബുദ്ധിമുട്ടേറിയ സാഹചര്യത്തിൽ വിദേശത്താണെങ്കിലും, തീവ്രമോ അസഹനീയമോ ആയ ദുരിതങ്ങളിൽ ജനങ്ങൾ കഷ്ടപ്പെടുമ്പോൾ, സത്യം വളച്ചൊടിക്കാനുള്ള തങ്ങളുടെ കൗശലത്തിലും ആത്മപ്രശംസയുടെ അഹങ്കാരത്തിലും അഭിരമിക്കുകയാണ് ബിജെപി സർക്കാർ. അധ്വാനിക്കുന്ന ജനങ്ങൾക്ക് രാഷ്ട്രീയ അവബോധം ഇല്ലാത്തതുകൊണ്ടുമാത്രം ഭരിക്കുന്ന, കുത്തകകൾക്ക് വിധേയരായ ബിജെപിയും അതിന്റെ സർക്കാരും ഇത്തരം കുറ്റകൃത്യങ്ങളിൽനിന്നും കെട്ടിച്ചമച്ച പ്രചാരണങ്ങൾ നടത്തി രക്ഷപ്പെടുകയാണ്. ബിജെപിയുമായി ശത്രുത നടിക്കുന്ന കപട മാർക്സിസ്റ്റുകൾ ഉൾപ്പെടെയുള്ള മിക്ക പ്രതിപക്ഷ പാർട്ടികളും, തെരഞ്ഞെടുപ്പിൽ മികച്ച ഫലം നേടുന്നതിന് ആവശ്യമായ പരിധിയിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. അവർ ജനങ്ങൾക്ക് ശരിയായ രാഷ്ട്രീയ വിദ്യാഭ്യാസം നൽകുമെന്ന് പ്രതീക്ഷിക്കുന്നത് വ്യർത്ഥമാണ്. മറിച്ച്, തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ പരിധിയിൽ ജനങ്ങളെ ഒതുക്കാനാണ് അവരുടെ ശ്രമം. അതിനാൽ, ആശയക്കുഴപ്പത്തിലകപ്പെട്ട ജനങ്ങൾ, ആകർഷകമായ മുദ്രാവാക്യങ്ങളാലോ, കപട ദേശസ്നേഹത്തിന്റെയോ, സങ്കുചിത ദേശീയവാദത്തിന്റെയോ മുദ്രാവാക്യങ്ങളിൽ ആകൃഷ്ടരായി, കപട തിരഞ്ഞെടുപ്പ് യുദ്ധത്തിൽ ഈ പാർട്ടി, അല്ലെങ്കിൽ ആ പാർട്ടി, അതുമല്ലെങ്കിൽ ബൂർഷ്വാ പാർട്ടികളുടെ കൂട്ടുകെട്ടുകൾ, ഇവയെ മാറിമാറി പിന്തുണച്ചുകൊണ്ടിരിക്കുന്നു.

അവരുടെ അറിവില്ലായ്മയെ മുതലെടുത്തുകൊണ്ട്, ഭരിക്കുന്ന കുത്തകകളും അവരുടെ പിണിയാളുകളും ധനം സമ്പാദിക്കുകയും, അവരെ കബളിപ്പിക്കുകയും ചെയ്യുന്നു. ഇന്ത്യയെയും അതുപോലെതന്നെ എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളെയും സംബന്ധിച്ചിടത്തോളം ഇത് സത്യമാണ്. സഖാവ് ലെനിന്റെ പ്രവചനം വിശദീകരിച്ചുകൊണ്ട്, എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽ സെക്രട്ടറിയും സമുന്നതനായ മാർക്സിസ്റ്റ് ചിന്തകനും സൈദ്ധാന്തികനുമായ സഖാവ് ശിബ്ദാസ് ഘോഷ് വളരെ മുമ്പേ ഇത് ചൂണ്ടിക്കാണിച്ചിരുന്നു:

"സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിലെ യുദ്ധങ്ങളുടെ അനിവാര്യതയുടെ നിയമം, ആ കാലഘട്ടത്തിലെപ്രത്യേകസാമ്പത്തിക സാഹചര്യങ്ങളിൽനിന്ന് ഉയർന്നുവരുന്ന രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയുടെ നിയമമാണ്. ഈ സാഹചര്യങ്ങൾ പ്രധാനമായും കമ്പോളത്തിനായുള്ള വിവിധ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങൾ തമ്മിലുള്ള മത്സരവും, സാമ്രാജ്യത്വ കാലഘട്ടത്തിൽ ഈ പ്രതിയോഗിത വൈരുദ്ധ്യത്തിന്റെ തീവ്രതയേറുന്നതുമാണ്." *(കോൾ ഓഫ് ദി അവർ, സമാഹൃത കൃതികൾ, വാല്യം 2).* "ഇന്ന് സോഷ്യലിസ്റ്റ് രാജ്യങ്ങളെ മുതലാളിത്ത രാജ്യങ്ങൾ വലയം ചെയ്തിരിക്കുന്നു. ഇതിനുപകരം ഏതാനും മുതലാളിത്ത രാജ്യങ്ങൾമാത്രം അവശേഷിക്കുകയും അവയെ ഭൂരിഭാഗം വരുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങൾ വലയംചെയ്യുകയും ചെയ്യുമ്പോഴോ, അല്ലെങ്കിൽ ലോകമെമ്പാടും സോഷ്യലിസ്റ്റ് വിപ്ലവം വിജയിക്കുമ്പോഴോ മാത്രമേ, മനുഷ്യസമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി യുദ്ധത്തെ നിഷ്കാസനം ചെയ്യാൻ കഴിയൂ." *(യുദ്ധം, സമാധാനം, സമാധാനപരമായ സഹവർത്തിത്വം, സമാഹൃത കൃതികൾ, വാല്യം 1)*

അതിനാൽ, ഭരിക്കുന്നവരുടെ ഇത്തരം ഹീനമായ കളികളും, അവരുടെ വ്യത്യസ്ത രൂപങ്ങളിലുള്ള കിങ്കരന്മാരെയും തിരിച്ചറിഞ്ഞുകൊണ്ട്, എല്ലാ വിധത്തിലുമുള്ള ശങ്കകളും സംശയങ്ങളും ഭയവും ഉപേക്ഷിച്ച് സധൈര്യം മുന്നോട്ടുവന്ന്, ശരിയായ വിപ്ലവ നേതൃത്വത്തിന് കീഴിൽ സ്വന്തം പോരാട്ടങ്ങൾ കെട്ടിപ്പടുക്കാൻ എല്ലാവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇത്, വിപ്ലവത്തിലൂടെ മുതലാളിത്ത അടിച്ചമർത്തലിന്റെ നുകത്തിൽനിന്ന് മോചനം നേടുന്നതിന് മാത്രമല്ല, തങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്ക് വഴങ്ങി കുറച്ച് ആശ്വാസം നൽകാൻ നിലനിൽക്കുന്ന അധികാര സ്ഥാനങ്ങളെ നിർബന്ധിക്കുന്നതിനുവേണ്ടിയും കൂടിയാണ്. കഷ്ടപ്പെടുന്ന ദശലക്ഷങ്ങളുടെ പക്ഷത്ത് നിൽക്കുന്നതിനും, ശക്തമായ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള വർഗ, ബഹുജന സമരങ്ങൾ വികസിപ്പിക്കുന്നതിനൊപ്പം അവരുടെ രാഷ്ട്രീയ വിദ്യാഭ്യാസം ഉയർത്തുക എന്നതും അനിവാര്യമായിരിക്കുന്നു. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2022 April
Price: Rs. 10.00

# കേന്ദ്രഗവൺമെന്റിന്റെ തൊഴിലാളിദ്രോഹ നയങ്ങൾക്ക് താക്കീത് നൽകി ദ്വിദിന ദേശീയ പണിമുടക്ക്

**രാ**ജ്യത്തെ അദ്ധ്വാനിക്കുന്ന ജനങ്ങൾ ഇക്കാലമത്രയും പണിതുണ്ടാക്കിയ പൊതുസ്വത്ത് അത്രയും കോർപ്പറേറ്റുകൾക്ക് കൈമാറുന്ന മോദി സർക്കാരിന്റെ നയങ്ങൾക്കെതിരെ, രണ്ട് ദിവസം തുടർച്ചയായി പണിമുടക്കിക്കൊണ്ട് ഇന്ത്യൻ തൊഴിലാളി വർഗ്ഗം അതിന്റെ കരുത്ത് കാട്ടിയിരിക്കുന്നു. ബിജെപി സർക്കാരിന്റെ തൊഴിലാളിവിരുദ്ധ, കർഷകവിരുദ്ധ, രാജ്യദ്രോഹ നയങ്ങൾക്കെതിരെ നടന്ന പൊതുപണിമുടക്കിൽ 25 കോടിയോളം തൊഴിലാളികൾ പങ്കെടുത്തുവെന്നാണ് റിപ്പോർട്ട്.

തമിഴ്നാട്, കേരളം, പുതുച്ചേരി, ആന്ധ്രപ്രദേശ്,തെലങ്കാന,ഒഡീഷ, ആസാം, ഹരിയാന, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പണിമുടക്ക് ബന്ദിന് സമാനമായ സാഹചര്യമുണ്ടാക്കി. മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, ഛത്തീസ്ഘഢ്, പഞ്ചാബ്, ബീഹാർ, രാജസ്ഥാൻ, പശ്ചിമ ബംഗാൾ, മേഘാലയ, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ വ്യവസായ മേഖലകൾ സമ്പൂർണ്ണമായി സ്തംഭിക്കുകയുണ്ടായി. ഡൽഹി, ഹിമാചൽ പ്രദേശ്, ഗുജറാത്ത്, ജമ്മു-കാശ്മീർ എന്നിവിടങ്ങളിലെ വ്യവസായ തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കി. ബാങ്ക്, ഇൻഷ്വറൻസ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ പൂർണ്ണമായും അടച്ചിടപ്പെട്ടു. കൽക്കരി, ഉരുക്ക്, ചണം, തോട്ടം മേഖലാ തൊഴിലാളികൾ പണിമുടക്കിൽ സജീവമായിരുന്നു. എസ്മ പോലുള്ള കരിനിയമങ്ങളെയും ഹൈക്കോടതിയുടെ പണിമുടക്ക് നിരോധന ഉത്തരവുകളെയും നേരിട്ടുകൊണ്ട് തൊഴിലാളികൾ പണിമുടക്ക് വിജയിപ്പിച്ചു. തപാൽ, ബിഎസ്എൻഎൽ, ആദായ നികുതി ജീവനക്കാരും കേന്ദ്ര-സംസ്ഥാന സർവ്വീസ് ജീവനക്കാരും, വൈദ്യുതി മേഖലയിലെ തൊഴിലാളികളും മറ്റ് ജീവനക്കാരും പണിമുടക്കിൽ രണ്ട് ദിവസവും ഉറച്ചു നിന്നു. നിർമ്മാണം, ചുമട്ട്, കൈത്തറി, നെയ്ത്ത്, ഗതാഗതം, ഗാർഹികം, വഴിയോരക്കച്ചവടം തുടങ്ങിയ അസംഘടിത മേഖലയും ചെറുകിട-ഇടത്തരം ഉല്പാദക യൂണിറ്റുകളും പൂർണ്ണമായും നിശ്ചലമായി. സിക്കിമിലെ സെക്യൂരിറ്റി തൊഴിലാളികൾ മുതൽ തീരപ്രദേശങ്ങളിലെ മത്സ്യ തൊഴിലാളികൾവരെ പണിമുടക്കിൽ പങ്കാളികളായി. ആശ, അംഗൻവാടി, ഉച്ചഭക്ഷണ സ്കീം തൊഴിലാളികൾ പണിമുടക്കിൽ സജീവമായി പങ്കെടുത്തു. സംയുക്ത കർഷക മോർച്ച പണിമുടക്കിനെ പിന്തുണച്ചുകൊണ്ട് പ്രഖ്യാപിച്ച ഗ്രാമീണ ഹർത്താലിൽ കർഷക തൊഴിലാളികൾ ഉൾപ്പെടെയുള്ള കാർഷിക മേഖല പണിമുടക്കിക്കൊണ്ട് തൊഴിലാളി-കർഷക ഐക്യം ബലപ്പെടുത്തി.

ഡയ്സ്നോൺ ബാധകമാക്കണമെന്നും, കൊച്ചി ബിപിസിഎല്ലിലും പാലക്കാട്ടെ ബെമലിലും കാക്കനാട്ടെ സെസ്സിലും പണിമുടക്ക് നിരോധിച്ചുകൊണ്ടും കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുകളെ അതിജീവിച്ചുകൊണ്ട് തൊഴിലാളികളും ജീവനക്കാരും പണിമുടക്കിൽ അണിനിരന്നു.

ഐതിഹാസികമായ ഡൽഹി കർഷകസമരത്തിന്റെ വിജയം തൊഴിലാളികൾക്കിടയിലും വമ്പിച്ച ആത്മവിശ്വാസം സൃഷ്ടിച്ചിരിക്കുന്നു. രാജ്യത്ത് പണിയെടുക്കുന്നവരുടെ ജീവിത സാഹചര്യം അത്രമേൽ ഞെരിഞ്ഞമർന്നിരിക്കുന്നു. സംഘടിതമേഖലയും സർക്കാർ-പൊതു മേഖലകളും, കരാർ തൊഴിലും നിശ്ചിതകാല തൊഴിലും പിടിമുറുക്കിയിരിക്കുന്നു. യഥാർത്ഥ കൂലിയുടെ അടുത്തെങ്ങുമെത്താത്ത അംഗീകൃത മിനിമം കൂലിപോലും ഇത്തരം തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അദ്ധ്വാനിക്കുന്നവർക്കിടയിൽ നുരഞ്ഞുപൊന്തുന്ന ആധിയും രോഷവും പണിമുടക്കിൽ എങ്ങും ദൃശ്യമായിരുന്നു. തൊഴിലാളികൾ ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങൾക്കും ദുസ്സഹമായ ജീവിത സാഹചര്യം സൃഷ്ടിക്കുകയും, കോർപ്പറേറ്റുകൾ ഉൾപ്പെടെയുള്ള ഒരു ചെറുപക്ഷത്തിന് രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ കവർന്ന് നല്കുകയും ചെയ്യുന്ന ഭരണവർഗ്ഗത്തിനെതിരെ കടുത്ത അമർഷം ജനങ്ങൾക്കിടയിൽ പുകയുകയാണ്.

സംയുക്ത ട്രേഡ് യൂണിയൻ സമിതി മുന്നോട്ടുവച്ച പ്രധാനപ്പെട്ട 10 ഡിമാന്റുകളും പണിയെടുക്കുന്നവരുടെയും ബഹുജനങ്ങളുടെയും ജീവിത യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്നവയാണ്. കേന്ദ്ര ബിജെപി സർക്കാർ രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സകല ആസ്തികളും സമ്പത്തും പ്രകൃതിവിഭവങ്ങളും സ്വദേശത്തും വിദേശത്തുമുള്ള കോർപ്പറേറ്റുകൾക്ക് പതിച്ചു നൽകുകയാണ്. രാജ്യത്ത് നിലവിലുണ്ടായിരുന്ന സുപ്രധാനങ്ങളായ 29 കേന്ദ്ര തൊഴിൽ നിയമങ്ങൾ റദ്ദാക്കുകയും, കോർപ്പറേറ്റുകളുടെ ഇംഗിതങ്ങൾക്കനുസരിച്ച് നാല് ലേബർ കോഡുകളാക്കി പാർലമെന്റിൽ പാസ്സാക്കുകയും ചെയ്തു. ഇതിലൂടെ തൊഴിലാളികളുടെ തൊഴിലവകാശങ്ങളും ട്രേഡ് യൂണിയൻ- സംഘടനാ അവകാശങ്ങളും നിഷേധിച്ചിരിക്കുന്നു. ഈ തൊഴിലാളി വിരുദ്ധ കോഡുകൾക്ക് സംസ്ഥാന സർക്കാരുകൾ റൂളുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. കോർപ്പറേറ്റുകളുടെ കൊടിയ ചൂഷണം സുഗമമാക്കാൻ കൊണ്ടുവന്ന "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്" നടപ്പാക്കിക്കൊണ്ട് തൊഴിലാളി താല്പര്യങ്ങളെ ചവിട്ടിമെതിക്കുകയാണ്. രാജ്യം കണ്ട ഏറ്റവും വലിയ തൊഴിലില്ലായ്മയാണ് യുവാക്കൾ അഭിമുഖീകരിക്കുന്നത്. പെട്രോൾ-ഡീസൽ വില നിത്യേന ഉയരുന്നു. നിത്യോപയോഗസാധന വിലയും വർദ്ധിക്കുന്നു. നിയമാനുസൃതമായ പിഎഫ് പെൻഷൻ നൽകാൻ വിസമ്മതിക്കുന്നു എന്നു മാത്രമല്ല, കഴിഞ്ഞ 44 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കായ 8.1 ശതമാനത്തിലേക്ക് പിഎഫ് പലിശ താഴ്ത്തുകയും ചെയ്തിരിക്കുന്നു. ബാങ്ക് സ്വകാര്യവൽക്കരണവും എൽഐസി വില്പനയും തകൃതിയായി നടക്കുന്നു. ഇത്തരമൊരു അതിരൂക്ഷമായ സാഹചര്യത്തിലാണ് പൊതുപണിമുടക്ക് പ്രഖ്യാപിക്കപ്പെട്ടത്.



**സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ ആഭിമുഖ്യത്തിൽ പണിമുടക്ക് ദിവസമായ മാർച്ച് 28ന് തിരുവനന്തപുരം നഗരത്തിൽ നടന്ന പ്രകടനം**

രാജ്യത്തെ തൊഴിലാളികളെ മാത്രമല്ല, ജനങ്ങളെ ആകമാനം ബാധിക്കുന്ന പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടാണ് ഈ പൊതു പണിമുടക്ക് നടന്നത്. കർഷകരും, യുവാക്കളും, വിദ്യാർത്ഥികളും, ഇടത്തരക്കാരും എല്ലാം പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ബിഎംഎസ് ഒഴികെയുള്ള പത്ത് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്തസമിതിയാണ് ഈ പൊതുപണിമുടക്ക് ആഹ്വാനം ചെയ്തത്.

സംയുക്ത ട്രേഡ് യൂണിയൻ സമിതിയിലെ അഞ്ചാമത്തെ യൂണിയനായ ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (എഐയുറ്റിയുസി) അഖിലേന്ത്യാ പ്രസിഡണ്ട് സഖാവ് കെ.രാധാകൃഷ്ണയും,ജനറൽസെക്രട്ടറി സഖാവ് ശങ്കർദാസ് ഗുപ്തയും പൊതുപണിമുടക്ക് വിജയിപ്പിച്ച മുഴുവൻ തൊഴിലാളികളെയും അഭിവാദ്യം ചെയ്യുകയുണ്ടായി. ഈ വിജയത്തെ ദൃഢീകരിച്ചുകൊണ്ട് കൂടുതൽ ഉയർന്ന അനിശ്ചിതകാല പ്രക്ഷോഭണത്തിന് തയ്യാറെടുക്കാൻ അവർ തൊഴിലാളികളോട് അഭ്യർത്ഥിക്കുകയും ചെയ്തു.

സംസ്ഥാനത്ത് സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ നേതൃത്വത്തിൽ 1000 ൽപരം സമര കേന്ദ്രങ്ങളിൽ കേന്ദ്രീകരിച്ച്, പണിമുടക്കിയ തൊഴിലാളികൾ രണ്ട് ദിവസവും ഒത്ത് ചേരുകയും പ്രകടനങ്ങളും റാലിയും നടത്തുകയും ചെയ്തു. പൊതു പണിമുടക്കുമായി ബന്ധപ്പെട്ട് ഏതാണ്ട് നാല് മാസക്കാലം വിവിധ തരത്തിലുള്ള പ്രചാരണ പരിപാടികൾ സംസ്ഥാനത്ത് നടക്കുകയുണ്ടായി. പണിമുടക്കിന് 14 ദിവസം മുമ്പുതന്നെ തൊഴിൽ സ്ഥാപനങ്ങളിൽ രേഖാമൂലം പണിമുടക്ക് നോട്ടീസ് നൽകുകയും ചെയ്തു. സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ പ്രവർത്തനങ്ങൾക്കു പുറമെ, എഐയുറ്റിയുസി യുടെയും അഫിലിയേറ്റഡ് യൂണിയനുകളുടെയും തനതായ ബാനറിലും നിരവധി പ്രചാരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടക്കുകയുണ്ടായി. വ്യാപകമായ ചുമരെഴുത്തും പോസ്റ്റർ പ്രചരണവും വളരെ മുൻകൂട്ടിതന്നെ നടത്തിയിരുന്നു. പണിമുടക്കിന്റെ ഡിമാന്റുകൾ അടങ്ങുന്ന ഡൽഹി കൺവൻഷൻ പ്രഖ്യാപനത്തിന്റെ പ്രചാരണവും സംസ്ഥാനത്തുടനീളം നടത്തി. വാഹന പ്രചരണ ജാഥകളും കോർണർ യോഗങ്ങളും നടത്തി.

രാജ്യത്തെ ജനങ്ങളുടെ നിലനില്പിനെ തന്നെ ബാധിക്കുന്ന പ്രശ്നങ്ങൾ മുൻനിർത്തിക്കൊണ്ട് അദ്ധ്വാനിക്കുന്ന മുഴുവൻ വിഭാഗങ്ങളും ഒന്നിച്ചു ചേർന്ന് നടത്തുന്ന ഇത്തരമൊരു പൊതു പണിമുടക്കിനോട് സംസ്ഥാനത്തെ മാദ്ധ്യമങ്ങൾ നിഷേധാത്മക സമീപനമാണ് പുലർത്തിയത്. ഭരണ വർഗ്ഗതാല്പര്യത്തിൽനിന്നും മാധ്യമങ്ങൾ മുക്തമല്ല എന്നിരിക്കിലും, കച്ചവട താല്പര്യത്തിന്റെ പേരിലെങ്കിലും നേരത്തെ നൽകിയിരുന്ന വാർത്താപ്രാധാന്യം ഈ പൊതു പണിമുടക്കിന് നൽകിയില്ല. മാത്രമല്ല, പണിമുടക്കിന് ആധാരമായ ഏതെങ്കിലും പ്രശ്നങ്ങൾ വാർത്തയാക്കുന്നതിനുപകരം, നിഷേധാത്മക വാർത്തകൾക്ക് വേണ്ടി കൂടുതൽ ഉത്സാഹം കാണിക്കുകയും ചെയ്തു. ഈ സാഹചര്യം, തൊഴിലാളി പ്രസ്ഥാനങ്ങളിൽനിന്നും കൂടുതൽ ഉയർന്ന നിലവാരവും ജാഗ്രതയും ആവശ്യപ്പെടുന്നുണ്ട്. ■

**വിലക്കയറ്റത്തിനും ചാർജ്ജ് വർദ്ധനവുകൾക്കുമെതിരെ...**



**ഇന്ധനവിലവർദ്ധനവിനും ചാർജ്ജ് വർദ്ധനവുകൾക്കും അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തിനുമെതിരെ തിരുവനന്തപുരത്ത് നടന്ന പ്രതിഷേധ പ്രകടനം**

SUCI COMMUNIST
75-ാം സ്ഥാപന വാർഷിക ദിനാചരണ യോഗം
ഏപ്രിൽ 25
വൈകിട്ട് 3 മണിക്ക്
കല്ലറയ്ക്കൽ ഹാൾ
കുണ്ടറ
മുഖ്യപ്രസംഗം:
സഖാവ് കെ.രാധാകൃഷ്ണ
(പൊളിറ്റ്ബ്യൂറോ മെമ്പർ)
അദ്ധ്യക്ഷൻ:
സഖാവ് ജയ്സൺ ജോസഫ്
(സംസ്ഥാന സെക്രട്ടേറിയറ്റംഗം)

Volume: 49 No: 1 |Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal. ■